# മേരിവിജയം






ചർമ്മരോഗങ്ങൾ
വരാതിരിപ്പാനും
വന്നതിനെ മാററുവാനും
**ചന്ദ്രിക** ഔഷധസോപ്പ്
പതിവായി ഉപയോഗിക്കുക

സുരഭിലമായ സ്നാനത്തിനും
നിർമ്മലമായ ചർമ്മത്തിനും




**അജന്ത**
നാല്പാമര
സോപ്പ്

**AJANTA CHEMICALS (REGD.) POONITHURA**

അഖിലകേരള സൊഡാലിററി മാസിക

പത്രാധിപർ: ഫാദർ ജെ. ചെമ്മണ്ണൂർ, ബി. ഏ.

ഒററപ്രതി: 17ന.പ.
ആണ്ടിൽ: 2 രൂപ.
(മുൻകൂർ)

# മേരീവിജയം

PHONE: 603
TRICHUR

പുസ്തകം XIV ★ 1964 ഏപ്രിൽ ★ ലക്കം IV

# പത്രാധിപപംക്തി

## വിജയിപ്പിക്കുക

കേരളത്തിലെ മരിയാസഖ്യങ്ങൾക്ക് സുപ്രതീക്ഷകളുടെ സുപ്രഭാതം പൊട്ടിവിടരുവാൻ പോകയാണ്; മരിയാസഖ്യതരുതാരും തളിരുമേന്തി മധുരഫലങ്ങൾ പുറപ്പെടുവിക്കുവാൻ വെമ്പൽകൊള്ളുകയാണ്; കാരണം, ഇദംപ്രഥമമായി അഖിലകേരളാടിസ്ഥാനത്തിൽ മരിയാസഖ്യത്തിൻെറ ഔദ്യോഗികമായ സമ്മേളനങ്ങളും പ്രകടനങ്ങളും ഏപ്രിൽ 12 മുതൽ 19 വരെ നടത്തുവാൻ പ്ലാനിട്ടുകഴിഞ്ഞിരിക്കുന്നു. അന്യത്ര പ്രസിദ്ധീകരിച്ചിരിന്ന കേരളാ റീജിയനൽ പ്രമോട്ടരുടെ വിജ്ഞാപനത്തിൽനിന്ന് ഇക്കാര്യം മനസ്സിലാക്കാവുന്നതാണല്ലൊ. റീജിയനൽ പ്രമോട്ടർമാരുടേയും, കേരളത്തിലെ രൂപതാ പ്രമോട്ടർമാരുടെയും, ഡയറക്ടർമാരുടേയും, ബ. സിസ്റ്റർ മോഡറേററർമാരുടേയും, സഖ്യപ്രതിനിധികളുടേയും മററും ചർച്ചായോഗങ്ങൾക്കും സ്റ്റഡിക്ലാസ്സുകൾക്കും പുറമെ അവസാനദിവസമായ 19_ാംനു- ഞായറാഴ്ച, സഖ്യാംഗങ്ങളുടെ ഗംഭീരറാലിയും പൊതുസമ്മേളനവും കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്. മരിയാസഖ്യങ്ങൾക്കു കൈവന്നിരിക്കുന്ന ഈ അസുലഭാവസരത്തെ വേണ്ടവിധം വിനിയോഗിക്കുവാൻ അവർ പരിശ്രമിക്കുമല്ലൊ. എല്ലാ സഖ്യങ്ങളും പ്രതിനിധികളെ അയച്ചുകൊണ്ടും സാമ്പത്തികസഹായം നൽകിക്കൊണ്ടും ചർച്ചകളിലും പ്രകടനങ്ങളിലും സജീവമായി പങ്കെടുത്തുകൊണ്ടും ഈ 4_ാം ശതാബ്ദജൂബിലി സമ്മേളനങ്ങൾ വിജയിപ്പിക്കുകയും അതുവഴി കേരളത്തിലെ മരിയാസഖ്യപ്രവത്തനങ്ങൾക്ക് ഒരു നവജീവൻ നൽകുകയും ചെയ്യുവാൻ മുന്നോട്ടു വരട്ടെ.



ഈ മഹദ്സംരംഭത്തിനു മുന്നിട്ടിറങ്ങിയ കേരളാ റീജിയനൽ പ്രൊമോട്ടറേയും അദ്ദേഹത്തിൻെറ സഹപ്രവത്തകരായ രൂപതാ പ്രൊമോട്ടർമാരേയും ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുകയും അവരുടെ പരിപാടികൾ നൂറുശതമാനവും വിജയിക്കട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## മംഗളാശംസകൾ!

തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് തിരുമേനിയുടെ നാമഹേതുകനായ വി. ഗീവർഗ്ഗീസ് സഹദായുടെ തിരുനാളാണ് ഏപ്രിൽ ഇരുപത്തിമൂന്നാം തീയതി. തൃശ്ശൂർ മെത്രാൻെറ തിരുനാൾ എന്നതിനേക്കാൾ മേരിവിജയപിതാവിൻെറ തിരുനാൾ എന്ന നിലയിൽ ഏപ്രിലിരുപത്തിമൂന്ന് ഞങ്ങൾക്കേററവും പ്രിയപ്പെട്ടതാണ്. മേരിവിജയത്തിൻെറ ജനയിതാവും തലതൊട്ടപ്പനും വളർത്തുപിതാവും എല്ലാം ആലപ്പാട്ടു തിരുമേനിയാണെന്ന വസ്തുത "വിജയ"ബന്ധുക്കളിൽ ചിലർ അറിഞ്ഞിരിക്കയില്ല. നാമഹേതുകത്തിരുനാളിൽ ഞങ്ങൾ വന്ദ്യപിതാവിനു മംഗളങ്ങൾ ആശംസിക്കുകയും പൈതൃകാശീർവ്വാദത്തിനായി ശിരസ്സു കുനിക്കുകയും ചെയ്യുന്നു.

---

കവർചിത്രം: "അമ്മേ, ഞങ്ങളൊരു ഫുട്ബാൾ മാച്ചിനു പോയ്‌വരട്ടെ."

# ചില പ്രശ്നങ്ങൾ

**(ജോസഫ് ചാക്കോ ബി. എ., ബി. ടി.)**

മരിയാസഖ്യസ്ഥാപനത്തിന്റെ നാലാം ശതാബ്ദജൂബിലി പ്രമാണിച്ചു് അഖിലകേരളാടിസ്ഥാനത്തിൽ ചില ആഘോഷപരിപാടികൾ ഈ ഏപ്രിൽ മാസത്തിൽ നടത്തുവാൻ പോകുന്നുവെന്നു കേട്ടപ്പോൾ ഒരു പഴയ മരിയസഖ്യാംഗമായ ഈയുള്ളവന്റെ ഉള്ളൊന്നു കുളിർത്തു; സന്തോഷം തിരതല്ലി; ഇദംപ്രഥമമായ ഈ സംരംഭം വിജയിക്കട്ടെ എന്നു് ഉള്ളഴിഞ്ഞു പ്രാർത്ഥിക്കയും ചെയ്തു.

അതോടൊപ്പം, കേരളത്തിലെ മരിയാസഖ്യപ്രസ്ഥാനം ഇനിയും ഉദ്ദിഷ്ടഫലം പുറപ്പെടുവിക്കാതെ, പ്രവർത്തനരഹിതമായി, നിഷ്ക്രിയമായി, അല്ലെങ്കിൽ, ചിതറിയ ചില പ്രവർത്തനങ്ങൾ മാത്രം നിർവ്വഹിച്ചുകൊണ്ടു്, "ഭക്തിയും" "സംഘടനയും" ഇല്ലാത്ത ഒരു ഭക്തസംഘടനയായിമാത്രം നിലകൊള്ളുന്നതിന്റെ കാരണങ്ങളെപ്പററിയും അല്പനേരം ചിന്തിച്ചുപോയി. ആ ചിന്തയുടെ ഫലങ്ങളാണു് താഴെ കുറിക്കുന്നതു്.

### 1. കുട്ടികൾ മാത്രമോ?

16 വയസ്സുവരെ മാത്രം സൊഡാലിററിയിൽ അംഗമായിരുന്നാൽ മതിയെന്നാണത്രെ പല സ്ഥലങ്ങളിലേയും അലിഖിതനിയമം. അതു കഴിഞ്ഞാൽ, സഖ്യത്തെ ഉപേക്ഷിച്ചു വിൻസെൻറ് ഡി പോൾ സംഘത്തിലോ, മൂന്നാം സഭയിലോ, ലീജിയൻ ഓഫ് മേരിയിലോ, അമ്മസംഘടനയിലോ മററു വല്ല ക്ലബ്ബുകളിലോ ചേർന്നാൽ മതിയത്രെ. എന്തൊരു ചിന്താക്കുഴപ്പം! മരിയൻ സൊഡാലിററി സ്ഥാപിതമായിരിക്കുന്നതു് മുതിർന്നവർക്കുവേണ്ടിയാണു്; ആരംഭം മുതലേ അങ്ങനെയായിരുന്നു. ഇന്നും എല്ലാ രാജ്യങ്ങളിലും അങ്ങനെയാണുതാനും. കേരളത്തിൽ മാത്രമാണു "സൊഡാലിററിക്കുട്ടികൾ" ഉള്ളതു. ടീച്ചേർസ് സൊഡാലിററി, നഴ്സ്മാരുടെ സൊഡാലിററി, അമ്മമാരുടെ സൊഡാലിററി എന്നു തുടങ്ങി, വക്കീൽമാർ, ഡോക്ടർമാർ, കോളെജുവിദ്യാർത്ഥികൾ, ഫാക്ടറിത്തൊഴിലാളികൾ, ഉദ്യോഗസ്ഥന്മാർ, എന്നീ പ്രത്യേക ജോലികളും ജീവിതസ്ഥിതിയും പുലർത്തുന്നവർക്കെല്ലാം തന്നെ പ്രത്യേക സൊഡാലിററികൾ ലോകത്തിലെവിടേയും പ്രവർത്തിക്കുന്നുണ്ടു്. ഒരു സഖ്യാംഗം പ. മറിയത്തിനു സ്വയം പ്രതിഷ്ഠിക്കുന്നതു്, കുട്ടിക്കാലത്തേക്കു മാത്രമല്ല, പ്രത്യുത ജീവിതാന്ത്യംവരേയ്ക്കും ആണെന്നുള്ള പരമാർത്ഥം നാം മറക്കരുതു്. എറണാകുളത്തു് നടത്തുവാൻ പോകുന്ന ചർച്ചകളിൽ ഇക്കാര്യം ഉൾപ്പെട്ടുകാണുവാൻ ആഗ്രഹിക്കുന്നു. കുട്ടികൾ മാത്രം മതിയോ സൊഡാലിററിയിൽ? എന്തുകൊണ്ടാണു് മുതിർന്നവർ സൊഡാലിററിയിൽ നിലനില്ക്കാത്തതു്? മുതിർന്നവർക്കുള്ള Profes-sinal Sodalities കേരളത്തിൽ സ്ഥാപിച്ചുകൂടേ? എന്നുതുടങ്ങി പല വിഷയങ്ങളെക്കുറിച്ചും ചർച്ച നടത്താവുന്നതാണു്.

### 2. തിരഞ്ഞെടുപ്പ് (Selection)

കേരളത്തിലെ മരിയാസഖ്യങ്ങൾക്കു വന്നുഭവിച്ചിരിക്കുന്ന വലിയൊരു കെടുതി, അംഗങ്ങളുടെ തിരഞ്ഞെടുപ്പിലുള്ള വലിയ അനാസ്ഥയാണു്. ആദ്യകുർബ്ബാനസ്വീകരണം കഴിഞ്ഞ ഉടനെ എല്ലാവരേയും കൂട്ടമായി സഖ്യത്തിൽ താൽക്കാലികാംഗങ്ങളായി ചേർത്തു് പച്ചപ്പീത്ത കൊടുക്കുക, ആറു മാസമോ ഒരു കൊല്ലമോ കഴിയുമ്പോൾ കൂട്ടമായി അവരെ എല്ലാവരേയും നീലപ്പീത്ത നൽകി സ്ഥിരാംഗങ്ങളായി സ്വീകരിക്കുക എന്നിങ്ങനെയുള്ള ഒരു പരിപാടിയാണു് പലയിടത്തും കാണുന്നതു്. "വെറും സാധാരണജീവിതംകൊണ്ടു തൃപ്തിപ്പെടാതെ നിയമാവലിയിൽ അനുശാസിക്കുന്ന തപശ്ചര്യകളും ആദ്ധ്യാത്മികാഭ്യാസങ്ങളും അനുസരിച്ചു് തങ്ങളുടെ ഹൃദയംകൊണ്ടു് ഉന്നതാദർശങ്ങളെ കൈവരിച്ചിട്ടുള്ളവരെ മാത്രം സഖ്യത്തിൽ ചേർക്കുവാൻ ശ്രദ്ധപതിക്കേണ്ടതാണു്" എന്നു് "ബിസ് സെക്കുലാരി"യിൽ 12-ാം പീയൂസ് മാർപ്പാപ്പ അനുശാസിക്കുന്നുണ്ടു്. നിയമാവലിയിൽ, പുതുതായി ചേരുന്ന അംഗങ്ങൾക്കു് ഒരു പരിശീലനഘട്ടവും, പരിശീലനം നല്കുവാൻ ഒരു ഉദ്യോഗസ്ഥനും (Instructor of Candidates) മററും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടു്. പരിശുദ്ധ മറിയത്തിനുള്ള സ്വയംപ്രതിഷ്ഠയുടെ അർത്ഥവും വ്യാപ്തിയും നല്ലതുപോലെ മനസ്സിലാക്കുവാനുള്ള പ്രായവും പരിശീലനവും പുതുതായി സ്വീകരിക്കപ്പെടുന്നവർക്കു ഉണ്ടായിരിക്കണം. ഈ വിഷയവും എറണാകുളം ചർച്ചകളിൽ ഉന്നയിക്കപ്പെടുമെന്നു് പ്രതീക്ഷിക്കുക.

### 3. ഗ്രൂപ്പുപ്രവർത്തനം

അൾത്താരശുശ്രൂഷ, കത്തോലിക്കാ പ്രസിദ്ധീകരണപ്രചരണം, വാർഷികങ്ങളും കലാപരിപാടികളും, മിഷൻ പ്രവർത്തനം, സാധുസംരക്ഷണം, വേദോപദേശം എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങൾക്കായി വിവിധ ഗ്രൂപ്പുകൾ സൊഡാലിററിയിൽ പ്രവർത്തിക്കണമെന്നു് നിയമാവലി അനുശാസിക്കുന്നുണ്ടു്. പക്ഷേ, നമ്മുടെ മിക്ക സഖ്യങ്ങളും യാതൊരു ഗ്രൂപ്പുപ്രവർത്തനത്തിനും തുനിയുന്നില്ല എന്തെങ്കിലും പ്രവർത്തനങ്ങൾക്കായി അവരെ ആഹ്വാനംചെയ്താൽ അവർക്കു് അക്കാര്യത്തിൽ യാതൊരു ഉത്സാഹവും കാണുന്നുമില്ല. കൊച്ചുകുട്ടികളായതുകൊണ്ടും, നേതൃത്വമില്ലാത്തതുകൊണ്ടും മററുമായിരിക്കാം ഈ അനാസ്ഥ. പക്ഷേ, ഈ പ്രവർത്തനരാഹിത്യം കാണുമ്പോൾ, അവരുടെ ഭക്തകർമ്മാനുഷ്ഠാനങ്ങളെല്ലാം വെറും പൊള്ളയല്ലേ എന്നു സം

*(ശേഷം 126-ാംപേജ് കാണുക)*

## മരിയൻ സൊഡാലിററി

# 4-ാം ശതാബ്ദ ജൂബിലി

## കേരളാടിസ്ഥാനത്തിൽ ആഘോഷങ്ങൾ

— ഫാദർ ചുമ്മാർ വടക്കുട്ട് S. J., കേരളാ റീജിയനൽ പ്രൊമോട്ടർ —

മരിയൻ സൊഡാലിററിയുടെ നാലാം ശതാബ്ദജൂബിലി അഖിലകേരളാടിസ്ഥാനത്തിൽ ആഘോഷിക്കണമെന്ന്, 1964 ജനുവരി 25-ാംതീയതി, ആലപ്പുഴ ലിയോ തർട്ടീന്ത് ഹൈസ്കൂളിൽ ചേർന്ന, കേരളത്തിലെ രൂപതാ പ്രൊമോട്ടർമാരുടെ സമ്മേളനത്തിൽ തീരുമാനിക്കുകയുണ്ടായി. ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് 1964 ഏപ്രിൽ 12 മുതൽ 19 വരെ ഒരു സൊഡാലിററി വാരം ആഘോഷിക്കണമെന്നും തീരുമാനിച്ചു. അതനുസരിച്ച് ഏപ്രിൽ 12, 13, 14 തീയതികളിൽ ഇൻഡ്യയിലെ റീജിയണൽ പ്രൊമോട്ടർമാരുടേയും, 14, 15, തീയതികളിൽ കേരളാ റീജിയണിലെ രൂപതാ പ്രൊമോട്ടർമാരുടേയും, 16-ാം തീയതി വ്യാഴാഴ്ച, കേരളത്തിലെ വിവിധ ഇടവകകളിലെ ബ: ഡയറക്ടർ അച്ചന്മാരുടെയും ചർച്ചാസമ്മേളനം മംഗലപ്പുഴ സെമിനാരിയിൽവെച്ചും, 16-ാം തീയതി വിവിധ ഇടവകളിലേയും സ്ഥാപനങ്ങളിലേയും ബ. സിസ്റ്റർ മോഡറേററർമാരുടെ ചർച്ചാസമ്മേളനം എറണാകുളം സെൻറ് തെരീസാസ് കോളെജിൽവച്ചും നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. 18, 19 തീയതികളിൽ എറണാകുളം സെൻറ് ആൽബർട്ട്സ് പരിസരങ്ങളിൽവച്ചും അഖില കേരളാടിസ്ഥാനത്തിൽ വിവിധ ഇടവകകളിൽനിന്നുള്ള സൊഡാലിററി പ്രതിനിധികൾക്കായി സ്റ്റഡിക്ലാസ്സുകളും 19-ാംതീയതി ഞായറാഴ്ച, ഉച്ചകഴിഞ്ഞുള്ള സായംകാലബലിയെ തുടന്ന്, ഇടവകകളിൽനിന്നുള്ള എല്ലാ സൊ.ഡാലിററി അംഗങ്ങളുടെയും പൊതുസമ്മേളനവും, പട്ടണം ചുററിയുള്ള റാലിയും, കലാപരിപാടികളും നടത്തണമെന്നും തീരുമാനിച്ചിട്ടുണ്ട്. ഈ സൊഡാലിററിവാരാഘോഷത്തിൻെറ സർവ്വതോന്മുഖമായ വിജയത്തിനായി ബ. ഇടവക വികാരിമാർ, സ്ഥാപനങ്ങളുടെ ബ. ശ്രേഷ്ഠന്മാർ, ബ. ശ്രേഷ്ഠത്തികൾ, സൊഡാലിററി സഖ്യങ്ങളിലെ സീനിയർ-ജൂനിയർ അംഗങ്ങൾ മുതലായി എല്ലാ മരിയഭക്തരുടേയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊള്ളുന്നു. മരിയാംബികയിൽനിന്നു സൊഡാലിററിവഴി കേരളക്കരയ്ക്ക് സിദ്ധിച്ചിട്ടുള്ള വിവിധ അനുഗ്രഹസഹായങ്ങൾക്ക പരസ്യമായി കൃതജ്ഞത പ്രകാശിപ്പിക്കുവാനും നമ്മുടെ മരിയാസഖ്യത്തിന് പുതുജീവനും നവചൈതന്യവും നല്കുവാനും വേണ്ടിയാണ് ഈ ആഘോഷപരിപാടികൾ ഉദ്ദേശിതമായിരിക്കുന്നതെന്നതും അറിയിച്ചുകൊള്ളട്ടെ.

മംഗലപ്പുഴ സെമിനാരി, സെൻറ് തെരീസാസ് കോളെജ്, സെൻറ് ആൽബർട്ട്സ് ഹൈസ്കൂൾ എന്നീ കേന്ദ്രങ്ങളിൽ വച്ചു നടക്കുന്ന ചർച്ചാസമ്മേളനങ്ങളിലും സ്റ്റഡിക്ലാസ്സുകളിലും മരിയശാസ്ത്രവിദഗ്ദ്ധന്മാരും സൊഡാലിററിപ്രവർത്തനത്തിൽ പ്രാവീണ്യം സിദ്ധിച്ചിട്ടുള്ളവരുമായ ഉന്നതവ്യക്തികൾ ക്ലാസ്സുകൾ നൽകുന്നതായിരിക്കും. സമാപനസമ്മേളനത്തിൽ അഖിലേന്ത്യാ പ്രശസ്തിയാർജ്ജിച്ചിട്ടുള്ള വൈദികമേലദ്ധ്യക്ഷന്മാരുടെ മഹനീയസാന്നിദ്ധ്യത്തിനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ അഭിവന്ദ്യതിരുമേനിമാർ എല്ലാവരും നമ്മുടെ ഈ സൽസംരംഭത്തിന് അനുഗ്രഹാശീർവ്വാദങ്ങൾ നൽകുകയും പ്രോത്സാഹനങ്ങൾ വാഗ്ദാനംചെയ്യുകയും ചെയ്തിട്ടുണ്ട്.

## അഭ്യർത്ഥന

### 1. ബ. ഇടവക ഡയറക്ടർമാരോട്.

സഖ്യത്തിൻെറ പ്രവർത്തനത്തെക്കുറിച്ച് മംഗലപ്പുഴ സെമിനാരിയിൽവച്ച് ഏപ്രിൽ 16-ാംതീയതി നടത്തുന്ന ചർച്ചാസമ്മേളനത്തിൽ ബ. ഡയറക്ടർമാർ എല്ലാവരും സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

18, 19, തീയതികളിൽ സെൻറ് ആൽബർട്ട്സിൽ നടക്കുന്ന സ്റ്റഡിക്ലാസ്സുകളിലേയ്ക്ക് ഓരോ ശാഖയിൽനിന്നും ചുരുങ്ങിയപക്ഷം രണ്ടു പ്രതിനിധികളെയെങ്കിലും അയയ്ക്കണമെന്നഭ്യർത്ഥിക്കുന്നു. 19-ാം തീയതി ഉച്ചതിരിഞ്ഞു നടക്കുന്ന പൊതുസമ്മേളനത്തിലും റാലിയിലും ആവുന്നത്ര അംഗങ്ങളെ പ്രോത്സാഹിപ്പിച്ചയക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

2. ബ. സിസ്റ്റർ മോഡറേറർമാരോട്.

ഇടവകകളിലേയും സ്ഥാപനങ്ങളിലേയും സൊഡാലിററിപ്രവർത്തനവുമായി ബന്ധപ്പെട്ടു കഴിയുന്ന ബ. സഹോദരിമാരെ ഉദ്ദേശിച്ച് സെൻറ് തെരീസാസ് കോളെജിൽ വച്ച് ഏപ്രിൽ 16-ാം തീയതി നടത്തുന്ന ചർച്ചാസമ്മേളനത്തിൽ സൗകര്യമുള്ള എല്ലാവരും സംബന്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

3. സൊഡാലിററി അംഗങ്ങളോട്.

കേരളാ സൊഡാലിററിയുടെ ചരിത്രത്തിൽ ആദ്യത്തേതായ ഈ ആഘോഷപരിപാടിയുടെ വിജയം നിങ്ങൾ ഓരോരുത്തരുടേയും ആത്മാർത്ഥമായ സഹകരണത്തിലും സഹായത്തിലുമാണ് അടങ്ങിയിരിക്കുന്നത്. നമ്മുടെ ഈ സംരംഭം അനുഗ്രഹദായകവും വിജയപ്രദവുമാകുന്നതിനു നിങ്ങൾ ഇന്നുമുതൽ നമ്മുടെ സ്വർഗ്ഗീയമദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമാതാവിനോട് പ്രത്യേകമായി പ്രാർത്ഥിക്കുകയും മററുള്ളവരെക്കൊണ്ട് പ്രാർത്ഥിപ്പിക്കുകയും വേണം. അതോടൊപ്പം, പണച്ചെലവുള്ള ഈ സംരംഭത്തെ അകമഴിഞ്ഞു സഹായിക്കുകയും ചെയ്യണമെന്നു വിനീതമായി അഭ്യർത്ഥിക്കുന്നു. അതിനായി ഓരോ ശാഖയും രണ്ടു രൂപയിൽ കുറയാത്ത ഒരു തുക ഉടനെ നിങ്ങളുടെ രൂപതാ പ്രൊമോട്ടർക്ക് അയച്ചുകൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. പ്രതിനിധികളായി ചർച്ചാസമ്മേളനത്തിൽ സംബന്ധിക്കുവാൻ വരുന്ന അംഗങ്ങൾക്ക്, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം, താമസസൗകര്യവും ഭക്ഷണവും എറണാകുളത്ത് ഇടപാടുചെയ്തിട്ടുണ്ട്. ഒരംഗം ഒരു ദിവസം 1.50 അതിലേയ്ക്കു നൽകേണ്ടതാണ്.

എല്ലാ മരിയഭക്തന്മാരുടേയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു. മരിയാംബിക നമ്മെ അനുഗ്രഹിക്കട്ടെ.

സൊഡാലിററി ഒപ്പീസ്

★

അമലോത്ഭവമാതാവിന്റെ ചെറിയ ഒപ്പീസുപുസ്തകം രണ്ടാംപതിപ്പ് തയ്യാറായിരിക്കുന്നു. വില 5 പൈസ.

നൂറിനുമേൽ 20% കമ്മീഷൻ.

പ്രസാധകർ:

യൂണിയൻ പ്രസ്സ്

മരിയാപുരം, തൃശ്ശൂർ-5.

*Directors' Column*

## For a Large Sodality

The Director of a large Sodality, will first need to study as deeply and as extensively as possible the Sodality itself. Let him spare no labor in this. It will be compensated for by the many pleasant surprises his interest in the Sodality will reveal to him and by the power for good he will find in the Sodality. The Sodality opens before him a vast field for his activity and initiative. Its very Rules are not binding chains, but rather landmarks which enable him to ascertain his position in the vast domain where his zeal is to be deployed. His zeal must adapt itself continually, it must mold its action according to the infinitely variable circumstances of time, persons, and places and adjust itself to practical possibilities. It is therefore, only by an exact and intimate knowledge of the Sodality, of its characteristics, its end, and its means of action that he will be able to utilize its varied resources with such freedom and perfect flexibility, with the assurance that he is in no way departing from the spirit of the Sodality.

First of all the history of Sodality presents to us the means *Par excellence*, of acquiring a thorough and more truthfully exact knowledge of the Sodality than can be gained from theoretical treatises. To speak more precisely; it is only through history that the theoretical treatises can be certainly and accurately understood. In fact, only the history of the Sodality, of its origins, its prosperity, its successes, its struggles, its fruitfulness, the favors which it has received from the Church, the hostility with which the enemies of the Church have persecuted and continue to persecute it—only the history of all this can give to us the clue to that powerful vitality which the most detailed study of the theoretical organization, without history, would never tell us.

**Rev. EMILE VILLARET S. J.**




## VII. പട്ടണം കണ്ടോ? വെള്ളരിങ്ങാപട്ടണം!

വസന്തം വന്നു. മരമായ മരമെല്ലാം പുഷ്പിച്ചു; പൂവായ പൂവെല്ലാം കായിട്ടു. തളിരില മൂക്കുകയും, മൂപ്പെത്തിയവ പഴുത്തു പൊഴിയുകയും ചെയ്തു. റാക്കേറപ്പായിയുടേയും മത്തായിച്ചൻേറയും മുമ്പിൽ പ്രഭാതവും പ്രദോഷവും മാറിമാറി കനകകുംഭങ്ങൾ ചുവന്നുകൊണ്ടുവന്നു. ചക്രവാളത്തിൻെറ വക്രരേഖയിൽ എന്നുമെന്നും കുറെ തങ്കച്ചാറു തൂകിക്കിടക്കും. വെള്ളിയും പൊന്നുംകൊണ്ടുണ്ടാക്കിയ നാണയങ്ങളും നീലാകാശത്തിൻെറ നെടുമുററത്തു ചിതറിക്കാണാറുണ്ട്. അതെല്ലാം കൈയെത്താത്തത്ര അകലത്തിലാണ്. ആശയുടെ കുഞ്ഞിച്ചിറകു വിരിച്ചാൽ അങ്ങോട്ടു പറന്നെടുക്കാനാവില്ല.

ഒട്ടും മടുക്കാതെ പണിയെടുക്കുന്ന ഒരു ജോഡി ചക്കാളകളാണവർ. അവർ നടന്നു പിൻതള്ളിയ വഴിയുടെ ആകെ നീളം ആരുണ്ടളന്നുനോക്കാൻ? അവിടെയെങ്ങും നാഴികക്കല്ലുകളില്ല. ഛോലവൃക്ഷങ്ങളുമില്ല. നീണ്ടനീണ്ട ഈ നടപ്പിനുശേഷവും അവർ പുറപ്പെട്ടിടത്തുതന്നെ നില്ക്കുകയാണ്. ഹതഭാഗ്യരായ ചക്കാളകൾ!

ഈ തടങ്കലിൽ നിന്ന് അവക്കൊന്നു മോചനം പ്രാപിക്കണം. ഏതു ജോലിയും ചെയ്യാം. സ്വാതന്ത്ര്യമില്ലാത്ത ഈ ജീവിതമാണു ദുസ്സഹം.

"ചിന്നമ്മേ!" ഒരു പ്രഭാതത്തിൽ റപ്പായി പറഞ്ഞു. "ഞങ്ങളുടെ കണക്കൊന്നു നോക്കണമല്ലോ"

"എന്തോ കണക്ക്?"

"പണിക്കൂലിയിനത്തിൽ ഞങ്ങൾക്കു വരാനുള്ളതു തരണം."

"നാലു നേരം ചിക്കനെ തിന്നുന്നതു പോരെ?"

"നാട്ടിലൊക്കെ ചെലവു കഴിച്ച് ഒന്നര രൂപാ കൂലിയുണ്ട്."

"ചെലവില്ലാതെയോ?"

"രണ്ടു രൂപാ."

ചിന്നമ്മ അകത്തേയ്ക്കു പോയി. ഒരു കണക്കുബുക്കെടുത്ത് അവൾ തിരിച്ചും മറിച്ചും നോക്കി. മറെറാരു കടലാസ്സിൽ എന്തൊക്കെയോ എഴുതിക്കൂട്ടുകയും ചെയ്തു. എന്തായിരിക്കുമോ അവളുടെ അടുത്ത മറുപടി. പത്തിരുപതു മിനിട്ടു കഴിഞ്ഞു. ഏതാനും കറൻസിനോട്ടുകളുമായി അവൾ തിരച്ചുവന്നു.

"ഇതാ" എഴുപത്തെട്ടുരൂപ്പിക അവൾ വച്ചുനീട്ടി. കൂടെ ഒരു കടലാസുതുണ്ടും. അവർ വന്നിട്ടു നൂററിയേഴു ദിവസമായി. ഞായറാഴ്ചയും മററവധിദിവസങ്ങളുമുൾപ്പെടെ ജോലിയില്ലാത്ത ദിനങ്ങൾ ഇരുപത്തൊന്ന്. ബാക്കി എൺപത്താറു ജോലിദിവസങ്ങളിലെ കൂലിയാണത്. ദിവസം ഒന്നേമുക്കാൽ രൂപ വച്ചു കൂലി കണക്കാക്കി. അതിൽ രണ്ടുപേരുടെ സർവ്വ ചെലവും കഴിച്ചുള്ള തുകയാണ് ചിന്നമ്മ കൊടുത്തത്.

"ഇതു പോരാ ചിന്നമ്മേ!" റാക്കേറപ്പായി മുറുമുറുത്തു.

"ഇതിൽക്കൂടുതൽ തരാമെന്നു പറഞ്ഞിട്ടുണ്ടോ ഞാൻ? ഒന്നും മിണ്ടേണ്ട."

"എന്നാലും ഞങ്ങൾ ഇരട്ടിപ്പണിയാണിവിടെ പണിയുന്നത്."

"നാലിരട്ടി തീററയും. രണ്ടു ചാക്കരി തിന്നു നിങ്ങൾ; ഞാൻ പ്രത്യേകം കണക്കെഴുതിയിട്ടുണ്ട്."

"എന്നാൽപ്പിന്നെ ഒന്നും തിന്നാത്ത ഒരുത്തനായിരിക്കും ചിന്നമ്മയ്ക്കു് ........" റപ്പായി അർദ്ധോക്തിയിൽ നിറുത്താൻ ഭാവിച്ചു.

"ചിന്നമ്മയ്ക്കു? ...." അവൾ ആ ചോദ്യച്ചിഹ്നം ഒന്നുകൂടെ ഉയർത്തിച്ചോദിച്ചു

"താലി കെട്ടാൻ വരുന്നതു "

"ഹും! തെമ്മാടിത്തരം പറയുന്നോ?" അവൾ കൈയിൽ കിട്ടിയ കൊരണ്ടിപ്പലകയെടുത്തൊരേറു കൊടുത്തു. റപ്പായി പെട്ടെന്നു ചാടിമാറിക്കളഞ്ഞു.

"മര്യാദയ്ക്കു നിന്നു വല്ലതും പണിയെടുത്തോ നല്ലതിനാണേൽ..." ചിന്നമ്മ ഒരു സിംഹിയെപ്പോലെ തുള്ളിച്ചാടി അകത്തേയ്ക്കു പോയി.

കിഴക്കെ ദിങ്മേരേഖയിൽനിന്നു നീണ്ടുവന്ന തങ്കക്കമ്പികളുടെ നിറം മാറിത്തുടങ്ങി. റപ്പായിക്കും മത്തായിച്ചനും ഇനി അവിടെനിന്നൊന്നു യാത്ര പറയണം. പക്ഷെ ആരോടു പറയാനാണ്. മടിച്ചു മടിച്ച് അല്പം നിന്നശേഷം അവർ ഇറങ്ങി നടന്നു; പാടവും പറമ്പും കടന്നു വളഞ്ഞുതിരിഞ്ഞു പോകുന്ന കാട്ടുവഴികളിലൂടെ.

"മത്തായിച്ചാ." റപ്പായി പറഞ്ഞു: "നമുക്കിന്നൊന്നു കഴിക്കണം. എത്ര നാളായി നന്നായിട്ടൊന്നു പൂസ്സായിട്ട്."

"വേണ്ടെടാ കൂഴ്വേ! ഇവിടൊക്കെ മദ്യനിരോധനമാ."

# കുട്ടികളോട് ★★★★

# കണ്ടോ അവരുടെ യോജിപ്പ്

ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. ഏ.

അവർ ആറ സഹോദരന്മാരാണ്. ആറുപേരും കുടുംബസമേതം അടുത്തടുത്തു താമസിക്കുന്നു. അവരുടെ വൃദ്ധമാതാപിതാക്കന്മാർ ഓരോ മകന്റെയും വീട്ടിൽ മാറിമാറി താമസിക്കുന്നു. അവർക്കു നടക്കാൻ പാടില്ലാത്തതിനാൽ പള്ളിയിൽ പോകുന്നില്ല. മാസത്തിലൊരിക്കൽ വികാരിയച്ചൻ വന്ന് കുമ്പസാരിപ്പിച്ചു കുർബ്ബാന കൊടുക്കും. അന്ന് ആ വീട്ടിൽ പെരുന്നാളാണ്. കാരണം, ആറ സഹോദരന്മാരുടെ മക്കൾ ഏകദേശം നാല്പതോളം അവിടെ രാവിലെയുണ്ടായിരിക്കും. അവർ വെറുതെ കൈയും വീശിയല്ലാ വന്നിരിക്കുന്നത്. അപ്പൂപ്പന്റെയും അമ്മൂമ്മയുടേയും ദിവ്യകാരുണ്യ സ്വീകരണത്തിനുള്ള 'റ്റീപാർട്ടി' മോടിപിടിപ്പിക്കുന്നതിന് ഏത്തപ്പഴം, വട്ടേപ്പം, താറാവുമുട്ട, പഴം, അവിൽ മുതലായവ കൊണ്ടുവന്നിട്ടുണ്ട്. വികാരിയച്ചൻ കുർബ്ബാന കൊടുത്തതിനുശേഷം ഉപകാരസ്മരണയ്ക്കുള്ള പ്രാർത്ഥനയും അദ്ദേഹംതന്നെ ചൊല്ലും. അനന്തരം കുട്ടികളുടെ റ്റീപ്പാർട്ടിയിൽ സംബന്ധിക്കും.

ഇപ്രകാരം ചില വീടുകളിൽ നടക്കുന്നുണ്ടെങ്കിലും കുഞ്ഞുമക്കൾക്ക് അറിയാവുന്നതല്ലേ എന്തെല്ലാം നല്ല അവസരങ്ങളുണ്ടായാലും ചില സഹോദരന്മാരും മക്കളും അവരുടെ സഹോദരങ്ങളുടെ വീട്ടിൽ കാലു കുത്താത്തതായിട്ട്. ഇപ്രകാരമുള്ള നിസ്സഹകരണമനോഭാവം കുഞ്ഞുമക്കൾ കാണുമ്പോൾ അതു് ഇല്ലാതാക്കുന്നതിനു നിങ്ങൾ ശ്രമിക്കണം.

വിനോദയാത്രയ്ക്കു പോയ കുട്ടികളെ തിരിച്ചുകൊണ്ടുവന്നതിനുശേഷം യാത്രക്കാർ ആരുമില്ലാതെ പോയ ഒരു ബസ്സിൽ ഞാൻ കയറാനിടയായി. അതിൽ സിഗററമുറി, ബീഡിക്കുററി, ഓറഞ്ചുതൊലി, ചോക്ലേററ പൊതിഞ്ഞ കടലാസ്സ് എന്നിവയൊക്കെ കിടപ്പുണ്ട്. ഈ സാധനങ്ങൾ ശേഷിച്ചിട്ടുപോയ കുട്ടികൾ ആ ബസ്സിൽ ജോലി ചെയ്യുന്നവർക്കു നല്ല മാതൃകയാണോ ചീത്ത മാതൃകയാണോ ഇട്ടിട്ടുപോയതെന്നു ഞാൻ അപ്പോൾ വിചാരിച്ചു. സിഗററമുറിയും ബീഡിക്കുററിയും ഇട്ട കുട്ടികൾ ദുർമ്മാതൃകയും ഓറഞ്ചുതൊലിയും ചോക്ലേററകടലാസും ഇട്ടിട്ടുപോയ കുട്ടികൾ മോശമല്ലാത്ത മാതൃകയുമാണ് കാണിച്ചിരിക്കുന്നത്. ഭക്ഷിച്ചതിന്റെ അവശിഷ്ടങ്ങൾ ഇട്ടതു് ശരിയാണെന്നു ഞാൻ പറയുന്നില്ല. ഉപയോഗിച്ച സാധനങ്ങളുടെ ഇനമനുസരിച്ചാണ് പ്രവൃത്തി നല്ലതോ ചീത്തയോ എന്നു ഞാൻ പറഞ്ഞതു്. ഏതായാലും കുഞ്ഞുമക്കൾ വിനോദയാത്രയ്ക്കു പോകുമ്പോൾ ബീഡിയോ സിഗരററോ ഉപയോഗിക്കരുതെന്നും യാതൊന്നിന്റെയും അവശിഷ്ടങ്ങൾ നിങ്ങൾ യാത്ര ചെയ്യുന്ന വാഹനത്തിൽ ഇട്ടേച്ചു പോകരുതെന്നും ഞാൻ ഉപദേശിക്കുന്നു.

1964_ലെ കലണ്ടർ മുഴവൻ പല സ്ഥലങ്ങളിൽ പതിച്ചിരിക്കുന്ന തുണികൊണ്ടു് ഉടുപ്പുണ്ടാക്കി ധരിച്ചിരിക്കുന്ന കുഞ്ഞുമക്കളെ ഞാൻ കണ്ടു. ആണ്ടുമാസം തീയതി അറിയാൻ പാടില്ലാത്തവർക്ക് ആ ഉടുപ്പുകൾ സഹായകമായിരിക്കും. എന്നാൽ അതു ധരിക്കുന്ന കുഞ്ഞുമക്കൾ മനസ്സിലാക്കുന്നുണ്ടോ അവർ പിന്നിട്ടുപോകുന്ന മാസത്തിലെ ഓരോ ദിവസവും ശരിയായിട്ടാണോ ചെലവഴിച്ചതെന്ന്. ആ കലണ്ടറിൽ കാണിച്ചിരിക്കുന്ന തീയതികൾക്കെതിരായി, പള്ളിയിൽപോകുക, ക്ലാസ്സിൽ പോകുക, മൂന്നു നേരവും പ്രാർത്ഥന നടത്തുക, പാഠങ്ങൾ ശരിയായി പഠിക്കുക, മാതാപിതാക്കന്മാരേയും അദ്ധ്യാപകരേയും അനുസരിക്കുക എന്നീ കാര്യങ്ങൾ ഗുണചിഹ്നമിട്ടു ഹാജർ മാർക്കുചെയ്യാൻ സാധിക്കുന്നുണ്ടോ എന്നു നിങ്ങൾ ചിന്തിക്കുക. ഇല്ലെങ്കിൽ നിങ്ങൾ കലണ്ടറുള്ള ഷർട്ടോ ഉടുപ്പോ ധരിച്ചതുകൊണ്ടെന്തുഫലം!

ഈ ലേഖനം വായിക്കുമ്പോഴേത്തയ്ക്കു മദ്ധ്യവേനൽ അവധിക്കു സ്കൂൾ അടച്ചിരിക്കും. കളികൾക്കു മാത്രമായി സമയം ചെലവഴിക്കരുതു്. എല്ലാ ദിവസവും പള്ളിയിൽ പോകണം കത്തോലിക്കാ പത്രങ്ങളും മാസികകളുംപുസ്തകങ്ങളും ധാരാളമായി വായിക്കണം. ഗൃഹജോലികളിൽ മാതാപിതാക്കന്മാരെ സഹായിക്കയും വേണം.

●

---

"നീയിത്ര മണ്ടനായിപ്പോയല്ലോ മത്തായിച്ചാ, മദ്യനിരോധനമുള്ളിടത്തേ നല്ല സാധനം കിട്ടു"

വസ്തുതകളുടെ ഉൾപ്പൊരുളൊക്കെ റാക്കുറപ്പായിക്കറിയാം. അവന്റെ 'ഇരട്ടപ്പേരു'തന്നെ മദ്യത്തിന്റെ ഒരു കൊച്ചനിയനിലാണല്ലൊ ആരംഭിക്കുക.

അവർ കാടും മലയും കയറി നടന്നു. കുത്തിറക്കങ്ങളും കുടഞ്ചരിവുകളും തരണംചെയ്തു. പുഴകൾക്കും തോടുകൾക്കുമക്കരെ കയറി. എല്ലാം വരണ്ടു വററിക്കിടക്കുന്നു. ശിശിരത്തിന്റെ കണ്ണീർ തുടയ്ക്കാൻ വന്ന ശരത്കാലം തീരെ നിർദ്ദയയാണ്. തമ്മിൽ കൂട്ടിമുട്ടി ഉരഞ്ഞുരഞ്ഞു മിനുസമായ കല്ലുകളല്ലാതെ ഒന്നും ആ പുഴയിലെങ്ങുമില്ല. മഴയ്ക്കു വേണ്ടി കാത്തുനില്ക്കുകയാണ് ദാഹാർത്തരായ കാട്ടുചെടികൾ. അവയുടെ കടും പച്ചനിറം ഒന്നു വല്ലാതെ ചവിണ്ടിട്ടുണ്ട്.

ചിന്നമ്മ അവരെ തേടി പുറപ്പെട്ടമോ? അവർ വല്ല ചട്ടമ്പികളേയും പിറകെ പറഞ്ഞയച്ചേക്കും. നാട്ടിലൊക്കെ നല്ല വകവയ്പുള്ള കൂട്ടത്തിലാണവർ. ആ പെണ്ണിന്റെ ഉള്ളിലെ തനിനിറമൊന്നു കാണാൻമാത്രം ഇതുവരെ കഴിഞ്ഞിട്ടില്ല; അതിസമർത്ഥനെന്നഭിമാനിക്കുന്ന റാക്കറപ്പായിക്കുപോലും.

'വയ്യാവേലികൾ' വല്ലവഴിക്കും പൊയ്ക്കൊള്ളട്ടെ എന്നു് അവർ കരുതിയേക്കും. എങ്കിൽ മതിയായിരുന്നു. അവിടത്തെ സേവനത്തിൽ ആ കൂട്ടുകാർ തികച്ചും മടുത്തുകഴിഞ്ഞു.

വഴിയിൽക്കണ്ടവരോടൊക്കെ റപ്പായി പലതും അന്വേഷിച്ചു. പ്രത്യേകിച്ചു് ദാഹം തീർക്കാനുള്ള വക എവിടെ കിട്ടുമെന്നു്. ബഹുജനം ബഹുവിധമായിരുന്നു. അവരുടെ അഭിപ്രായങ്ങൾക്കു് ഒരൈകരൂപ്യവുമില്ല; വൈരുദ്ധ്യങ്ങളുടെ അരങ്ങേററം.

വിയർത്തൊലിച്ചു് മൊട്ടക്കുന്നുകൾ കയറിയിറങ്ങുന്ന ആ ചെറുപ്പക്കാർ കുടുംബം പുലർത്തുവാൻ വേണ്ടി അലയുകയല്ല. അന്തിവിളക്കുമായി കാത്തിരിക്കുന്ന ആത്മനാഥകളുടെ പുഞ്ചിരിപ്പൂക്കൾക്കു വേണ്ടിയല്ല അവർ പാടുപെടുന്നതു്. എന്നാലും അലംഭാവമില്ലാതെ ആ യാത്ര തുടരുകയാണു്.

സൂര്യൻ ആകാശത്തിന്റെ നിറുകയിലേയ്ക്കുയന്നു; കത്തിക്കാളുന്ന ഒരു നെരിപ്പോടു കമഴ്ത്തി വച്ചിരിക്കുകയാണോ? ലോകമായ ലോകമെല്ലാം എരിഞ്ഞുപൊരിയുന്നു.

വഴിമുക്കുകളിൽക്കണ്ട ചായക്കടകളിൽനിന്നു പച്ചവെള്ളവും പാളേങ്കോടൻ പഴവുമേ ആ കൂട്ടുകാർ കഴിച്ചിട്ടുള്ളു. കലശലായ വിശപ്പുമുണ്ടു്. ഹോട്ടലുകൾ ഒന്നുമില്ല. ചായക്കടകളുടെ നാട്ടും അസ്തമിക്കുകയാണു്.

കിഴക്കൻ മലകളുടെ ഉമ്മറത്തു തണൽ വിരിക്കുന്ന നീലക്കാടുകളുടെ വരമ്പിലേയ്ക്കു് അവർ നടന്നു. മലമ്പാമ്പുപോലെ വളഞ്ഞുപുളഞ്ഞ വഴികളാണു്. കാട്ടുവല്ലികളും മരങ്ങളും അവിടവിടെ കെട്ടിപ്പുണർന്നു കിടക്കുന്നു. അവയ്ക്കിടയിൽ കിളച്ചൊരുക്കി വിളവിറക്കാൻ പാകപ്പെടുത്തിയിട്ടിരിക്കുന്ന നിലങ്ങളും! ആ കന്നിമണ്ണിന്റെ കാൽച്ചുവട്ടിൽ എത്ര കർഷകരാണെന്നോ അനുദിനം ശുശ്രൂഷിക്കുക? അവരുടെ വിയർപ്പുതുള്ളികൾ വീണാണു് ആ മണ്ണിൽ പിന്നെയും പിന്നെയും വളംപിടിക്കുന്നതു്. "ഒരേക്കർ സ്ഥലം സ്വന്തമായി കിട്ടിയിരുന്നെങ്കിൽ!" മത്തായിച്ചൻ ആത്മാർത്ഥമായി ആഗ്രഹിച്ചുപോയി. ജീവിതത്തിൽ സ്വന്തമെന്നു പറയാൻ അവനൊന്നുമില്ല. ഒരമ്മയുണ്ടായിരുന്നു;—അമ്മ മാത്രം! അവർ ഇപ്പോൾ എവിടെയാണെന്നറിഞ്ഞുകൂടാ.

പുല്ലുമേഞ്ഞ ഒരു കുടിൽ കിഴക്കുവശത്തെ മലഞ്ചെരിവിലുണ്ടു്. ഏതോ ഒരു വഴിയാത്രക്കാരൻ അതു ചൂണ്ടിക്കാണിച്ചുകൊടുത്തു. അയാൾ റാക്കറപ്പായിയുടെ ചെവിയിൽ ഒതുക്കത്തിൽ എന്തോ പറയുകയും ചെയ്തു. അന്വേഷിച്ചാൽ കണ്ടെത്താത്ത സ്ഥലങ്ങൾ ഒന്നുമില്ല.

അവിടെ അവർ ആഗ്രഹിച്ച സാധനം കിട്ടി. നല്ല ഒന്നാന്തരം വീര്യമുള്ള റാക്കു്. പച്ചനെല്ലിൽനിന്നു വാററിയെടുക്കുന്ന ലഹരിദ്രവ്യം; പക്ഷെ മരുന്നിനു മാത്രമേ ഉണ്ടായിരുന്നുള്ളു. അന്നു വൈകീട്ടു് അവിടെ കുറച്ചധികം തയ്യാറാക്കുന്നുണ്ടത്രെ. ഏതോ കൊള്ളാവുന്നവരുടെ ഓർഡർ അനുസരിച്ചുണ്ടാക്കുന്നതാണു്.

റാക്കറപ്പായി അന്നവിടെ താമസിക്കാൻ തന്നെ തീരുമാനിച്ചു. ചിരകാലമായി അവന്റെ പേരു് ഒന്ന നാർത്ഥമാകുകയാണു്. പഴയ കുറെ ഓർമ്മകൾ ഭൂതകാലത്തിന്റെ ശവകുടീരങ്ങളിൽനിന്നു് വിജൃംഭിതവീര്യത്തോടെ പിടഞ്ഞെഴുന്നേല്ക്കുന്നു. മത്തായിച്ചനു കഴിയുംവേഗം അവിടെനിന്നു കടക്കണമെന്നുണ്ടു്. പക്ഷെ അവരുടെ പരിപാടികളുടെ ആസൂത്രകനും സംവിധായകനുമെല്ലാം റപ്പായിയാണു്. അവൻ പറയുന്നതുപോലെയേ കാര്യങ്ങൾ നടക്കൂ.

അന്നു രാത്രി അവർക്കുറങ്ങുവാൻ കഴിഞ്ഞില്ല. പിടിപ്പതു പണിയുണ്ടായിരുന്നു. വെള്ളം കോരൽ. മലയടിവാരത്തുള്ള തോട്ടിൽ കുഴിച്ചിരിക്കുന്ന ഓലിയിൽ നിന്നു് അങ്ങോട്ടു വെള്ളം ചുമന്നു കയററണം. റാക്കു വാററിനു് ഏററവും അദ്ധ്വാനം നിറഞ്ഞ ജോലിയാണതു്. ആദ്യത്തെ കുപ്പിയിൽനിന്നുതന്നെ കുറെ വീര്യം വിഴുങ്ങിക്കഴിഞ്ഞപ്പോൾ അവർക്കു നല്ല ഉത്സാഹം തോന്നി. അങ്ങനെ ക്ഷീണമറിയാതെ ജോലി ചെയ്തു. പാതിരാത്രി കഴിഞ്ഞപ്പോൾ പത്തുനാല്പതു കുപ്പികൾ തയ്യാറായി. റപ്പായിയുടെ നിർമ്മാണവൈദഗ്ദ്ധ്യം ആ പുതിയ 'ഫാക്ടറി'യുടെ പ്രവർത്തകരെ സംതൃപ്തരാക്കി. അവനു് അവിടെ തുടർന്നു ജോലി നല്കിയാലും വേണ്ടില്ലെന്നു് അവർക്കു തോന്നി.

പക്ഷെ മത്തായിച്ചൻ ഒരയഞ്ഞ മട്ടാണു്. അവനു വ്യഗ്രതയും വേഗതയുമില്ല; അവധാനതയും ആവേശവും കുറഞ്ഞുകാണുന്നു; എല്ലാം ചെയ്തുകൂട്ടുന്നുവെന്നു മാത്രം. ഇരുപത്തഞ്ചു കുപ്പികൾ ഭദ്രമായി അടച്ചു് വയ്ക്കോൽ നിറച്ച ചാക്കുകളിലായി പേക്കുചെയ്യപ്പെട്ടു. ഇനി അതു ഉദ്ദിഷ്ടസ്ഥാനത്തെത്തിക്കണം. രാത്രിയിൽ തന്നെ വേണം. മറചെവിയറിഞ്ഞുകൂടാ. മദ്യനിരോധനമേഖലയാണു്.

ആ കൃത്യം വിശ്വസ്തതയോടെ നിർവഹിക്കുവാൻ റപ്പായികൂടെ നിയുക്തനായി. മത്തായിച്ചൻ കൂടെ പോകണമെന്നു് അവരാരും പറഞ്ഞില്ല. എങ്കിലും ആ സുഹൃത്തുക്കൾ ഒരുമിച്ചാണു് പോയതു്. മന്മൽ മുണ്ടുടുത്തു് ചന്ദനനിറത്തിലുള്ള ഷർട്ടുമിട്ട ഒരാൾ അവരുടെ കൂടെയുണ്ടു്. അദ്ദേഹമാണു് ആ വ്യവസായത്തിന്റെ നേതാവു്. വിപണി കണ്ടുവച്ചിരിക്കുന്നതും മററാരുമല്ല. അയാളുടെ പുരികങ്ങൾക്കിടയിൽ ഒരു കറുത്ത മറുകുണ്ടു്, ആരെയും പേടിപ്പെടുത്തുന്ന മൂന്നാം കണ്ണുപോലെ.

ഇരുട്ടിൻെറ വക്ഷസ്ഥലത്തിൽ കൂടെക്കൂടെ ടോച്ച് ലൈററ് തെളിഞ്ഞു. അവർ നടക്കുകയാണ്. ഏററമിറക്കങ്ങളും വളവുതിരിവുകളുമുള്ള കാട്ടുവഴികൾ. വളരെ സൂക്ഷിച്ചേ ആ ചുമടെടുക്കാൻ പാടുള്ളൂ.

ഇടവഴികളും വയൽവരമ്പുകളും പിന്നിട്ട് അവർ ഒരു മൂന്നടിപ്പാതയിലെത്തി. അത് അമ്പലക്കുളത്തുങ്കൽ ചെന്നവസാനിക്കുകയാണ്. അവിടന്നങ്ങോട്ട് ജീപ്പുറോഡുണ്ട്. ആ റോഡിലൂടെ കുറെ നടന്നപ്പോൾ ഇടത്തുവശത്തു ഒരോടിട്ട പഴഞ്ചൻ കെട്ടിടം കണ്ടു. അങ്ങോട്ടാണ് ആ കറുത്ത മറുകുകാരൻ വഴികാണിച്ചത്.

മുററത്തു കയറിനിന്ന് അയാൾ വിളിച്ചു.

"അങ്ങത്തെ, അങ്ങത്തെ!.... ..."

"ബൗവൂ ... ബൗ– ബൗവൂ.... ..." ഒരങ്ങത്തെ മറുപടി പറയുകയായി!

"അങ്ങത്തെ, പട്ടി........"

"ബൗവൂ ... ബൗ.... ബൗ.... ബൗവൂ ... ബൗ...." വെടിപൊട്ടിക്കുന്നതുപോലെയുള്ള അൽസേഷ്യൻെറ ശബ്ദം കേട്ട് റപ്പായിയും മത്തായിച്ചനും വിറച്ചുപോയി. കറുത്ത മറുകുകാരൻ ഇതെത്രയോ തവണ കേട്ടിരിക്കുന്നു.

"അങ്ങത്തെ! അങ്ങത്തെ?...." അയാൾ കയറിച്ചെന്നു വാതില്ക്കൽ മുട്ടി. വാതിൽ തുറക്കപ്പെട്ടു. അങ്ങത്തെയല്ല, 'ശ്രീമതി അങ്ങത്തെ'യാണവിടെ പ്രത്യക്ഷപ്പെട്ടത്. ആ വാതിൽ നിറച്ചുള്ള ഒരു സ്ത്രീ. അവൾക്ക് പൊക്കമോ വണ്ണമോ ഏതാണധികമെന്ന് തീരുമാനിച്ചുകൂടാ.

കറുത്ത മറുകുകാരൻ വാരിപ്പിടിച്ചൊന്നു തൊഴുതു. റപ്പായിയും മത്തായിയച്ചനും അതനുകരിച്ചു.

"വന്നില്ലല്ലൊ...."

"നേരം വെളുപ്പായെന്നു തോന്നുന്നു."

"പതിനൊന്നു മണിക്കു വന്നൂണുകഴിഞ്ഞിട്ടു പോയതാ."

"സാധനം കൊണ്ടുവന്നിട്ടുണ്ട്."

"അതാരാ കൂടെ?"

"രണ്ടു ചുമട്ടുകാർ."

ശ്രീമതി അങ്ങത്തെ അവരെ സൂക്ഷിച്ചൊന്നു നോക്കി.

"അകത്തോട്ടെടുത്തു വയ്ക്കു."

മറെറാരു വാതിൽകൂടെ തുറക്കപ്പെട്ടു. കറുത്ത മറുകുകാരൻ നിർദ്ദേശിച്ചു. മത്തായിച്ചനും റാക്കുറപ്പായിയും ചാക്കുകെട്ടുകൾ എടുത്ത് അകത്തു കൊണ്ടുപോയി ഭദ്രമായി വച്ചു.

"തൻെറ പേരെന്താ?" റാക്കുറപ്പായിയോടൊരു ചോദ്യം.

"റപ്പായി."

"വീട്?"

"കുറച്ചു തെക്കാണേ!"

"എനിക്കൊരു വേലക്കാരനെ ആവശ്യമുണ്ട്. ഇവിടെ നിന്നോളാമോ?"

"ഓ...."

"എന്നാലങ്ങത്തെ ഇങ്ങോട്ടു വരട്ടെ. അവിടിരി."

ഒരു ജീപ്പ് പടിക്കൽ വന്നുനിന്നു. അങ്ങത്തെ ഇറങ്ങിവന്നു. കാക്കിയുടുപ്പും കപ്പടാമീശയുമുള്ള ഒരു ഗംഭീരൻ. അദ്ദേഹം കറുത്ത മറുകുകാരനുമായി അല്പസമയം രഹസ്യം പറഞ്ഞു. അനന്തരം പുതിയ ചുമട്ടുകാരോടു ജീപ്പിൽ കയറുവാനാജ്ഞാപിച്ചു. റപ്പായിയും മത്തായിച്ചനും ഒന്നും മനസ്സിലാകാതെ പരസ്പരം പകച്ചുനോക്കി.

"കേറെടാ പട്ടി .. ...."

ആ സംബോധന കുറേ നീളമുള്ളതാണ്. അതിൻെറ അവസാനത്തിൽ റപ്പായിയുടെ പിടലിക്കൊരു പിടി മുറുകി. അവർ ജീപ്പിൽക്കയറി.

ആ വാഹനം ഇരമ്പിപ്പായുകയായിരുന്നു. ഇരുമ്പഴിയിട്ട ഒരു കെട്ടിടത്തിൻെറ മുമ്പിൽ അതു നിന്നു. പോലീസ്സ്റ്റേഷൻ! കാററും വെളിച്ചവും കയറാത്ത രണ്ടുമൂന്നു മുറികൾ!

കൊലയാളി റപ്പായിയുടെ ഉള്ളൊന്നു നടുങ്ങി. മത്തായിച്ചനും പേടിച്ചുവിറച്ചുപോയി. അവർ പരസ്പരം പകച്ചുനോക്കി. രണ്ടുപേക്കും ഒരക്ഷരം ഉരിയാടാൻ കഴിഞ്ഞില്ല.

"ചരിനെടാ...." കറുത്തുതടിച്ച ആ കൊമ്പൻമീശക്കാരൻ വിളിച്ചു. അവർ ഇറങ്ങി. അങ്ങത്ത കല്പടവുകൾ കയറിപ്പോയി. അവർ പിന്നാലെയും. അതിനു പിറകിലായി കറുത്ത മറുകുകാരനും, ഏററവും പിന്നിൽ ഡ്രൈവറും!

പോലീസ്സ്റ്റേഷൻ ഒരു പട്ടണമാണ്. അതിനുള്ളിൽ ഒട്ടധികം മനുഷ്യജീവികളുണ്ട്. കാക്കിയുടുപ്പിട്ട കുറെ കാട്ടുമൃഗങ്ങളും!

തേങ്ങലുകളും നിലവിളികളും അകത്തുനിന്നും പൊന്തി. വേദനകളുടെ അരങ്ങേററം; മർദ്ദനത്തിൻെറ ജൈത്രയാത്ര!! പകപോക്കൽകാരുടെ കലിതുള്ളൽ!....

"കൊല്ലരുതേ! പൊന്നേമാന്നേ! .. .."

"ഛീ! മിണ്ടരുതു പട്ടീ! ......"

"അഞ്ചാറു കുഞ്ഞുങ്ങൾ വഴിയാധാരമാണേ! ......"

"ഛീ! ഞാൻ പറഞ്ഞിട്ടാണോടാ നിനക്കു കുഞ്ഞുങ്ങളുണ്ടായത് ......"

അടി; ...ഇടി;.....അട്ടഹാസം! ....നിലവിളി!....

"നീയിനി സക്കാർഭൂമിയിൽ കേറുമോടാ?...."

"ഇല്ലേയില്ല.... ഒരിക്കലുമില്ല ..."

"മന്ത്രിക്കെതിരായി മുദ്രാവാക്യം വിളിക്കുമോടാ?"

"വിളിക്കും!"

ആഞ്ഞൊരു ചവിട്ട്.....പടക്കം പൊട്ടുംപോലെ രണ്ടടിയും. കൂട്ടക്കരച്ചിൽ....

"മിണ്ടിപ്പോകരുത്; ഇവൻെറയൊക്കെ വാ നിറച്ച് മണ്ണു വാരിയിടടാ നൂററിനാല്!"

"അയ്യോ കൊല്ലരുതേ....അ....യ്യോ...."

മുററത്തുകൂടെ അവർ കടന്നുപോയപ്പോൾ കേട്ട താണിത്രയും. മനുഷ്യൻ മനുഷ്യനുമായി ഇടപെടുക യാണ്. ഭരണാധികാരികൾ ഭരണീയരെ സേവിക്കുന്നു. ആരെന്നും എന്തിനെന്നും ചോദിക്കാനാളില്ലാത്ത പട്ട ണം. അതു വെള്ളരിങ്ങാപ്പട്ടണമാണ്!

വടക്കുവശത്തു് ആലക്തികദീപവും പങ്കയുമുള്ള മന്ദിരത്തിലാണ് ഏമാൻ താമസിക്കുന്നതു്. അദ്ദേഹം പട്ടുകുഷ്യനിട്ട ചാരുകസാലയിൽ വിശ്രമിക്കുന്നു. വിര ലുകൾക്കിടയിലിരുന്നു് ഒരു സിഗരററ പുകയുന്നുണ്ടു്. ഓർഡർലി അടുത്തുതന്നെ ബദ്ധശ്രദ്ധനായി നില്ക്കുന്നു.

ചുമട്ടുകാരെ കൂട്ടിക്കൊണ്ടുവന്ന തടിയൻ അങ്ങ ത്തെ മാറിനിന്നു തൊഴുതു.

"കിട്ടിയോ വല്ലോരേം?"

"റെഡിയല്ലേ."

അദ്ദേഹം രണ്ടു പേരെയും മുമ്പോട്ടു തള്ളിനീക്കി നിറുത്തി.

"റാസ്കൽസ്, മാറിനില്ക്കിനെടാ..." റപ്പായിയും മത്തായിച്ചനും രണ്ടാംമുണ്ടു് അരയിൽക്കെട്ടി മാറിനി ന്നു തൊഴുതു.

"ഇവന്മാർ ഗജപോക്കിരികളാണല്ലൊ, പട്ടികൾ."

"അതേ ഏമാന്നേ ഗജഗജപോക്രികൾ."

"എടാ! നിനക്കു പറയുന്ന ജോലി ചെയ്യാമോ?"

"ചെയ്യാമേ!"

"നിനക്കോടാ.....?"

"ചെയ്യാം."

ഏമാൻെറ വലംകൈ റപ്പായിയുടെ ഭുജത്തിൽ മെല്ലെ ഒന്നരുമ്മി.

"പോ, അപ്പുറത്തു പോ."

അവർ പടിഞ്ഞാറുവശത്തുള്ള നെടിയ മുറിയി ലേക്കു നീക്കപ്പെട്ടു. ഒരു നീളംകൂടിയ മേശയും ഇരുവ ശത്തും കസേരകളും നിരത്തിയിരിക്കുന്നു. ഒരു മൂലയ്ക്കു രണ്ടു പഴയ ബെഞ്ചും.

കസേരകളിൽ ഏമാനും 'അങ്ങത്ത'മാരും ഇരു ന്നു. കറുത്ത മറുകുകാരനും അവരോടൊപ്പം സീററു കിട്ടി.

"റാസ്കൽസ് ഇരിക്കിനെടാ" പഴഞ്ചൻ ബെഞ്ചു ചൂണ്ടിക്കാണിച്ചുകൊണ്ടു് ഏമാൻ പറഞ്ഞു. റപ്പായി യും മത്തായിച്ചനും ഇരുന്നു.


കുപ്പികൾ തുറക്കപ്പെടുന്ന ശബ്ദം ഗംഭീരമായിരു ന്നു. കോർക്കുകൾ തെറിച്ചുപോയി. ചില കുപ്പിയിൽ നിന്നു തീയാണു പറന്നതു്. നല്ല തനി പുത്തൻസാധ നം!....മദ്യനിരോധനമേഖലയാണു്. അതിനാർക്കു ചേ തം. ഏമാനും അങ്ങത്തമാരുമാണു് ഒഴിച്ചുകൊടുക്കുന്ന തു്. അവരൊക്കെ വളരെ നല്ലവരാണെന്നു റാക്കുറപ്പാ യിക്കു തോന്നിപ്പോയി.

അടുത്ത ലക്കത്തിൽ:

**പഴയ ദോഷം,**

**പുതിയ പ്രായശ്ചിത്തം.**

കഥ തുടരുന്നു.

# കുഞ്ഞുമിഷനറിമാർ അറിഞ്ഞോ?

•

മനോഹരമായ ഈ കൊച്ചുപള്ളിയിൽ ഇനി യും ധാരാളം സ്ഥലമുണ്ടു്. S. V. D. മിഷനറി മാരായി വിവിധ പ്രേഷിതരംഗങ്ങളിൽ ജോ ലിചെയ്യുവാൻ പരിശീലനം നടത്തിക്കൊണ്ടി രിക്കുന്ന കുഞ്ഞുമിഷനറിമാരോടൊത്തു് പഠി ക്കുവാനും പ്രാർത്ഥിക്കുവാനും ആഗ്രഹിക്കുന്ന സൽസ്വഭാവികളും അതിസമർത്ഥന്മാരുമായ കുഞ്ഞനുജന്മാർ ഉടനെ അപേക്ഷിക്കുക:—

Fr. Vocation Director S. V. D.
Apostolic School
Kaduthuruthy P. O.
Kottayam Dt.

# ചരിത്രം സൃഷ്ടിച്ച ആ കൂടിക്കാഴ്ച

— ജെ. സി. മാപ്ര —

III

**ക്രൈസ്തവലോകത്തിൽ ഇന്നൊരു ജീവൽപ്രശ്നമായിരിക്കുന്ന പുനരൈക്യരംഗത്തിലെ പ്രധാന കക്ഷികളായ ഓർത്തഡോക്സു സഭകളുടെ ചരിത്രത്തിലേയ്ക്കു് വെളിച്ചം വീശുന്ന വിജ്ഞാനപ്രദമായ ലേഖനപരമ്പരയിൽ മൂന്നാമത്തേതാണിതു്. — മേ. പ.**

## ഓർത്തഡോക്സ് സഭകൾ ഇന്നു്

തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയശേഷം, ഇതരരാജ്യങ്ങളിലെ ഓർത്തഡോക്സുകാർ അവിടത്തെ പാത്രിയർക്കീസുമായി പുലർത്തിയ ബന്ധം വെറും നാമമാത്രമായിരുന്നു. എന്നാൽ ഇന്നു് "എക്യുമേനിക്കൽ പാത്രിയർക്കീസു"മായി ഇതരപാത്രിയർക്കീസുമാരുടെ ബന്ധം തത്വത്തിലല്ലെങ്കിലും പ്രയോഗത്തിൽ വളരെ വർദ്ധിച്ചിട്ടുണ്ടെന്നുവേണം പറയുവാൻ. ഗ്രീക്കു് ഓർത്തഡോക്സ് സഭയുടെ അംഗങ്ങളായി അറിയപ്പെടുന്ന ഇന്നുള്ള ഒമ്പതു പ്രധാന പാത്രിയർക്കാസ്ഥാനങ്ങളേയും അവയോരോന്നിന്റേയും ഭരണരീതിയേയും പററി അല്പപരിജ്ഞാനമെങ്കിലുമില്ലാതെ ചരിത്രത്തിലൂടെ മുന്നോട്ടു ഗമിക്കുക വിഷമം. കേവലമൊരു വിഹഗവീക്ഷണംകൊണ്ടു നമുക്കു തൃപ്തരാകാം.

## കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസ്

ഏഴു വർഷമെങ്കിലും മെത്രാനായി സേവനമനുഷ്ഠിച്ചു ഒരാൾക്കേ പാത്രിയർക്കീസ്പദവിക്കു് അർഹതയുള്ളു. ടർക്കിയിലുള്ള മെത്രാന്മാരുടെ കൗൺസിലാണു് അദ്ദേഹത്തെ തെരഞ്ഞെടുക്കുക. "ഹോളി സിനഡി"ന്റെ പ്രസിഡണ്ടും ഇദ്ദേഹംതന്നെയാണു്. ഇപ്പോഴത്തെ പാത്രിയർക്കീസ് 'എക്യുമേനിക്കൽ പാത്രിയർക്കീസ്'' അത്തനാഗോറസ് ഒന്നാമനാണു്.

### മെത്രാന്മാർ

പാത്രിയർക്കീസിന്റെ നേരിട്ടു അധികാരത്തിൽപെട്ട നാലു രൂപതകളാണുള്ളതു്. 'മെത്രാപ്പോലിത്താ'മാരാണു് അവിടെ ഭരണം നടത്തുക. ഹോളി സിനഡ് അവരെ തെരഞ്ഞെടുക്കുന്നു.

### ഹോളി സിനഡ്

ഇതിൽ 12 അംഗങ്ങളുണ്ടായിരിക്കണമെന്ന നിയമത്തെ പാലിക്കാൻ ടർക്കിയിൽ 4 മെത്രാന്മാർ മാത്രമുള്ളതിനാൽ 'ടിട്ടുലർ' മെത്രാന്മാർ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. 6 അംഗങ്ങൾ ഓരോ വർഷവും വിരമിക്കുകയും തൽസ്ഥാനങ്ങളിൽ പുതിയ ആളുകൾ വരികയും ചെയ്യുന്നു. പാത്രിയർക്കീസിന്റെ 'കൂരിയ' 'ദി ഗ്രേററ് എക്‌ളേസിയാക്കു'' എന്നറിയപ്പെടുന്നു.

### വൈദികന്മാർ

എല്ലാ മണ്ഡലങ്ങളിലും അനുകമ്പാർഹമാണു് വൈദികന്മാരുടെ നില. ഇതു പരിഹരിക്കാൻ പുതിയ പാത്രിയർക്കീസുമാർ കഴിയുന്നത്ര ശ്രമിക്കുന്നുണ്ടു്. 1844_ൽ 'ഹാൽക്കി'യിൽ പണികഴിച്ചിരിക്കുന്ന തിയളോജിക്കൽ കോളേജ് ഇക്കാര്യത്തിൽ കാര്യമായ സേവനംചെയ്യുന്നു.

### വിശ്വാസികൾ

ടർക്കിയിലുള്ള ഓർത്തഡോക്സ് ക്രിസ്ത്യാനികളുടെ എണ്ണം 75000നു് മേൽ പോകുന്നില്ല. ഇതിനു പുറമേ, പാത്രിയർക്കീസിന്റെ പരമാധികാരം അംഗീകരിക്കപ്പെടുന്ന ക്രീററിൽ 445000_വും ഡൊഡെക്കെനേസിൽ 120000_വും അംഗങ്ങളാണു് ഓർത്തഡോക്സ് സഭയ്ക്കുള്ളതു്. ഒരു നിശ്ചിതസഭയിലും പ്രത്യേകമായി പെടാത്ത, ഗ്രീസിനു പുറത്തുള്ള ഗ്രീക്കുകാരെല്ലാം ഈ പാത്രിയർക്കീസിന്റെ പരമാധികാരം അംഗീകരിക്കണമെന്നു 1908_ൽ പൊതുവായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

## അലക്സാൻഡ്രിയാ പാത്രിയർക്കീസ്

മാർ ക്രിസ്റ്റോഫറാണിപ്പോഴത്തെ പാത്രിയർക്കീസ്. സാധാരണയായി ഇദ്ദേഹം അലക്സാൻഡ്രിയായിലുള്ള 'സാബാസ്'' ആശ്രമത്തിൽ പാർക്കുന്നു. തന്റെ സഭയ്ക്കു 'വിശുദ്ധതൈലം' (Holy Chrism) കോൺസ്റ്റാന്റിനോപ്പിളിൽനിന്നു വാങ്ങിക്കുന്നു.

### മെത്രാന്മാർ

എല്ലാവരും തുല്യാധികാരവും പദവിയും അനുഭവിക്കുന്നു. മെത്രാപ്പോലീത്താമാരായാണു് അവർ അറിയപ്പെടുക. പാത്രിയാർക്കീസിനാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന പലരിൽ ഒരാളെ ഹോളി സിനഡു് മെത്രാനായി തെരഞ്ഞെടുക്കുന്നു.

### ഹോളി സിനഡ്

മെത്രാപ്പോലിത്തമാരെല്ലാവരും പാത്രിയർക്കീസും കൂടിയതാണീ സിനഡ്. ഇതു് ആണ്ടിൽ രണ്ടു പ്രാവശ്യം കൂടുന്നു. ഇതിനെ പാത്രിയർക്കീസിന്റെ ഒരു ഔദ്യോഗികോപദേശകസമിതിയായി കണക്കാക്കാം.

### വൈദികന്മാർ

മിക്കവാറും ഗ്രീക്കുകാരാണെല്ലാവരും. അവരുടെ "സെൻറ് അത്തനാസ്യൂസ് കോളെജി"ൽ 100 വൈദികവിദ്യാർത്ഥികളുണ്ട്. 25 ശതമാനം സിറിയാക്കാരാണ്. പഠിക്കാൻ സമർത്ഥന്മാരെ പുറത്തു ഹാൽക്കി കോളെജിലയച്ചും ഇവർ പഠിപ്പിക്കുന്നു. സാധാരണയായി ഇടവകവികാരി ഒരു സന്യാസിയായിരിക്കും. ഇടവകക്കാരാണ് തങ്ങളുടെ വൈദികനെ തെരഞ്ഞെടുക്കുക.

### വിശ്വാസികൾ

അലക്സാണ്ഡ്റിയൻ പാത്രിയക്കാസ്ഥാനത്തിലുള്ള വിശ്വാസികൾ എണ്ണത്തിൽ ഒരു ലക്ഷത്തോളം വരുന്നു.

## അന്ത്യോക്യ പാത്രിയക്കീസ്

തെയഡോഷ്യസ് ആറാമൻ ആണ് ഇപ്പോഴത്തെ അന്ത്യോക്യൻ പാത്രിയക്കീസ്. ഇദ്ദേഹം ഡെമാസ്കസിലാണു താമസിക്കുക. പേട്രിയാർക്കൽ വികാരിമാർ, 24 അൽമായർ, മെത്രാന്മാർ ഇവരടങ്ങിയ കൗൺസിൽ നിർദ്ദേശിക്കുന്ന 3 പേരിൽ ഒരാളെ മെത്രാന്മാരുടെ കൗൺസിൽ പാത്രിയക്കീസായി നിയമിക്കുന്നു.

### മെത്രാന്മാർ

മെത്രാന്മാരുടെ ഒരു സമ്മേളനത്തിൽവച്ചാണ് ഒഴിവായ സ്ഥലത്തേയ്ക്കു ഒരു പുതിയ മെത്രാൻ തെരഞ്ഞെടുക്കപ്പെടുക. മെത്രാനെ ആവശ്യമുള്ള സ്ഥലത്തെ ആളുകൾ തങ്ങൾ ഇഷ്ടപ്പെടുന്ന 3 പേരുകൾ മെത്രാന്മാരുടെ കൗൺസിലിലേയ്ക്കു നിർദ്ദേശിക്കുന്നു.

### ഹോളി സിനഡ്

ഇതു് അന്ത്യോക്യായിലും ഡെമാസ്കസിലുമുള്ള പാത്രിയക്കീസുമാർ, എപ്പിസ്കോപ്പൽ വികാരിമാർ, വേറെ രണ്ടു നിശ്ചിതമെത്രാന്മാർ ഇവരുൾപ്പെട്ടതാണ്. തത്വത്തിലെങ്കിലും ഈ കൗൺസിലാണ് അന്ത്യോക്യൻ സഭയെ ഭരിക്കുക. പക്ഷേ, പ്രയോഗത്തിൽ ഇതിൻെറ ആവശ്യം വളരെ കുറച്ചു കാണുന്നുള്ളൂ.

### വൈദികന്മാർ

വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിന് 'ട്രാപ്പോളി'യിൽ ഒരു സെമ്മിനാരിയുണ്ട്. ഇവിടെ 50 വിദ്യാർത്ഥികൾക്കു പഠിക്കാനുള്ള സൗകര്യങ്ങളേയുള്ളൂ. സമർത്ഥരെ 'ഹാൽക്കി'യിലയച്ചു പഠിപ്പിക്കുന്നു. പൊതുവായിപ്പറഞ്ഞാൽ, സാധാരണ വൈദികന്മാർ അജ്ഞരും പരിശീലനരഹിതരുമാണ്. ഗ്രാമപ്രദേശങ്ങളിലുള്ളവർ തങ്ങളേയും കുടുംബത്തേയും പോററുന്നതിനു മററെന്തെങ്കിലും ജോലികൂടി ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്.

### വിശ്വാസികൾ

ഇവിടത്തെ വിശ്വാസികളുടെ എണ്ണം 45 ലക്ഷത്തോടടുത്തുവരുന്നു.

## ജറുസലേം പാത്രിയക്കീസ്

ബെനഡിക്ററ് ഒന്നാമൻ ആണ് ഇപ്പോഴത്തെ ജറുസലേം പാത്രിയക്കീസ്. ഇദ്ദേഹവും കോൺസ്റ്റാൻറിനോപ്പിളിൽനിന്നുതന്നെ തൻെറ സഭയ്ക്കാവശ്യമായ "വിശുദ്ധതൈലം" കൊണ്ടുവരുന്നു.

### മെത്രാന്മാർ

പാത്രിയക്കാസ്ഥാനമൊഴികെ രണ്ടു രൂപതകൾ മാത്രമാണുള്ളതു്. മെത്രാന്മാരുടെ കുറവു പരിഹരിക്കാൻ പതിനഞ്ചാളം ടിട്ടുലർ മെത്രാന്മാരുണ്ട്. അറബി എഴുതാനും സംസാരിക്കുവാനും കഴിവുള്ളവരിൽനിന്ന് ഹോളി സിനഡിൽ വച്ചു് പാത്രിയക്കീസ് മെത്രാന്മാരെ തെരഞ്ഞെടുക്കുന്നു.

### ഹോളി സിനഡ്

മെത്രാപ്പോലീത്താമാർ, ടിട്ടുലർ ആർച്ചുബിഷപ്പുമാർ, കുറെ ആർക്കിമാൻഡ്രിററുകൾ, ഇങ്ങനെ പോകുന്നു ഇതിലെ അംഗങ്ങൾ. ആകെ പതിനെട്ടിൽ കവിയാത്ത ഒരു സംഖ്യ. എന്നാൽ ഇതിനു പുറമേ രണ്ടു് അറബി മെത്രാന്മാർകൂടി ഉണ്ടായിരിക്കും ഈ സിനഡിൽ അംഗങ്ങളായി. ഇവരെല്ലാം "ഹോളി സെപ്പൾക്കർ" സഭയിലെ അംഗങ്ങളായിരിക്കണമെന്നതു നിർബന്ധമാണ്. തത്വത്തിൽ ഈ സിനഡാണ് ഭരണം നടത്തുക. എന്നാൽ പ്രയോഗത്തിൽ ഇതിൻെറ അധികാരം പാത്രിയക്കീസിനോടും (അതിനു) ഹോളി സെപ്പൾക്കർ സഭയോടുമുള്ള അടുപ്പത്തെ ആശ്രയിച്ചിരിക്കും.

### ഹോളി സെപ്പൾക്കർ സഭ

ഈ സഭയിൽ 100 സന്യാസികൾ അംഗങ്ങളായുണ്ട്. ഇതിൻെറ ഔദ്യോഗികാദ്ധ്യക്ഷ്യം വഹിക്കുക പാത്രിയക്കീസിൻെറ അവകാശമാണ്.

### വൈദികന്മാർ

വൈദികന്മാർ മിക്കവാറും എല്ലാം അറബികളാണ്. പഠനവും പരിശീലനവും പൊതുവേ കുറവാണ്.

### വിശ്വാസികൾ

വിശ്വാസികളുടെ എണ്ണം അരപതിനായിരത്തോടു് അടുത്തുവരുന്നു.

## മോസ്കോ പാത്രിയക്കീസ്

അലക്സിസ് പാത്രിയക്കീസാണ് മോസ്കോ സഭയെ ഭരിക്കുക. ദേശീയ അസംബ്ളിയിലെ മെത്രാന്മാരുടേയും, സാധാരണവൈദികർ അൽമായർ ഇവരുടെ പ്രതിനിധികളുടേയും കൗൺസിലാണിദ്ദേഹത്തെ തെരഞ്ഞെടുക്കുക. എന്നാൽ, ഈ കൗൺസിലിന് എത്രമാത്രം സ്വാതന്ത്ര്യം ഉണ്ടെന്നു നിശ്ചയിച്ചുകൂടാ. പാത്രിയക്കീസിന് മെത്രാന്മാരുടെ സമ്മേളനം വിളിച്ചുകൂട്ടാൻ അധികാരമുണ്ട്. സിവിലധികാരികളിൽനിന്ന് ഇതിനാദ്യമേ അനുവാദം വാങ്ങിയിരിക്കണമെന്നുമാത്രം. പാത്രിയക്കീസിൻെറ കീഴിലുള്ള രൂപതകളുടെ ഭരണവും

നടത്തിപ്പും ഒരു 'എപ്പിസ്കോപ്പൽ വികാരി'യുടെ മേൽനോട്ടത്തിലാണ്. തന്റെ സഭയ്ക്കു മുഴുവനും അദ്ദേഹംതന്നെ "വിശുദ്ധതൈലം" കൂദാശചെയ്യുന്നു.

### ഹോളി സിനഡ്

ഇതിൽ പാത്രിയർക്കീസൊഴികെ ആറു മെത്രാന്മാരാണ് അംഗങ്ങളായുള്ളത്. അവരിൽ മൂന്നുപേർ കീവ്, ലെനിൻഗ്രാഡ്, ക്രൂട്ടിസ്ററി ഇവിടങ്ങളിലെ മെത്രാപ്പോലീത്താമാരാണ്. മററു മൂന്നുപേർ തൽക്കാലനിയമനം സ്വീകരിക്കുകയും നിശ്ചിതകാലയളവിനുശേഷം ഇതിൽനിന്നു വിരമിക്കുകയും ചെയ്യുന്നു. പാത്രിയർക്കീസാണ് ഇതിന്റെ പ്രസിഡണ്ട്.

### മെത്രാന്മാർ

ആകെ 90 രൂപതകളാണുള്ളത്. രൂപതകളുടെ വിഭജനം രാഷ്ട്രീയ വിഭജനാടിസ്ഥാനത്തിലാണു നടത്തുക. മെത്രാന്മാരെ നിയമിക്കുന്നതു പാത്രിയർക്കീസാണ്, എന്നാലിതു സിവിലധികാരികളുമായി ആലോചിച്ചശേഷമേ ചെയ്യൂ.

### വൈദികർ

വൈദികരിൽ ഭൂരിഭാഗവും സാധാരണ ജോലികൾ ചെയ്തു നിത്യവൃത്തി കഴിക്കുന്നവരാണ്. റഷ്യയിലെ കമ്മ്യൂണിസ്റ്റ് വിപ്ലവാനന്തരമുള്ള വൈദികരെ താഴെ കൊടുക്കുന്ന വാചകം ഭംഗിയായി ചിത്രീകരിക്കുന്നു. "തോളിൽ ഭാണ്ഡവും പേറി ഒരിടത്തുനിന്നു മറെറാരിടത്തേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്ന വൈദികന്മാരെ റഷ്യയിൽ ചെല്ലുന്ന ഏവർക്കും കാണാൻ കഴിയും; മാമ്മോദീസാ മുക്കുകയും സ്ഥൈര്യലേപനം നൽകയും, കുമ്പസാരം ശ്രവിക്കയും വിവാഹം നടത്തിക്കൊടുക്കയും വിശുദ്ധ ബലി സമർപ്പിക്കയും ചെയ്തുകൊണ്ട് അവർ ചുററി സഞ്ചരിക്കുന്നു." (Donald Attwatter: The Christian Churches of the East, P. 67)

1943-ലാണു മോസ്കോയിലെ ദൈവശാസ്ത്ര അക്കാദമി പുതുക്കിപ്പണിയുന്നതിന്—അവിടെ 4 വർഷ കോഴ്സാണുള്ളത്—റഷ്യൻ ഗവണ്മെൻറ് തീരുമാനിച്ചത്. ലെനിൻഗ്രാഡിലും ഇതുപോലൊന്നു പുതുതായി തുറന്നിട്ടുണ്ട്. വേറേയും കുറഞ്ഞ പരിശീലനകോഴ്സുകളോടുകൂടിയ 8 സെമ്മിനാരികൾ റഷ്യയിൽ പുതുതായി തുടങ്ങിയിട്ടുണ്ട്.

### വിശ്വാസികൾ

വിശ്വാസികളുടെ ഇന്നത്തെ അവസ്ഥയെപ്പററി വ്യക്തമായി അറിയാൻ പാടില്ല. ആകെ '200' ലക്ഷം ആളുകളുണ്ട്. പലതരം ക്രിസ്ത്യാനികൾ, യൂദന്മാർ, മുഹമ്മദീയർ ഇവരൊക്കെയും ഇവിടെയുണ്ട്. 30 ലക്ഷത്തോളം ആളുകൾ വ്യക്തമായും ഓർത്തഡോക്സ് സഭാംഗങ്ങളാണ്. അവിടെ പള്ളികളുടെ എണ്ണം വളരെ പരിമിതമാണ്.

(തുടരും)

*കുട്ടികൾക്കൊരു കുഞ്ഞിപ്പാട്ട്*

# ശാപവും ശാപമോക്ഷവും

— വർഗ്ഗീസ് ജെ. മാളിയേക്കൽ —

*(ആററുമ്മണമ്മേലെ.......... പോലെ)*

താതന്റെ കല്പന ധിക്കരിച്ചു
ആദവും ഹവ്വായും തെററുചെയ്തു.
താതനവരെ ശപിച്ചുകൊണ്ടു
നീതിക്കു ചേർന്നൊരു ശിക്ഷ നൽകി.
ദൈവം അന്നേദേനിൽനിന്നവരെ
എന്നന്നേയ്ക്കുമായി ബഹിഷ്കരിച്ചു.
സ്വർഗ്ഗത്തിൻ വാതിലവർക്കുനേരെ
നിത്യപിതാവങ്ങടച്ചുപൂട്ടി.
പാപം പിഴയ്ക്കയാൽ സ്വർഗ്ഗരാജ്യം
ആദവും ഹവ്വായും നഷ്ടമാക്കി.
ആകയാൽ പിന്നെ ജനിച്ചവർക്കും
ആ നിത്യഭാഗ്യം കൈവിട്ടുപോയി.
ആദിപിതാക്കൾ പിഴയ്ക്കയാലാ-
പാപംതാൻ ബാധിച്ചു നമ്മളേയും.
അവ്വിധമുണ്ടായ പാപമല്ലോ
ഉത്ഭവപാപമെന്നോതിടുന്നു.

എങ്കിലും താതൻ വെടിഞ്ഞതില്ല
തൻകരസൃഷ്ടികളാമവരെ.
എല്ലാരും മോക്ഷത്തിൽ ചെന്നുകാണാൻ
നല്ല പിതാവേററമാഗ്രഹിച്ചു.
നേരിൽ ആദത്തേയും ഹവ്വയേയും
മേലിൽ ജനിക്കുന്ന സർവ്വരേയും
അങ്ങവർക്കുണ്ടാകും മക്കളേയും
ഓർത്തുകൊണ്ടങ്ങെത്ര വേദനിച്ചു!
അപ്പാപമുക്തിക്കു മാർഗ്ഗമെന്തെ-
ന്നുൾപ്രേമമോടൊട്ടു ചിന്തചെയ്തു
തൻരണ്ടാമാളെത്താൻ രക്ഷകനായ്
തന്നിടാൻതന്നെയനുഗ്രഹിച്ചു.



ഉദ്ദിഷ്ടകാര്യം
സാധിച്ചതിനു
ഉപകാരസ്മരണ.
വൈകിയതിൽ
ക്ഷമാപണം

K. V. B.

# സൊഡാലിററി ഇന്നത്തെ ലോകത്തിൽ

— ഏ. തണ്ണിപ്പാറ എസ്. ജെ. —

"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു." നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോടരുളിച്ചെയ്ത വാക്കുകളാണിവ. തന്റെ ശിഷ്യന്മാരോടു മാത്രമല്ല, ദൈവരാജ്യം ലോകമെങ്ങും വ്യാപിപ്പിക്കുവാൻ പടപൊരുതുന്ന ഓരോ ധീരാത്മാവിനോടും ഈ വാക്കുകൾ നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു എന്നതാണ് പരമാർത്ഥം.

ഒരു സൊഡാലിററിയുടെ അംഗമായോ, പിൽക്കാലത്ത് വീട്ടിലോ, സ്കൂളിലോ, ഔദ്യോഗികരംഗത്തോ, എപ്പോഴും ഭൂമിയുടെ ഉപ്പ് എന്ന ബഹുമതിക്ക് അർഹമായ വിധം പ്രവർത്തിക്കുവാൻ എങ്ങനെയാണ് നമുക്കു സാധ്യമാവുക?

ഈ പ്രശ്നത്തിനൊരു പരിഹാരം കണ്ടെത്തുന്നതിനു സൊഡാലിററിയുടെ പ്രവർത്തനചൈതന്യം എന്താണെന്നു നാം നന്നായിട്ടറിയണം. സൊഡാലിററിയുടെ അംഗങ്ങൾ സ്വയം ഭരമേല്ക്കുന്ന കർത്തവ്യങ്ങൾ മുഖ്യമായി രണ്ടാണ്.

നമ്മുടെ സ്വർഗ്ഗീയമാതാവായ മറിയത്തിന്റെ സഹായത്തോടെ ജീവിതവിശുദ്ധി നേടാൻ പരിശ്രമിക്കുക എന്നതാണ് ഒന്നാമത്തെ കർത്തവ്യം. ക്രിസ്തുവിനുവേണ്ടി ലോകത്തെ കീഴടക്കണമെങ്കിൽ, ക്രിസ്തുവിന്റെ രാജ്യം നമ്മുടെ ഹൃദയങ്ങളിൽ ആദ്യമേ സ്ഥാപിക്കണം.

രണ്ടാമതായി ഒരു നല്ല കത്തോലിക്കൻ എന്ന നിലയിൽ തന്റെ അയൽക്കാരന്റെ ആത്മാവിനെ രക്ഷിക്കുവാനും വിശുദ്ധീകരിക്കുവാനും അയാൾക്കു കടമയുണ്ട്. അത്മായനേതാക്കളെയും പ്രേഷിതരേയും സഭയ്ക്കിന്നു വളരെ ആവശ്യമുണ്ട്. സഭ അവരെ സ്വാഗതം ചെയ്യുന്നുമുണ്ട്.

സഭയിന്ന് അകത്തുനിന്നും ശത്രുതയെ നേരിട്ടുകൊണ്ടിരിക്കുന്നു എന്നതാണ് ഇതിന്റെ ഒരു പ്രധാന കാരണം. ഫ്രാൻസ്, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിൽ വിശ്വാസികളുടെ ഒരു നല്ല വിഭാഗം തങ്ങളുടെ വിശ്വാസം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ തല്പരരായിക്കാണുന്നില്ല.

പുറത്തുനിന്നുള്ള ശത്രുത ഇതിലും ആപൽക്കരമാണ്. പരിഷ്കാരത്തിന്റെ കുട പിടിച്ച യൂറോപ്പിലും പുരോഗതിയുടെ രാജപാതയിലൂടെ മുന്നോട്ടു നീങ്ങുന്ന നമ്മുടെ ഇന്ത്യയിലും ഉണരുന്ന ആഫ്രിക്കയിലും അനേകം കോടി ആത്മാക്കളിൻ നാസ്തികതത്വശാസ്ത്രങ്ങൾ വിഷം കലർത്തുകയാണിന്ന്.

ഈ പരിതസ്ഥിതികളുടെ ഗൗരവം ശരിക്കു നാം മനസ്സിലാക്കുകയാണെങ്കിൽ, ഒരു വസ്തുത നമുക്കു മറക്കുവാൻ സാധ്യമല്ല. ഉറച്ച വിശ്വാസമുള്ള, ജീവിത വിശുദ്ധികൊണ്ടും ആത്മത്യാഗംകൊണ്ടും മററുള്ളവർക്കു നേതൃത്വം നൽകാൻ കെല്പുള്ള ഒരു കൂട്ടം കത്തോലിക്കാ യുവജനങ്ങളെ ഓരോ ഇടവകയിലും ആവശ്യമായിരിക്കുന്നു. അംഗസംഖ്യയുടെ വലുപ്പമല്ല, പിന്നെയോ അംഗങ്ങളുടെ ആത്മശേഷിയാണ് സൊഡാലിററിയുടെ വിജയരഹസ്യം.

സഭയുടെ വളർച്ചയ്ക്കുവേണ്ടി, തന്റെ ജീവിതാന്തസ്സിനനുസരിച്ച് പ്രയത്നിക്കുവാൻ ഓരോ കത്തോലിക്കനും കടമയുണ്ട്. കഴിഞ്ഞ നാലു ശതാബ്ദങ്ങളിൽ ലോകമാകെയുള്ള സൊഡാലിററി ഈ വിഷയത്തിൽ ചെയ്തിട്ടുള്ള പ്രയത്നം നമുക്കു വഴി കാണിക്കട്ടെ.

പരസ്നേഹപ്രവൃത്തികളാണ് ക്രിസ്തുവിന്റെ സുവിശേഷം പരത്തുന്നതിനുള്ള ഒരു പ്രധാന മാർഗ്ഗം. രോഗികളെ ആശ്വസിപ്പിക്കുക, അഗതികളെ സഹായിക്കുക, പ്രാർത്ഥനയും പണവുംകൊണ്ട് മിഷനറിമാരെ സഹായിക്കുക, മതപഠനക്ലാസ്സുകൾ നടത്തുക മുതലായവ സൊഡാലിററിയുടെ പ്രവർത്തനങ്ങളിൽ മുഖ്യമായവയാണ്.

നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ട മറെറാരു പ്രധാനകാര്യം കത്തോലിക്കാ പ്രസിദ്ധീകരണങ്ങളാണ്. സ്കൂളുകളിലും കോളെജുകളിലുംനിന്ന് നമ്മുടെ യുവജനങ്ങൾ പുറത്തു വരുമ്പോൾ അവരുടെ അഭിപ്രായഗതിയിൽ ഏററവുമധികം സ്വാധീനം ചെലുത്തുന്നത് പത്രമാസികകളും പുസ്തകങ്ങളുമാണ്. വളരുന്ന മലയാളസാഹിത്യത്തിൽ ക്രിസ്തുവിനും അവിടുത്തെ സുവിശേഷത്തിനും പ്രമുഖമായ ഒരു പങ്കു വഹിക്കുവാൻ കഴിയുമോ എന്ന് ആരാണ് തീരുമാനിക്കേണ്ടത്? ക്രിസ്തുവിന്റെ വിരോധികളാണോ? അല്ല. നാമോരോരുത്തരുമാണ് തീരുമാനിക്കേണ്ടത്.

കലയുടേയും സാഹിത്യത്തിന്റേയും വളരെ വിലപിടിച്ച ഒരു പിതൃസ്വത്തു നമുക്കു കൈവന്നിട്ടുണ്ട്. അവയെല്ലാം അഭ്യസിക്കാനും ഉപയോഗപ്പെടുത്താനും നമ്മുടെ യുവജനങ്ങൾ ഉത്സാഹം കാണിക്കുകയാണെങ്കിൽ, മലയാളത്തിൽ കലയുടേയും സാഹിത്യത്തിന്റേയും ഒരു നവോത്ഥാനം നമുക്കു പ്രതീക്ഷിക്കാം.

പുസ്തകങ്ങളെഴുതുവാൻ നമുക്കെല്ലാവർക്കും കഴിഞ്ഞില്ലെന്നുവരാം. എന്നാൽ എല്ലാവർക്കും ഏർപ്പെടാവുന്ന ചില പ്രവർത്തനങ്ങൾ ഉണ്ട്. നമ്മുടെ പ്രസിദ്ധീകരണങ്ങൾ വായിക്കാൻ താല്പര്യമുള്ള എത്രയോ അക്രൈസ്തവർ നമ്മുടെ ഇടയിലുണ്ട്. ക്രിസ്തീയഭവനങ്ങളിൽനിന്ന് പ്രസിദ്ധീകരണങ്ങൾ ശേഖരിച്ച് സൗജന്യമായി വിതരണം ചെയ്യാൻ യുവജനങ്ങൾ സന്നദ്ധരായിരുന്നെങ്കിൽ!

(ശേഷം 126-ാംപേജിൽ)

ജീവചരിത്രം

# രക്തസാക്ഷിണിയാ

ഇംഗ്ലണ്ടിൽ യോക്ക് നഗരമായിരുന്നു മാർഗ്ഗരററ് ക്ലിതെറൊയുടെ ജന്മദേശം. അവളുടെ ഭർത്താവായ ജോൺ ക്ലിതെറൊ ഒരു കശാപ്പുകാരനായിരുന്നെങ്കിലും സാമാന്യം ധനികനും രാഷ്ട്രീയകാര്യങ്ങളിൽ തല്പരനുമായിരുന്നു. എലിസബത്തു മഹാരാജ്ഞി ഇംഗ്ലണ്ടു ഭരിച്ചിരുന്ന കാലം. ക്ലിതെറൊ ദമ്പതികൾ കത്തോലിക്കരായിരുന്നില്ല. വിവാഹാനന്തരം രണ്ടു കൊല്ലം കഴിഞ്ഞു് മാർഗ്ഗരററ് കത്തോലിക്കാമതം സ്വീകരിച്ചു. അവൾക്കു ഹെൻറി, വില്യം, അന്ന എന്നിങ്ങനെ മൂന്നു സന്താനങ്ങളുണ്ടായി. പതിനാലു കൊല്ലത്തെ ദാമ്പത്യജീവിതത്തിനുശേഷം സ്വഗൃഹത്തിൽ കത്തോലിക്കാ വൈദികർക്കു് അഭയം നല്കിയെന്ന കുററത്തിനു മാർഗ്ഗരററ് അറസ്ററുചെയ്യപ്പെട്ടു. "അങ്ങേ വചനംപോലെ എനിക്കു ഭവിക്കട്ടെ" എന്ന വാക്കുകളാൽ ദൈവദൂതന്റെ സന്ദേശം കന്യകാമറിയം സ്വീകരിച്ച തിരുനാൾ തിരുസഭ ആഘോഷിക്കുന്നതു മാർച്ചുമാസം 25-ാംനു-യാണല്ലൊ. ഇംഗ്ലണ്ടിൽ ഈ ദിവസം 'മേരീദിനം' എന്നാണ് അറിയപ്പെടുന്നതു്. അന്നേദിവസം മാർഗ്ഗരററ് ക്ലിതെറൊ കാരാഗൃഹത്തിന്റെ തറയിൽ ബന്ധിതയായി കല്ലുകൊണ്ടു ചതച്ചു കൊല്ലപ്പെട്ടു. അന്നു അവൾക്കു മുപ്പതു വയസ്സു പ്രായമായിരുന്നു.

ക്ലിതെറോ കുടുംബം സ്ഥിതിചെയ്തിരുന്ന ഷാമ്പ്ൾസ് തെരുവ് ഇന്നും കാണാം. യോക്കിലെത്തുന്ന സന്ദർശകർക്ക് ഒരു രക്തസാക്ഷിണിയുടെ ഭവനമായ പ്രസ്തുത ഗൃഹം ഒരു പ്രധാന സന്ദർശനസ്ഥലമാണ്. താഴത്തെ നിലയിൽ കശാപ്പുജോലിക്കുള്ള മുറികളും മുകളിലെ നിലയിൽ കുടുംബാംഗങ്ങളുടെ ഉപയോഗത്തിനുള്ള മുറികളും ആയിരുന്നു. ജോൺ പലപ്പോഴും ഓരോ രാഷ്ട്രീയ ചടങ്ങുകളിൽ സംബന്ധിക്കാൻ പോയിരുന്നതിനാൽ മാർഗ്ഗരററാണ് വീട്ടുകാര്യങ്ങൾ നോക്കിയിരുന്നതു്. പക്ഷെ അവൾക്ക് എഴുതാനോ വായിക്കാനോ കണക്കു സൂക്ഷിക്കാനോ വലിയ അറിവൊന്നുമില്ലാഞ്ഞതിനാൽ ചിലപ്പോൾ പണനഷ്ടം നേരിട്ടിരുന്നു. എങ്കിലും അതിൽ അവൾ വ്യസനിക്കുകയോ കോപിക്കുകയോ ചെയ്തില്ല. പണം നഷ്ടപ്പെട്ടുവെന്നു് അറിയുമ്പോൾ അവൾ പറയും: "ഭൗതികമായ ഒന്നിന്റെയും നഷ്ടത്തിൽ ഞാൻ വ്യസനിക്കുകയില്ല. ഉള്ള പണം ദൈവമഹത്വത്തിനായി ഉപയോഗിക്കാൻ സാധിക്കേണേ എന്നാണു് എന്റെ പ്രാർത്ഥന."

മാർഗ്ഗരററ തിരുസഭാമാതാവിനെ ആശ്ലേഷിച്ച കാലം അത്ര ശുഭോദർക്കമായിരുന്നില്ല. കത്തോലിക്കാ വൈദികർക്കു് അഭയം നല്കുക നിയമത്തിൽ രാജദ്രോഹ കുററമായി പെടുത്തിയിരുന്നു. മാത്രമല്ല, അങ്ങനെ അഭയം നല്കുന്നവരെ അധികാരികൾക്കു് ഏല്പിക്കുന്ന ചാരന്മാർക്കും വഞ്ചകന്മാർക്കും ഗണ്യമായ സംഭാവനകൾ ലഭിച്ചിരുന്നു. മാർഗ്ഗരററ് പ്രൊട്ടസ്റ്റാൻറ ദൈവാലയങ്ങളിൽ പോകാൻ വിസമ്മതിച്ചപ്പോൾ അവൾ കത്തോലിക്കയാണു് എന്ന യാഥാർത്ഥ്യം വെളിപ്പെട്ടു. തന്മൂലം അവളുടെ പേരിൽ വലുതായ സംഖ്യകൾ പിഴയിട്ടു. മാത്രമല്ല, വേഷപ്രച്ഛന്നരായി ഒളിഞ്ഞു നടന്നു് രഹസ്യത്തിൽ ദിവ്യബലി അർപ്പിക്കുകയും കൂദാശകൾ വിതരണംചെയ്യുകയും ചെയ്തിരുന്ന പുരോഹിതരുമായി അവൾ സമ്പർക്കം പുലർത്തിയിരുന്നുവെന്നു സംശയിക്കപ്പെട്ടു. വൈദികർ അവളുടെ വീട്ടിൽ താമസിക്കുകയും അവിടെ കുർബ്ബാന ചൊല്ലുകയും പതിവായിരുന്നു. യോക്കിൽ വളരെ പേർക്ക് അതു് അറിവുണ്ടായിരുന്നു. മാർഗ്ഗരററ് അതു രഹസ്യംവയ്ക്കുന്നതിൽ അത്ര ശ്രദ്ധിച്ചില്ല. തന്റെ വീട്ടിൽ ഒരു വൈദികൻ വന്നാൽ അവൾ തന്റെ സുഹൃത്തുക്കളെ വിവരമറിയിക്കുകയും അവർ കുർബ്ബാന കാണാൻ വരികയും ചെയ്യും. ആരും അവളെ ചതിച്ചില്ല. അധികാരികൾക്കു തങ്ങളുടെ സംശയങ്ങൾ തെളിയിക്കാൻ ഒരിക്കലും സാധിച്ചില്ല. അവർ പലപ്പോഴും അവളുടെ ഭവനം പരിശോധിക്കുകയുണ്ടായി. ഒരിക്കൽ അവളെ രണ്ടു കൊല്ലത്തോളം തടവിലിട്ടു. അതിൽ കൂടുതൽ ശിക്ഷിക്കത്തക്ക ഒരു കുററം കണ്ടുപിടിക്കാൻ അവർക്കു കഴിഞ്ഞില്ല. തടവിൽ കഴിച്ചുകൂട്ടിയ കാലം എഴുത്തും വായനയും പഠിക്കാൻ അവൾ ഉപയോഗിച്ചു.

1580-ാം വർഷത്തിന്റെ ആരംഭത്തിൽ കത്തോലിക്കർക്കെതിരായി പൂർവ്വാപരി കഠിനമായ നിയമങ്ങൾ നടപ്പിൽ വന്നു. ഒരു ദിവസം മാർഗ്ഗരററിന്റെ ഭവനത്തിൽ ദിവ്യബലിക്കു ശേഷം ഒരു സ്നേഹിത അവളെ ഉപദേശിച്ചു മേലിൽ അതു് ഒരിക്കലും തുടരരുതെന്നു്. മാർഗ്ഗരററ് അപ്പോൾ അടുത്ത വീട്ടിലും തെരുവിന്റെ അററത്തു് ഒരു വീട്ടിലും ആവശ്യാനുസരണം ഉപയോഗിക്കാനായി ഓരോ ഒളിമുറികൾ പണിയിച്ചു. അവളുടെ വീട്ടിൽനിന്നു പ്രസ്തുത മുറികളിലേയ്ക്കു രഹസ്യമാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. സഭാവൈരികളുടെ മൂക്കിനു താഴെതന്നെ ഇങ്ങനെ ദൈവസേവനം അനുഷ്ഠിക്കാൻ കഴിഞ്ഞതിൽ അവൾ അഭിമാനംകൊണ്ടു. ചിലപ്പോൾ ഒട്ടു വളരെ വൈദികർ അവളുടെ ഗൃഹത്തിൽ വന്നുചേരും. അവർ എല്ലാവരും അവിടെ ദിവ്യബലി അർപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യും. പിന്നീടു വൈദികർ കുട്ടികളെ വേദോപദേശം പഠിപ്പിക്കും.

സിസ്റ്റർ ടെറസിററ സി. ഡി., ബി. എസ്‌സി., എൽ. ററി.

# മാർഗരററ് ക്ളിതെറൊ

എല്ലാം കഴിയുമ്പോൾ തിരുവസ്ത്രങ്ങളും മററും വീണ്ടും ഒളിച്ചുവയ്ക്കും. മാർഗ്ഗരററിന്റെ ഹൃദയത്തിൽ സന്തോഷം കവിഞ്ഞൊഴുകി. ചിലപ്പോൾ അവൾ വിചാരിക്കും, "ഇത്രയധികം സന്തോഷം ദൈവത്തിനു് ഇഷ്ടമാകുമോ?" എന്നു്.

ഇക്കാലമത്രയും അവൾ പ്രൊട്ടസ്റ്റാൻറ മതകർമ്മങ്ങളിൽ സംബന്ധിക്കാത്തതിനു കൊടുക്കേണ്ടിയിരുന്ന പിഴയെല്ലാം അവളുടെ ഭർത്താവു് കൊടുത്തുവന്നു. അദ്ദേഹം അവയിൽ പങ്കുകൊണ്ടിരുന്നു. എങ്കിലും തന്റെ മക്കൾ അങ്ങനെ ചെയ്യണമെന്നു് അദ്ദേഹം നിർബന്ധിച്ചില്ല. അദ്ദേഹം തന്റെ ഭാര്യയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തെങ്കിലും കത്തോലിക്കാസഭയിൽ അദ്ദേഹം വിശ്വസിച്ചില്ല. ഒരിക്കൽ ജോണും മാർഗ്ഗരററും ഒരു വിരുന്നിൽ പങ്കുകൊള്ളുമ്പോൾ ജോൺ പറഞ്ഞു, "കത്തോലിക്കർ ഉപവസിക്കുകയും ദീർഘസമയം പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവർ മററുള്ളവരെക്കാൾ നല്ലവരാണെന്നു ഞാൻ വിശ്വസിക്കുന്നില്ല." മാർഗ്ഗരററ് ഇതു കേട്ട് ദുഃഖത്തോടെ കരഞ്ഞു. താൻ അവളെ ഉദ്ദേശിച്ചല്ല പറഞ്ഞതു് എന്നു പറഞ്ഞു് അദ്ദേഹമുടൻ ക്ഷമാപണം ചെയ്തു. മാർഗ്ഗരററിനു് അറിയാമായിരുന്നു താൻ അദ്ദേഹത്തെ സ്നേഹിക്കുന്നതുപോലെ അദ്ദേഹം തന്നേയും സ്നേഹിക്കുന്നുണ്ടെന്നു്. അവൾ കരഞ്ഞതു് തന്റെ ഭർത്താവു് തിരുസ്സഭയിൽനിന്നു വളരെ അകന്നു നില്ക്കുന്നു എന്നു കണ്ടതുകൊണ്ടാണ്. ധനനഷ്ടം, അധികാരികളുടെ സംശയം, കാരാഗൃഹവാസം ഇവയൊന്നും മാർഗ്ഗരററിനെ പര്യാകുലയാക്കിയില്ല. പക്ഷെ സ്വഭർത്താവിനു സത്യമതത്തിൽ വിശ്വസിക്കാൻ കഴിയുന്നില്ലെന്നു കണ്ടപ്പോൾ അവൾ ദുഃഖിതയായി. എങ്കിലും അവൾ അദ്ദേഹത്തെ ഹൃദയപൂർവ്വം സ്നേഹിച്ചു.

തന്റെ മക്കൾക്കു കത്തോലിക്കാ വിദ്യാഭ്യാസം നല്കുന്നതിനു മാർഗ്ഗരററ് തീവ്രമായി അഭിലഷിച്ചു. ഇംഗ്ലണ്ടിൽ അക്കാലത്തു വൈദികർ അദ്ധ്യാപനവൃത്തിയിൽ ഏർപ്പെട്ടിരുന്നില്ല. വിശ്വാസത്തെപ്രതി കാരാഗൃഹവാസം വരിച്ച സ്റ്റെപ്പ്ൾട്ടൻ എന്നൊരാളെപ്പററി മാർഗ്ഗരററ് കേട്ടിരുന്നു. അവളുടെ ഗൃഹത്തിൽ മുകളിലെ ഒരു മുറിയിൽ അദ്ദേഹം അവളുടെ കുട്ടികളെ പഠിപ്പിക്കാൻ തുടങ്ങി. ക്രമേണ അടുത്ത വീടുകളിലെ കുട്ടികളും അവിടെ വന്നു. അവരിൽ പത്തു വയസ്സുള്ള ഒരു കുട്ടി ഫ്ളാന്റേഴ്സിൽനിന്നു വന്നവനായിരുന്നു. ഇങ്ങനെ രഹസ്യമായി സ്കൂളിൽ പോകുന്ന രീതി അവനു് അസാധാരണമായി തോന്നി. മാർഗ്ഗരററ് തന്റെ പുത്രന്മാർ വൈദികരായി കാണാൻ അത്യധികം ആഗ്രഹിച്ചു. പക്ഷെ ഇംഗ്ലണ്ടിൽ അന്നു കത്തോലിക്കാ സെമിനാരികൾ ഉണ്ടായിരുന്നില്ല. തന്നിമിത്തം അവൾ തന്റെ മൂത്ത മകനെ ഫ്രാൻസിലേയ്ക്കയച്ചു. പക്ഷെ അതിന്റെ ഫലം ഭയാനകമായിരുന്നു. അവളുടെ ഹ്രസ്വജീവിതത്തിന്റെ ധീരഭാഗം അതോടെ ആരംഭിച്ചു.

ജോൺ ക്ലിതെറൊയുടെ മകൻ ഫ്രാൻസിലേയ്ക്കു വൈദികപഠനത്തിനു പോയ വിവരം അറിഞ്ഞ അധികാരികൾ അതിനു സമാധാനം പറയണമെന്നു് അദ്ദേഹത്തോടു് ആവശ്യപ്പെട്ടു. അവർ അദ്ദേഹത്തെ വിസ്തരിക്കുന്ന സമയം പോലീസ് അദ്ദേഹത്തിന്റെ ഭവനം പരിശോധിച്ചു. അപ്പോൾ മിസ്റ്റർ സ്റ്റെപ്പ്ൾട്ടൻ മുകളിലെ മുറിയിൽ ക്ലാസ്സ് എടുക്കുന്നുണ്ടായിരുന്നു. ഊരിപ്പിടിച്ച വാളുമായി അവിടെ എത്തിയ പോലീസുകാരൻ സ്റ്റെപ്പ്ൾട്ടൻ ഒരു വൈദികനാണെന്നു കരുതി പുറമെ നിന്നു വാതിൽ ബന്ധിച്ചു് കൂട്ടുകാരെ വിളിച്ചു. അവർ വന്നുചേരുന്നതിനു മുൻപു് രഹസ്യമാർഗ്ഗം വഴി അദ്ദേഹം രക്ഷപ്പെട്ടു. അട്ടഹസിച്ചടുത്ത പോലീസു് വാതിൽ തുറന്നപ്പോൾ കണ്ടതു് ഭയവിഹ്വലരായി പതുങ്ങിയിരിക്കുന്ന ഏതാനും കുട്ടികളെ മാത്രമാണു്. കുപിതരായ അവർ കുട്ടികളെ പല വിധത്തിലും ദ്രോഹിച്ചെങ്കിലും ഫലമുണ്ടായില്ല. തന്നിമിത്തം അവർ കുട്ടികളെ കാരാഗൃഹത്തിലാക്കി. അടുത്ത ദിവസം പോലീസ് അവരെ വീണ്ടും ഭീഷണിപ്പെടുത്തിയപ്പോൾ ഫ്ളാന്റേഴ്സുകാരനായ കുട്ടി അവരെ മാർഗ്ഗരററിന്റെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി രഹസ്യമാർഗ്ഗവും പൂജാവസ്ത്രങ്ങളും മററും സൂക്ഷിച്ചുവച്ചിരുന്ന മുറിയും അവരെ കാണിച്ചുകൊടുത്തു. അങ്ങനെ അധികാരികൾക്കു് മാർഗ്ഗരററ് സ്വഭവനത്തിൽ വൈദികരെ താമസിപ്പിച്ചിരുന്നുവെന്നും അവിടെ ദിവ്യബലി അർപ്പിക്കാൻ അവരെ അനുവദിച്ചിരുന്നുവെന്നും ഉള്ളതിനു തെളിവുകൾ കിട്ടി.

അവൾ തന്റെ കത്തോലിക്കാ വിശ്വാസം തങ്ങളുടെ മുഖത്തുവച്ചു നിർഭയം പ്രത്യക്ഷമാക്കിയതിൽ രോഷാകുലരായ അധികാരികൾ അവളെ കുററക്കാരിയായി വിധിക്കുന്നതിനു ബദ്ധപ്പെട്ടു. പക്ഷെ കുററാരോപണത്തിൽ ഒരു ന്യൂനതയുണ്ടായിരുന്നു. തിരുവസ്ത്രങ്ങളും മററും സൂക്ഷിക്കുന്നതു് വൈദികർക്കു് അഭയം നൽകുന്നതുപോലെ ശിക്ഷാർഹമായിരുന്നില്ല. വൈദികർക്കു് അഭയം നല്കിയതിനു തെളിവു് ഒരു കൊച്ചുകുട്ടിയുടെ വാക്കുകൾ മാത്രമായിരുന്നു. അതിനാൽ മാർഗ്ഗരററിനെ വിസ്തരിച്ചു കുററം തെളിയിക്കുക ആവശ്യമായിരുന്നു.

തന്നിമിത്തം അവൾ കോടതിയിലേയ്ക്കു വിളിക്കപ്പെട്ടു. അവൾ ആദ്യമായി കോടതിയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ജഡ്ജിയും ജ്യൂറിമാരും സംഭ്രാന്തരായി. അവൾ കുററം സമ്മതിക്കുകയോ നിഷേധിക്കുകയോ ചെയ്യണമെന്നു നിയമമുണ്ടായിരുന്നു. "നിങ്ങൾ കുററം സമ്മതിക്കുന്നുവോ അതോ നിഷേധിക്കുന്നുവോ?" എന്ന ചോദ്യത്തിനു "ഞാൻ ഒന്നും ചെയ്യുന്നില്ലാ" എന്നാണ് അവൾ നല്കിയ പ്രത്യുത്തരം. പ്രസ്തുത പ്രത്യുത്തരത്തിന്റെ അനന്തരഫലം അവൾക്കു നല്ലപോലെ അറിയാമായിരുന്നു. അവൾ വേണ്ടവിധം ആലോചിച്ചുതന്നെയാണ് അങ്ങനെ പറഞ്ഞതും. അവൾ എന്തു പറഞ്ഞാലും അതു കത്തോലിക്കർക്കെതിരായ പ്രസ്തുത നിയമത്തിനു് ആംഗ്ലേയനിയമത്തിൽ ഒരു സ്ഥാനമുണ്ടെന്നു സമ്മതിക്കുകയായിരിക്കും; നീതിവിരുദ്ധമായ ആ നിയമത്തിനു് അങ്ങനെ ഒരു സ്ഥാനം ഉണ്ടായിരുന്നില്ല. കുററക്കാരിയല്ലെന്നു വാദിച്ചാൽ അവർ അവളുടെ ഭർത്താവിനേയും മക്കളേയും വിസ്തരിക്കും. അപ്പോൾ അവർ നുണപറഞ്ഞു് അവളെ രക്ഷിക്കുകയോ സത്യം സമ്മതിച്ചു് അവളെ മരണത്തിനു് ഏല്പിക്കുകയോ ചെയ്യേണ്ടിവരും. ഈ ദുരന്തം അവർക്കു നേരിടാതിരിക്കാൻ അവൾ മൗനം ഭജിച്ചു.

പക്ഷെ അങ്ങനെ മൊഴികൊടുക്കാൻ വിസമ്മതിക്കുന്നവർക്കു് ആംഗ്ലേയനിയമത്തിൽ ഭയാനകമായ ഒരു ശിക്ഷയുണ്ടായിരുന്നു — കുററക്കാരെ ചതച്ചു കൊല്ലുക. മാർഗ്ഗരററിന്റെ വിധികർത്താക്കൾ നിർദ്ദയരായിരുന്നെങ്കിലും ഈ ശിക്ഷ നല്കാൻ അവർക്കു് ഇഷ്ടമുണ്ടായിരുന്നില്ല. അതുകൊണ്ടു് അവൾ മൊഴി കൊടുക്കണമെന്നു് അവർ വീണ്ടും വീണ്ടും അവളോടു് ആവശ്യപ്പെട്ടു. പക്ഷെ എല്ലായ്പോഴും അവളുടെ പ്രത്യുത്തരം ഇങ്ങനെ ആയിരുന്നു: "ഞാൻ എന്റെ കേസു ദൈവത്തിനും നിങ്ങളുടെ മനസ്സാക്ഷിക്കും മാത്രം വിട്ടുതരുന്നു." മാർച്ച് 14_ാംനു- അവളുടെ വിധി പ്രസ്താവിച്ചു. അവളെ മരണശിക്ഷയ്ക്കു വിധിച്ചുവെന്നു കേട്ടപ്പോൾ ജോൺ പൊട്ടിക്കരഞ്ഞുകൊണ്ടു പറഞ്ഞു, "അവർ എന്റെ ഭാര്യയെ കൊന്നുകളയുമോ? അവർ എനിക്കുള്ളതെല്ലാം എടുത്തുകൊള്ളട്ടെ, അവളുടെ ജീവൻ തന്നാൽ മതി. ഈ ഇംഗ്ലണ്ടിൽ അവളെപ്പോലെ ഉത്തമയായ ഒരു ഭാര്യയോ അവളെപ്പോലെ വിശിഷ്ടയായ ഒരു കത്തോലിക്കാ സ്ത്രീയോ ഇല്ല." അറസ്റ്റു ചെയ്തതിൽപ്പിന്നെ അവർ പരസ്പരം കണ്ടിട്ടില്ല.

ചൊവ്വാഴ്ച രാത്രി പോലീസു് അവളെ അറിയിച്ചു മാർച്ച് 25_ാംനു- വെള്ളിയാഴ്ച അവൾ വധിക്കപ്പെടുമെന്നു്. വ്യാഴാഴ്ച അർദ്ധരാത്രി കഴിയുംവരെ അടുത്ത മുറിയിൽ ജയിൽവാസം അനുഭവിച്ചിരുന്ന ഒരാളുടെ ഭാര്യ മാർഗ്ഗരററിന്റെ അടുക്കൽ വന്നിരുന്നു. പിന്നീടു മൂന്നുമണിവരെ അവൾ മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചു. അനന്തരം പതിനഞ്ചു നിമിഷം തറയിൽ കിടന്നു. എന്നിട്ടു് എഴുന്നേററു കിടക്കയിൽ കിടന്നു.

കാലത്തു ഒമ്പതുമണിക്കു പോലീസു് അവളെ ജയിലിന്റെ വേറൊരു ഭാഗത്തേയ്ക്കു കൊണ്ടുപോയി. അവളുടെ ഘാതകരും ഒരു പ്രോട്ടസ്റ്റാന്റു പാതിരിയും അവിടെ ഉണ്ടായിരുന്നു. അവരോടു് ഒരു അക്ഷരം പോലും സംസാരിക്കാൻ അവൾ സമ്മതിച്ചില്ല. അവൾ തന്റെ നീണ്ട അങ്കി ധരിച്ചു് തറയിൽ മലർന്നു കിടന്നു. മുഖം ഒരു തൂവ്വാലകൊണ്ടു മൂടി. കൈകൾ കൂട്ടിപ്പിടിച്ചു. അവർ ഒരു കൂർത്ത കല്ലു് അവളുടെ നട്ടെല്ലിനു താഴെ വച്ചു. ഒരു വാതിൽപ്പലക അവളുടെ മീതെ വച്ചു. അനന്തരം കൈകൾ നീട്ടി നിലത്തുറപ്പിച്ചിട്ടുള്ള കുററികളിൽ ബന്ധിച്ചു. എന്നിട്ടു്, നിയമം അനുശാസിക്കുന്നതുപോലെ, എണ്ണൂററാത്തൽ ഘനംവരുന്ന കല്ലുകൾ പലകയുടെ മീതെ അവർ കൂമ്പാരം കൂട്ടി. കല്ലുകൾ വച്ചു തുടങ്ങിയപ്പോൾ, "ഈശോ, എന്റെമേൽ കരുണയായിരിക്കണെ!" എന്നു് അവൾ വിളിച്ചുപറഞ്ഞു. പലകയുടെ താഴെനിന്നു രക്തച്ചാലുകൾ ഒലിച്ചുവന്നു. പതിനഞ്ചു നിമിഷങ്ങൾക്കകം ധീരയായ അവളുടെ ആത്മാവു രക്തസാക്ഷിമകുടം ചൂടി.

മരിക്കുന്നതിനു മുൻപു് മാർഗ്ഗരററു തന്റെ കുടുംബത്തലവനായ ഭർത്താവിനോടു തനിക്കുള്ള സ്നേഹപൂർവ്വകമായ വിധേയത്വത്തെ കാണിക്കാൻ തന്റെ തൊപ്പി അദ്ദേഹത്തിനു് അയച്ചുകൊടുത്തു. തന്റെ ഏകപുത്രിയായ അന്നയ്ക്കു് അവൾ അമ്മയുടെ കാലടികൾ പിഞ്ചെല്ലണമെന്നു കാണിക്കാൻ ചെരിപ്പുകളും കൊടുത്തയച്ചു.

ഏതാനും വർഷങ്ങൾക്കുശേഷം മാർഗ്ഗരററിന്റെ രണ്ടു പുത്രന്മാരും വൈദികപട്ടം സ്വീകരിക്കുകയും അന്ന ആശ്രമജീവിതം വരിക്കുകയും ചെയ്തു.

* ഇംഗ്ലീഷിൽനിന്നു്

സേക്രഡ് ഹാർട്ട് ബുക്സ്റ്റാൾ :: കോളെജ് റോഡ്, തൃശ്ശൂർ_1.

പ്രാർത്ഥനപ്പുസ്തകങ്ങൾ, കൊത്തുരൂപങ്ങൾ, കുരിശുരൂപങ്ങൾ, പടങ്ങൾ, കൊന്ത മുതലായ എല്ലാ ഭക്തവസ്തുക്കളും മിതമായ നിരക്കിൽ വിററുവരുന്നു. ആകർഷണീയമായ കമ്മീഷൻ.

Prop: T. V. Joseph.

ചെറുകഥ

മൂന്നിലവ് അപ്പച്ചൻ

# കുഴിവെട്ടുകാരൻ

സിമൻറുകൊണ്ടു കെട്ടിയ തണൽമരച്ചുവട്ടിൽ പത്രോസ് താടിക്കു കൈയും കൊടുത്ത് ചിന്താമഗ്നനായിരുന്നു. അയാളുടെ മുഖത്ത് ദുഃഖത്തിൻെറ കരിനിഴലുകൾ സ്ഥലം പിടിച്ചു. വളർന്നുനിൽക്കുന്ന ശ്മശ്രുക്കളിൽ കൈ തടവിക്കൊണ്ടിരിക്കുന്ന അയാളുടെ മനസ്സ് എന്തോ തിരയുന്നതുപോലെ ഉഴലമിടുകയാണ്. ആ ഗവണ്മെൻറാശുപത്രിക്ക് ഒരു തിലകച്ചാർത്തുപോലെ ആ തണൽമരം ഒന്നുമറിയാത്തവനെപ്പോലെ തലയുയർത്തി നിൽക്കുകയാണ്. ആശുപത്രിഗേററ് കടന്ന് അനേകമനേകം ആളുകൾ വരികയും പോകുകയും ചെയ്തുകൊണ്ടിരുന്നു. ഒരു ഭാഗത്തുകൂടെ പല തരത്തിലുള്ള രോഗികൾ വന്നുകൊണ്ടിരുന്നു. പക്ഷെ ഇതൊന്നും ആ പാവപ്പെട്ടവൻ അറിയുന്നില്ല. ചെങ്കല്ലേൽ ഇടവകപ്പള്ളിയിലെ കുഴിവെട്ടുകാരനാണ് പത്രോസ്. വാതത്തിൻെറ ഉപദ്രവമുള്ളതിനാൽ കൂലിപ്പണി ചെയ്യുവാൻ അയാൾക്കു കഴിവില്ല. പള്ളിപ്പറമ്പിൽ ഒരു കൂര ഒടിച്ചുകുത്തിയാണ് പത്രോസും കുടുംബവും താമസിക്കുന്നത്. ആ വീട്ടിൽ അയാളെ കൂടാതെ ഭാര്യയും ഒരു മകനും മാത്രമേയുള്ളു. ആ പാവപ്പെട്ട ദമ്പതികളുടെ വളരെനാളത്തെ പ്രാർത്ഥനയുടേയും പരിത്യാഗത്തിൻേറയും ഫലമായി കിട്ടിയതാണ് കുഞ്ഞൗത.

കുഞ്ഞൗതയുടെ പരിശ്രമഫലംകൊണ്ടാണ് ആ ഭവനത്തിലുള്ളവർ പട്ടിണികൂടാതെ കഴിഞ്ഞുവന്നത്. ആ ദരിദ്രദമ്പതികളുടെ ഏകസന്താനം ഇന്നിതാ ആശുപത്രിയിലെ ഇരുമ്പുകട്ടിലിൽ ശയിക്കുന്നു. ഒരു ദിവസം പണി കഴിഞ്ഞു വന്നത് മഴ നനഞ്ഞായിരുന്നു. നേരം വെളുത്തപ്പോൾ പൊള്ളുന്ന പനിയാണ്. സാരമില്ലെന്നുംകണ്ടിരുന്നു. ദിവസം ചെല്ലുംതോറും പനി കൂടിക്കൊണ്ടേയിരുന്നു. കൈവശം ഉണ്ടായിരുന്ന കാശെല്ലാം ഒരോ മുറിവൈദ്യന്മാക്കു വീതിച്ചുകൊടുത്തു. അവസാനം ആശുപത്രിയെ ആശ്രയിക്കാതെ തരമില്ലാതായി. മകനെ ശുശ്രൂഷിക്കാൻവേണ്ടി ഒറോതയും ആശുപത്രിയിലാണ്. എന്തെല്ലാം മോഹനപ്രതീക്ഷകളോടെയാണ് ആ ദമ്പതികൾ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നത്. അവരുടെ ആശകളാകുന്ന പുഷ്പം വാടിത്തളർന്നിതാ കിടക്കുന്നു. പുത്രൻെറ തണലിൽ നിലകൊണ്ട മാതാപിതാക്കളെ വേദനയും പട്ടിണിയുമായ രാക്ഷസി കീഴടക്കിക്കളഞ്ഞു. കഞ്ഞിയുടെ വെള്ളം കുടിച്ചിട്ട് ദിവസങ്ങൾ പലതായി. രോഗിക്കുമാത്രം ആശുപത്രിയിൽനിന്നും ഭക്ഷണം കിട്ടും. പത്രോസ് ആ ഇടവകപ്പള്ളിയിലെ കുഴിവെട്ടുകാരനായിട്ട് നീണ്ട മുപ്പതു വർഷം കഴിഞ്ഞു. കുറച്ചു നാളായിട്ട് ആ ഇടവകയിൽ മരണം തീരെ കുറവാണ്. അഥവാ ഉണ്ടെങ്കിൽത്തന്നെയും തന്നെപ്പോലെ ദാരിദ്ര്യദുഃഖമനുഭവിക്കുന്നവരുടേതു്. ഒരു പണക്കാരൻ മരിക്കയാണെങ്കിൽ പത്രോസിനെ സംബന്ധിച്ചിടത്തോളം ഒരു സന്തോഷസുദിനമാണ്. ആ ഇടവകയിലെ പണക്കാരും പാവപ്പെട്ടവരും അവരുടെ അവസാനയാത്ര പത്രോസിൻെറ സമീപത്തുകൂടെയായിരിക്കും പോകുന്നത്.

പത്രോസ് ഒരു ശിലാപ്രതിമപോലെ അവിടെത്തന്നെ ഇരിക്കയാണ്. അയാളുടെ പുറത്ത് ഒരു അദൃശഹസ്തം സ്പർശിച്ചു. അയാൾ ഞെട്ടിയെഴുന്നേററ് തിരിഞ്ഞുനോക്കി. സഹധർമ്മിണി അടുത്തു നിൽക്കുന്നു. അയാൾ ചോദ്യരൂപേണ ഒറോതയുടെ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കി. "ഡോക്കിട്ടരേമാൻ വിളിക്കുന്നു." അവൾ മൊഴിഞ്ഞു. തോർത്തെടുത്ത് കഴുത്തിലിട്ട് ആശുപത്രിക്കുള്ളിലേയ്ക്കയാൾ കയറിച്ചെന്നു. അവിടെ ഒരു കട്ടിലിൽ ഒരസ്ഥിപഞ്ജരം കണക്കെ സ്വപുത്രൻ കിടക്കുന്നു. ആ രോഗിയുടെ ഞരക്കവും മൂളിച്ചയും നിമിഷംപ്രതി കൂടിവരികയാണ്. അടുത്തു കിടക്കുന്ന കട്ടിലിൽനിന്നും വേദനകളുടേയും വീർപ്പുമുട്ടലുകളുടേയും ശബ്ദമേ കേൾക്കാനുള്ളു. അവരുടെ ഒരോ രോദനവും ആ ആശുപത്രിക്കെട്ടിടത്തിൻെറ ഭിത്തിയിൽ തട്ടി പ്രതിധ്വനിച്ചുകൊണ്ടിരുന്നു. പത്രോസ് ഭയഭക്തിയോടെ ഡോക്ടറുടെ അടുത്തു ചെന്നു. അദ്ദേഹം തൻെറ ശ്രവണപുടങ്ങളിൽ സ്റ്റെതസ്കോപ്പു ഘടിപ്പിച്ച് ആ രോഗിയെ പരിശോധിച്ചു. ആ ഡോക്ടറോടു ചേർന്ന് ശുഭ്രവസ്ത്രധാരിയായ സ്നേഹത്തിൻെറ ഒരു സഹോദരി അദ്ദേഹത്തെ സഹായിക്കുവാൻ നിൽപ്പുണ്ടു്. മാലാഖമാരേപ്പോലെ എല്ലായ്പ്പോഴും മന്ദഹസിക്കുന്ന അധരങ്ങളോടെനേഴ്സുമാർ അവിടങ്ങളിൽ പറന്നു വിലസുന്നുണ്ടായിരുന്നു. അടുത്തു നിന്ന നേഴ്സിനോടു ഡോക്ടർ ഇംഗ്ലീഷിൽ പറഞ്ഞു. നേഴ്സുടനെ ഒരു കുറിപ്പു കൊടുത്തുകൊണ്ടു് പത്രോസിനോടു പറഞ്ഞു: "ഇതിൽ പറഞ്ഞിരിക്കുന്ന മരുന്ന് 24 മണിക്കൂറിനകം കൊണ്ടുവരണം. ഈ രോഗിയെകൊണ്ടുവന്നത് താമസിച്ചുപോയി." പത്രോസ് ആ കുറിപ്പും കയ്യിൽ പിടിച്ചുകൊണ്ട് ഒരു മരപ്പാവകണക്കെ നിലകൊണ്ടു. ഡോക്ടറുടെ പിറകെ നേഴ്സും അടുത്ത രോഗിയുടെ സമീപത്തേയ്ക്കു പോയി.

ഒറോത ഭർത്താവിനെ കുലുക്കിവിളിച്ചു. എന്താ ഇങ്ങനെ നിക്കുന്നെ, വേഗം മരുന്നു മേടിച്ചുകൊണ്ടുവരണം. രോഗിയിൽനിന്നും ഞരക്കവും മൂളിച്ചയും ഉയർന്നു. ആ ദമ്പതികൾ തങ്ങളുടെ സർവ്വസ്വമായ പുത്രൻെറ അടുത്തേക്കു മാറിനിന്നു. മോനെ! കുഞ്ഞൗതേ!! ആ വത്സലപിതാവ് തൻെറ രക്തവും മാംസവുമായ

മകനെ വിളിച്ചു. അവൻ കണ്ണു തുറന്നു് അപ്പനേയും അമ്മയേയും മാറിമാറി നോക്കി. അവസാനം ക്ഷൗരം ചെയ്യാത്ത പിതാവിന്റെ മുഖത്തു് അവൻ ദൃഷ്ടി ഉറപ്പിച്ചു. ആ നാലു കണ്ണുകൾ തമ്മിലിടഞ്ഞു. ആ സ്നേഹതാതന്റെ കണ്ണുകൾ നിറഞ്ഞു. മുഖത്തു വളർന്നു നില്ക്കുന്ന രോമങ്ങളിൽകൂടെ അശ്രുബിന്ദുക്കൾ ഇററിററുവീണുകൊണ്ടിരുന്നു. അയാൾ തോർത്തിന്റെ തുമ്പു കൊണ്ടു് കണ്ണുനീർ തുടച്ചുകളഞ്ഞു. പത്രോസ് മകനെ ആശ്വസിപ്പിച്ചു: "മോനെ, അപ്പനുടനെ വരാം, കേട്ടോ." പത്രോസ് പിന്നെ അല്പനേരംപോലും അവിടെ നിന്നില്ല. ഒറോത നടന്നുമറയുന്ന ഭർത്താവിനേയും നോക്കി ഒരു ശിലാപ്രതിമപോലെ നിന്നു.

ഏതാനും നിമിഷങ്ങൾക്കകം അയാൾ തിരിച്ചു വന്നു. കൈയിൽ മരുന്നിനു പകരം മുഖത്തു് വിഷാദത്തിന്റെ മൂടൽമഞ്ഞുമായാണു് വന്നതു്. "എന്താ! മരുന്നു കിട്ടിയില്ലേ....?" ഉദ്വേഗത്തോടെ ഒറോത ചോദിച്ചു. നെററിത്തടത്തേ സ്വേദകണങ്ങൾ വടിച്ചെറിഞ്ഞുകൊണ്ടു് അയാൾ പറഞ്ഞു. "17 രൂപാ 37 നയാ പൈസയാണു് മരുന്നുവില. തപ്പിപ്പെറുക്കിയിട്ടു് എന്റെ കൈയിൽ ഒൻപതുരൂപാ ചില്ലാനമേയുള്ളു. മുഴുവൻ തുകയും കൊടുക്കാതെ മരുന്നു കിട്ടുകേല. ഞാൻ വേറെ ഒരു വഴിയും കാണുന്നില്ല." മയങ്ങിക്കിടക്കുന്ന കുഞ്ഞൗതയുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു് അവർ തറച്ചുനിന്നു. സ്വല്പസമയത്തിനുശേഷം ഒറോത പറഞ്ഞു: "ഇതാ, എന്റെ കെട്ടുതാലി കൊടുത്തിട്ടു് മരുന്നു വാങ്ങണം. എങ്ങനെയെങ്കിലും എന്റെ കുഞ്ഞൗതയുടെ സൂക്കേടു മാറിക്കിട്ടണം" ചിപ്പുനൂലാൽ ബന്ധിക്കപ്പെട്ട ആ മംഗല്യസൂത്രം അങ്ങനെ സ്വതന്ത്രമായി. പത്രോസിലെ പുരുഷത്വം അയാളെ അതിനനുവദിച്ചില്ല. എങ്കിലും ഭാര്യയുടെ നിർബ്ബന്ധം അയാളെ അതിനു പ്രേരിപ്പിച്ചു. വിറയ്ക്കുന്ന കൈകൾകൊണ്ടാണു് പത്രോസു് ആ മിന്നു വാങ്ങിയതു്. ഇരുപതു വർഷം മുമ്പു് പ്രപഞ്ചസ്രഷ്ടാവായ ജഗന്നിയന്താവിന്റെ പ്രതിപുരുഷനായ പുരോഹിതന്റെ സാന്നിദ്ധ്യത്തിൽവച്ചു് തന്റെ കൈകൊണ്ടു കെട്ടിയ, ഒരു സ്ത്രീയേയും പുരുഷനേയും കൂട്ടിച്ചേർത്ത, ആ വിവാഹ അടയാളം പത്രോസിന്റെ ഉള്ളംകൈയിൽ കിടന്നു് മിന്നിത്തിളങ്ങി. നിർന്നിമേഷനായി നോക്കിനില്ക്കുന്ന ഭർത്താവിനെ ധൈര്യപ്പെടുത്തിക്കൊണ്ടു് ഒറോത പറഞ്ഞു: "നിങ്ങൾ സമാധാനമായിപ്പോകണം. എന്റെ മകനെക്കാട്ടിലും വലുതല്ല ആ പൊൻനുറുക്കു്. അവൻ ജോലിക്കു പോയിത്തുടങ്ങുകയാണെങ്കിൽ ഒന്നിനു പത്തെണ്ണം വാങ്ങാമല്ലൊ." കുഞ്ഞൗതയുടെ മുഖത്തേയ്ക്കു ഒന്നുകൂടി നോക്കിയിട്ടു് പത്രോസു് അവിടെനിന്നും ഇറങ്ങിപ്പോയി. നിമിഷങ്ങൾ ആരേയും കാത്തുനില്ക്കാതെ അതിവേഗം കടന്നുപോയി. പത്രോസിനു് താലിയുടെ വിലയായി കിട്ടിയതു് 3 രൂപാ 40 പൈസയാണു്. എന്നിട്ടും ആവശ്യത്തിനുള്ള പണം തികഞ്ഞിട്ടില്ല. ഇനി അഞ്ചു രൂപാ കൂടെ വേണം. അതെവിടെനിന്നു കിട്ടും....? ഉത്തരമില്ലാത്ത ചോദ്യം. അയാളുടെ തലച്ചോറിൽ ഒരു ഫാക്ടറിയിലെപ്പോലെ ജോലിനടന്നുകൊണ്ടിരുന്നു. പത്രോസിന്റെ ചിന്തകൾ ഒരു ലക്ഷ്യവുമില്ലാത ചിറകുവിരിച്ചു പറന്നകന്നു. 24 മണിക്കൂറിനകം മരുന്നു കൊണ്ടുവരണം. അയാൾ തലപുകഞ്ഞാലോചിച്ചു. ആ പുത്രവത്സലൻ പല പടിവാതില്ക്കലും സഹായഹസ്തം നീട്ടി. പക്ഷേ ആ നിർഭാഗ്യവാന്റെ മുമ്പിൽ ഒരു വാതിലും തുറന്നില്ല. അയാൾ മുട്ടിവിളിച്ച ആ ശാകവാടങ്ങളെല്ലാം കൊട്ടി അടയ്ക്കപ്പെട്ടു. ഹൃദയത്തിൽ നിറന്ന ചിന്തകൾമാത്രം കിടന്നുഴറുകയാണു്. ഒരു വഴിയും കാണാതെ വേദനയുടെ വിഴുപ്പുഭാണ്ഡവും പേറിക്കൊണ്ടു് പത്രോസു് ഒരു ലക്ഷ്യവുമില്ലാതെ ആ തെരുവിൽക്കൂടെ മുമ്പോട്ടു ഗമിച്ചു.

അസ്തമനാർക്കൻ തങ്കക്കതിരൊളികൊണ്ടു നിർമ്മിച്ച പള്ളിത്തേരിലേറി സമുദ്രസ്നാനത്തിനു് പുറപ്പെട്ടുകഴിഞ്ഞു. റേഡിയോവിൽക്കൂടെ ശ്രുതിമധുരമായ ഗാനങ്ങൾ ഒഴുകി അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നു. ദാരിദ്ര്യം എന്താണെന്നറിയാത്തവരും കൈകാലുകളില്ലാത്തവരും അയാളുടെ മുമ്പിൽക്കൂടെ കടന്നുപോയി. അതേ! സിനിമയ്ക്കു സമയമായെന്നറിയിച്ചുകൊണ്ടു് സിനിമാ തിയേററിൽ നിന്നും റിക്കാർഡുഗാനം പ്രവഹിച്ചുതുടങ്ങി. ശർക്കരയിൽ ഈച്ച പൊതിയുന്നതുപോലെ ഒരു മനുഷ്യമഹാസമുദ്രം അങ്ങോട്ടു് ഒഴുകുകയാണു്. ഏതോ നല്ല പടമാണുപോലും! ഒരു നീറുന്ന മനുഷ്യഹൃദയം അതിലെ പോകുന്നതു് അവരറിയുന്നുണ്ടോ....?

ആൾത്തിരക്കു് കുറഞ്ഞുതുടങ്ങി. അയാൾ തല ഉയർത്തി നോക്കി. അതാ! തെല്ലകലെ പട്ടണബഹളത്തിൽനിന്നു് അകന്നുനില്ക്കുന്ന ആ ബ്രഹ്മാണ്ഡദേവാല


കല്യാണസാരികൾക്ക്

വെള്ളാനിക്കാരൻസ്

മോഡേൺ ഫേബ്രിക്സ്

PHONE 90

ചാലക്കുടി

യത്തിന്റെ അടുത്തേയ്ക്കു് പത്രോസ് നടന്നടുത്തു. അയാൾ പള്ളിനടയിൽ നിന്നുകൊണ്ടു് മുകളിലേയ്ക്കു കണ്ണുകളുയർത്തി. ആ പള്ളിയുടെ ഗോപുരത്തിൽ നിന്നു് രണ്ടു കൈയ്യും നീട്ടിക്കൊണ്ടു് ക്രിസ്തുനാഥൻ നില്ക്കുന്നു. ആ സ്നേഹസ്വരൂപന്റെ കണ്ണുകൾ സഹതാപത്തോടെ നോക്കുന്നതായി അയാൾക്കനുഭവപ്പെട്ടു. "മകനേ! നീ എന്റെ അടുക്കൽ വരിക! ഞാൻ നിന്നെ ആശ്വസിപ്പിക്കാം" എന്നു പറയുന്നതുപോലെ പത്രോസിനു തോന്നി. കുരിശാകൃതിയിൽ കൈകൾ വിരിച്ചു പിടിച്ചു നിന്നുകൊണ്ടു് കണ്ണുനീർ വീഴ്ത്തി, ആ പരംപൊരുളിനോടു് അയാൾ എരിവോടെ അപേക്ഷിച്ചു. തോർത്തുകൊണ്ടു് കണ്ണു തുടച്ചു് ആ ഇടവസ്സുൻ പള്ളിമേടയിലേയ്ക്കു പുറപ്പെട്ടു. പല പ്രാവശ്യവും ആ വൈദികശ്രേഷ്ഠൻ പണം നൽകി തന്നെ രക്ഷിച്ചിട്ടുള്ളതാണു്. എന്നാൽ ഇപ്പോഴിതാ ആ സ്നേഹമൂർത്തിയുടെ മുറിയുടെ വാതിലും അടയ്ക്കപ്പെട്ടിരിക്കുന്നു. അദ്ദേഹമിവിടെയില്ലയോ....? പത്രോസ് കുശിനിക്കാരന്റെ അടുത്തു ചെന്നന്വേഷിച്ചു. മരിക്കാറായിക്കിടക്കുന്ന ഒരു ധനവാനു് അന്ത്യകൂദാശ കൊടുക്കാൻ അദ്ദേഹം പോയിരിക്കയാണുപോലും.

അങ്ങനെ അയാളുടെ അവസാന ആശയും വേരോടെ അറുക്കപ്പെട്ടു. എങ്കിലും പ്രതീക്ഷിക്കാത്ത ഒരു വാർത്തയാണല്ലോ താൻ കേട്ടതു്. ഒരു പണക്കാരൻ അയാളുടെ ജീവിതമാകുന്ന യാത്ര മതിയാക്കി തന്റെ ഒരു തലോടലിനുവേണ്ടി, ആറടി മണ്ണിനുവേണ്ടി, ശ്മശാനപ്പറമ്പിലേയ്ക്കു വരുവാൻ തയ്യാറെടുക്കുന്നുവെന്നു്. പത്രോസിന്റെ രോമാവൃതമായ മുഖത്തു് ഒരു നേരിയ പുഞ്ചിരി നിഴൽ വിരിച്ചു. ദൈവം തന്റെ പ്രാർത്ഥന കൈക്കൊണ്ടു. ഒരാൾ മരിക്കാൻ അപേക്ഷിച്ചതു് തന്നെ സംബന്ധിച്ചിടത്തോളം ഒരു തെററാണോ? അല്ലാ, ഒരിക്കലുമല്ല. ഇന്നൊരാൾ മരിച്ചെങ്കിലേ തന്റെ മകനു് രക്ഷ കിട്ടുകയുള്ളു. കുറച്ചുകാലം വിശ്രമിച്ചുകൊണ്ടിരുന്ന മൺവെട്ടിയും ചൂരൽക്കുട്ടയും കയ്യിലെടുത്തു് അയാൾ അതിലെ പൊടിയും ചുക്കിരിയും തട്ടിക്കളഞ്ഞു. സിമിത്തേരി ഗേററങ്കൽ തണൽ വിരിച്ചു നില്ക്കുന്ന മാവിൻകടയ്ക്കൽ പോയിരുന്നു. പത്രോസിന്റെ മനോമുകുരത്തിലെ ആശാവല്ലരിയിൽ മനക്കോട്ടയാകുന്ന പുഷ്പങ്ങൾ വിരിഞ്ഞുതുടങ്ങി. അഞ്ചുരൂപയെങ്കിലും കിട്ടും. പള്ളിമുററത്തുകൂടെ ആരോ ഒരാൾ വരുന്നതയാൾ കണ്ടു. അല്ലാ! അതു് നീറംകൂട്ടിലെ ചാണ്ടിച്ചനല്ലേ. അയാളുടെ വല്യമ്മ മരിക്കാറായി കിടക്കുകയായിരുന്നു. ദൈവമേ! നിനക്കൊരു കോടി നമസ്കാരം! തന്റെ മകന്റെ ജീവൻ ഈ തൂമ്പയിലാണിരിക്കുന്നതു്. പത്രോസ് താഴേയ്ക്കു ജിജ്ഞാസയോടെ നോക്കിക്കൊണ്ടിരുന്നു. അയാളുടെ അകക്കാമ്പിൽ ആനന്ദത്തിന്റെ തേരോട്ടം നടന്നുകൊണ്ടിരുന്നു. ആഗതൻ അടുത്തു വന്നു ചോദിച്ചു: "പത്രോസേ, അച്ചനിവിടുണ്ടോ?"

"ഇല്ല. എന്താ വിശേഷം?"

"ഒരു മാമോദീസാ ഉണ്ടായിരുന്നു."

പത്രോസിന്റെ മുഖത്തണിഞ്ഞ പുഞ്ചിരി വാടിക്കരിഞ്ഞു കൊഴിഞ്ഞുവീണു. അയാളിലെ ആശാനക്ഷത്രം പൊലിഞ്ഞുപോയി. മാമ്മോദീസായാണുപോലും! വല്ല ചത്ത വർത്തമാനവും പറയാതെ. അയാൾക്കു നിരാശ തോന്നി. എന്നും ജനനം തന്നെ. ആർക്കെങ്കിലും ഒന്നു മരിച്ചാലെന്താ? അയാൾ പൊറുപൊറുത്തു. "എന്റെ കർത്താവേ, ഇന്നെങ്കിലും ഒരിരയെത്തരണെ" പത്രോസു് മനംനൊന്തു പ്രാർത്ഥിച്ചു. തൂമ്പായും കുത്തിപ്പിടിച്ചു് അയാൾ അവിടെത്തന്നെ ഉറച്ചിരുന്നു. സൂര്യഭഗവാൻ അന്ത്യശ്വാസം വലിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ കണ്ണുകളിലെ പ്രകാശം നഷ്ടപ്പെട്ടുകൊണ്ടിരുന്നു. മാവിൻതണലിൽ വിശ്രമിച്ചുകൊണ്ടിരുന്ന പത്രോസ് തന്റെ അടുക്കലേയ്ക്കു് ഒരാൾ നടന്നുവരുന്നതു കണ്ടു. ഉദ്വേഗത്തോടെ അയാൾ സൂക്ഷിച്ചു നോക്കി. ആഗതൻ ഇങ്ങെത്തിക്കഴിഞ്ഞു. മങ്ങിപ്പോയ പുഞ്ചിരി അയാളുടെ വദനങ്ങളിൽ നൃത്തം ചവുട്ടി. ദൈവം കണ്ണു തുറന്നിരിക്കുന്നു. അയാളുടെ ഉള്ളിന്റെ ഉള്ളിൽ ആനന്ദത്തിന്റെ വേലിയേററമുണ്ടായി. "അല്ലാ! ഇതാരു്......? യോഹന്നാനോ....!? എന്താ ഇതിലെയൊക്കെ?" പത്രോസ് ആരാഞ്ഞു.

"ചേ ട്ടാ,....ഒ....രു....കു .. ഴി .. വെ....ട്ട....ണം."
ഗദ്ഗദമുണ്ടായിരുന്നു ആ വാക്കിൽ.

"നീ എന്തിനു കരയുന്നു യോഹന്നാനെ! മരണം സാധാരണമല്ലേ. ആരാ!, അന്തോണിച്ചേട്ടനാണോ? പാ ...വം... എത്ര നാളായി കട്ടിലിൽ കേറീട്ടു്."

"അപ്പനല്ല ..."

"പിന്നെ....?"

"പത്രോസുചേട്ടന്റെ മോൻ കുഞ്ഞൗത."

"ങേ?........" ഒരു ദീനരോദനത്തോടെ പത്രോസ് നിലംപതിച്ചു.

•

കല്യാണാവശ്യങ്ങൾക്കുള്ള
പെട്ടി, ചെരിപ്പ് മുതലായവയ്ക്കു്
Phone No. 987.

C. R. JOSEPH
LEATHER MERCHANT
Round, TRICHUR.

# കത്തോലിക്കാ പൗരോഹിത്യവും ബ്രഹ്മചര്യവും

ഫാദർ ആൻറണി അന്തിക്കാട്ട് എൽ.പി.എച്ച്., എൽ.ഡി.

അക്രൈസ്തവരും, കത്തോലിക്കേതര ക്രൈസ്തവരും വിഷമത്തോടെ സമ്മതിക്കുന്ന ഒരു സത്യമാണ് പുരോഹിതന്മാരുടെ ബ്രഹ്മചര്യം. ദൈവം, ഇത്ര കഠിനമായ ഒരു ചുമതല മനുഷ്യരുടെമേൽ വെച്ചുകെട്ടുകയില്ലെന്നും, ഇക്കാര്യത്തിൽ കത്തോലിക്കാസഭ, താങ്ങാനാവാത്ത ഭാരമാണ് പുരോഹിതന്മാരുടെ മേൽ അടിച്ചേല്പിക്കുന്നതെന്നുമാണ് അവരുടെ ചിന്താഗതി.

ഒന്നാമതായി പറയാനുള്ളത്, ബ്രഹ്മചര്യം ആരും വെച്ചുകെട്ടുന്നതോ അടിച്ചേല്പിക്കുന്നതോ അല്ല; ഓരോ വ്യക്തിയും സ്വമനസ്സാൽ സസന്തോഷം സ്വീകരിക്കുന്നതാണ്. അഞ്ചാം പട്ടത്തിനു മുമ്പ് ഓരോ പുരോഹിതാർത്ഥിയും, പരിപൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി സ്വമനസ്സാലാണ് ബ്രഹ്മചര്യം സ്വീകരിക്കുന്നതെന്ന് എഴുതി ഒപ്പിടുകയും, വേദപുസ്തകം പിടിച്ച് സത്യം ചെയ്യുകയും ചെയ്യുന്നു. ഇരുപത്തൊന്ന് വയസ്സ് തികയാതെ അഞ്ചാംപട്ടമോ, ഇരുപത്തിരണ്ട് വയസ്സ് തികയാതെ ഡീക്കൻ പട്ടമോ, ഇരുപത്തിനാലു വയസ്സ് തികയാതെ പുരോഹിതപട്ടമോ നൽകാൻ പാടില്ലെന്നാണ് നിയമം (കാനൻ: 972). അതുകൊണ്ട് ഒന്നുമറിയാതെ ഏറ്റെടുക്കുന്ന ഒരു ചുമതലയല്ല ബ്രഹ്മചര്യം.

പുരോഹിതന്മാർ ബ്രഹ്മചാരികളായിരിക്കണമെന്ന് യാതൊരു ദൈവിക കല്പനയോ പ്രകൃതിനിയമമോ ഇല്ല. അത് തിരുസ്സഭ നിർമ്മിച്ചിട്ടുള്ള ഒരു നിയമം മാത്രമാണ്.

എന്തിന് തിരുസ്സഭ ഈ നിയമം നിർമ്മിച്ചു? എന്നാണ് ഈ നിയമനിർമ്മാണം നടപ്പിലാക്കിയത്? ഈ വിഷയം ഗ്രഹിക്കുവാൻ കുറച്ച് ചരിത്രം അറിഞ്ഞിരിക്കണം.

നിത്യപുരോഹിതനായ ക്രിസ്തുനാഥൻ ഒരു ബ്രഹ്മചാരിയാണ്. "ബ്രഹ്മചാരികളുടെ രാജാവ്" എന്നാണ് അവിടുന്ന് അറിയപ്പെടുന്നത്. അവിടുന്നുതന്നെ ബ്രഹ്മചര്യത്തെ പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്: വിവാഹമോചനം അനുവദനീയമല്ലെന്ന് യേശു അരുളിച്ചെയ്തപ്പോൾ, ആ നിയമം കഠിനമാണെന്നും, അതിനെക്കാൾ "വിവാഹമേ ചെയ്യാതിരിക്കുകയാണ് നല്ലത്" എന്നും ശിഷ്യന്മാർ പിറുപിറുത്തു. അതിനുത്തരമായി ദിവ്യനാഥൻ അരുളിച്ചെയ്തു: "എല്ലാവർക്കും അത് (ബ്രഹ്മചര്യം) സ്വീകരിപ്പാൻ സാദ്ധ്യമല്ല. അതിനു വേണ്ട കൃപാവരം ലഭിച്ചിട്ടുള്ളവർക്ക് മാത്രം അത് സാദ്ധ്യമാണ്. മാതാവിന്റെ ഗർഭത്തിൽവെച്ച് ഷണ്ഡന്മാരായി ജനിച്ചവരുണ്ട്... സ്വർഗ്ഗരാജ്യത്തിനുവേണ്ടി സ്വയം ഷണ്ഡന്മാരായവരുണ്ട്. അതിനു വേണ്ട കൃപാവരം സിദ്ധിച്ചവർ മാത്രം അതു സ്വീകരിക്കട്ടെ" (വി. മത്തായി 19, 11-12). ക്രിസ്തുനാഥന്റെ ഈ വചസ്സുകളിൽ നിന്ന്, വിവാഹജീവിതത്തേക്കാൾ ഉന്നതമായൊരു കൃപാവരമാണ് ബ്രഹ്മചര്യമെന്നും, അത് ദൈവത്തിന്റെ പ്രത്യേകാനുഗ്രഹം സിദ്ധിച്ചിട്ടുള്ളവർക്ക് മാത്രം സാദ്ധ്യമാണെന്നും വ്യക്തമാകുന്നു. സ്വശക്തികൊണ്ട് ബ്രഹ്മചര്യം പാലിക്കാൻ പരിശ്രമിച്ചിട്ട് സാധിക്കാത്തവരാണ്, പുരോഹിതന്മാരുടെ ബ്രഹ്മചര്യത്തിൽ സംശയം പ്രകടിപ്പിക്കുക.

വി. പൗലോസിന്റെ അഭിപ്രായത്തിൽ, ഭാര്യയില്ലാത്തവന് ദൈവികകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ സാധിക്കും. "ഭാര്യയില്ലാത്തവൻ, ദൈവത്തെ എങ്ങനെ പ്രസാദിപ്പിക്കണമെന്നുവെച്ച്, കർത്താവിന്റെ കാര്യങ്ങളിൽ ശ്രദ്ധചെലുത്തുന്നു. എന്നാൽ ഭാര്യയുള്ളവൻ, ഭാര്യയെ എങ്ങനെ പ്രസാദിപ്പിക്കണമെന്ന് ചിന്തിച്ച്, ലോകകാര്യങ്ങളെപ്പറ്റി ഉത്കണ്ഠനായിരിക്കുന്നു... നിങ്ങളോട് ഞാനിങ്ങനെ പറയുന്നത് നിങ്ങളുടെ നന്മയ്ക്കാണ്. നിങ്ങൾക്കൊരു കണിപാശം വെയ്ക്കാനല്ല; വ്യഗ്രത കൂടാതെ സമുചിതമായത് പ്രവർത്തിച്ച് കർത്താവിനെ സേവിക്കാൻ പ്രാപ്തരാകാനാണ്" (1 കോറി. 7, 32-35) അവിവാഹിതനായ ഒരു പുരോഹിതന് ചെയ്യാവുന്ന ദൈവസേവനം, വിവാഹിതനായ ഒരു പുരോഹിതന് ചെയ്യാവുന്നതിൽ കൂടുതലാണെന്ന് മനസ്സിലാക്കിയതുകൊണ്ടാണ്, തിരുസ്സഭ, പുരോഹിതന്മാർ അവിവാഹിതരായിരിക്കുന്നതിൽ കൂടുതൽ താല്പര്യം പ്രദർശിപ്പിച്ചുതുടങ്ങിയത്.

ബ്രഹ്മചര്യം, ദൈവത്തിന്റെ പ്രത്യേക സഹായത്താൽ, അത്ര പ്രയാസമേറിയ ഒന്നല്ല. വിവാഹിതരിൽ, കുറെ കാലത്തേയ്ക്ക് പിരിഞ്ഞു ജീവിക്കേണ്ടിവരുന്നവർ, സ്വയം നിയന്ത്രിച്ച് അശുദ്ധത പ്രവർത്തിക്കാതെ ജീവിക്കുന്നത് ഒരു അനുദിനസംഭവമാണ്. വിധവകളും, ഭാര്യ മരിച്ചവരും പിന്നീട് സ്വാഭിലാഷത്താൽ വിവാഹം ചെയ്യാതെയും അശുദ്ധത പ്രവർത്തിക്കാതെയും ജീവിക്കുന്നതായി കാണുന്നു. വിവാഹത്തിനു മുമ്പ് വിശുദ്ധ പുണ്യത്തിന് യാതൊരു കോട്ടവും ഏല്പിക്കാതെ ജീവിക്കുന്ന എത്രയെത്ര സ്ത്രീപുരുഷന്മാർ നമ്മുടെ ഇടയിലുണ്ട്. കുറെ കാലത്തേയ്ക്ക് മദ്യം സേവിച്ചതിനു ശേഷം, മദ്യം വേണ്ടെന്നു വെയ്ക്കുന്നതിനേക്കാൾ എളുപ്പം, മദ്യം ഒരിക്കലും അനുഭവിക്കാതിരിക്കുന്നതാണ്. അതുപോലെ, കുറച്ചുകാലം വിവാഹജീവിതം കഴിച്ചതിനുശേഷം പിന്നീട് ആ ജീവിതം വേണ്ടെന്നു വെയ്ക്കുന്നതിനേക്കാൾ എളുപ്പം ബ്രഹ്മചര്യം ആജീ

വനാന്തം പാലിക്കുന്നതാണ്. അതുകൊണ്ട് വിധവകൾക്കും, പിരിഞ്ഞു നില്ക്കേണ്ടിവരുന്ന ഭാര്യാഭർത്താക്കന്മാർക്കും, ലൈംഗികാനന്ദം കൂടാതെ ജീവിക്കാമെങ്കിൽ തീർച്ചയായും ദൈവസഹായത്താൽ നല്ലവർക്ക് ആജീവനാന്തം ബ്രഹ്മചര്യം പാലിക്കാൻ സാധിക്കും. ദൈവസഹായത്താൽ ബ്രഹ്മചര്യം പാലിക്കാൻ സാധിക്കുമെന്ന് പരിപൂർണ്ണമായി മനസ്സിലാക്കിയതിനു ശേഷം മാത്രമാണ്, തിരുസ്സഭ അതൊരു നിയമമാക്കിയത്. അതൊരു നിയമമാക്കുന്നതിനു മുമ്പും അനേകം വൈദികരും അവൈദികരും ബ്രഹ്മചര്യം സ്വമനസ്സാ പാലിച്ചിരുന്നു.

എ. ഡി. 310_നോടടുത്താണ് പുരോഹിതന്മാർ അവിവാഹിതരായിരിക്കണമെന്ന നിയമം ആദ്യമായി പ്രഖ്യാപിക്കപ്പെട്ടത്. അത് സ്പെയിനിലെ എൽവീര എന്ന സ്ഥലത്തുവെച്ച് നടത്തപ്പെട്ട പ്രാദേശിക സൂനഹദോസിലായിരുന്നു. 390-നോടടുത്ത് നടത്തപ്പെട്ട റോമൻ കൗൺസിലിലും ഈ നിയമം നിർബന്ധിക്കപ്പെട്ടു. 461_ാട്ടുകൂടി ഈ നിയമം തിരുസ്സഭയിലെ ലത്തീൻ റീത്തിൽപ്പെട്ട എല്ലാ പുരോഹിതന്മാർക്കും നിർബന്ധമായി.

ഇനി എ. ഡി. 300നു മുമ്പുണ്ടായിരുന്ന സ്ഥിതിയെപ്പററി ആരായാം. എ. ഡി. 100നോടടുത്ത് തിരുസ്സഭയിൽ കന്യാത്വം പാലിച്ചിരുന്ന സ്ത്രീപുരുഷന്മാർ ഉണ്ടായിരുന്നുവെന്ന് വി. ഇഗ്നേഷ്യസിൻെറ ലേഖനത്തിൽ (A. D. 115) കാണുന്നു. കന്യാത്വം പാലിച്ചിരുന്നവരിൽ ചിലർ, മെത്രാന്മാരേക്കാൾ കൂടുതൽ പുണ്യമുള്ളവരാണെന്നു നടിച്ചു നടന്നപ്പോൾ വി. ഇഗ്നേഷ്യസ് അവരെ ശാസിക്കുകയുണ്ടായി. (Ad Polycarp. V., 2). സ്മിർണയിലെ കന്യകകൾക്ക് വി. ഇഗ്നേഷ്യസ് A. D. 115_ൽ അഭിവാദ്യങ്ങൾ അർപ്പിക്കുന്നുണ്ട്.

എ. ഡി. 165_ൽ വി. ജസ്റ്റിൻ പറയുന്നു: "ഞങ്ങൾ വിവാഹം വേണ്ടെന്നുവെയ്ക്കുമ്പോൾ പൂർണ്ണമായും ബ്രഹ്മചര്യം പാലിക്കുന്നു" (1. Apol. 29). ആ കാലഘട്ടത്തിൽ വളരെയധികം ക്രിസ്ത്യാനികൾ ബ്രഹ്മചര്യം പാലിച്ചിരുന്നുവെന്ന് അദ്ദേഹം പറയുന്നുണ്ട്.

രണ്ടാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ധാരാളം വൈദികരും അത്മായരും ബ്രഹ്മചര്യം പാലിച്ചിരുന്നുവെന്നതിനു തെളിവുകൾ ഉണ്ട്. താസിയൻ (120_200) ഇവരെപ്പററി പറയുന്നു: "അവരുടെ ശരീരങ്ങൾ, നിത്യകന്യാത്വത്താൽ കളങ്കരഹിതങ്ങളാണ്. ദൈവവുമായി കൂടുതൽ അഗാധമായി ഐക്യപ്പെടുന്നതിനുവേണ്ടിയാണ് അവർ ഈ കന്യകാജീവിതം നയിക്കുന്നത്" (Orat, ad Graecos, 33). തെർത്തുല്യൻ (200. എ. ഡി), ബ്രഹ്മചാരികളായ അനവധി പുരോഹിതന്മാരുടെ മാതൃക അനുകരിക്കുവാൻ ഒരു ഭക്തയെ ആഹ്വാനംചെയ്തിട്ടുണ്ട്.

മൂന്നാം നൂററാണ്ടിലും, കൂടുതൽ പുരോഹിതന്മാർ ബ്രഹ്മചര്യം പാലിച്ചിരുന്നതായി ഓറിജെൻ (185-255) എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. യഹൂദപുരോഹിതന്മാരുടെ പ്രകൃതിക്കനുസൃതമായ പിതൃത്വവും ക്രിസ്ത്യൻ പുരോഹിതന്മാരുടെ ആദ്ധ്യാത്മികപിതൃത്വവും തമ്മിൽ അദ്ദേഹം താരതമ്യപഠനം നടത്തിയിട്ടുണ്ട്. (In Lev. VI. 6)


(ലേഖകൻ)

നാലാം നൂററാണ്ടിൽ, പുരോഹിതന്മാരുടെ ബ്രഹ്മചര്യം സർവ്വസാധാരണമായി. ദൈവസഹായത്താൽ ബ്രഹ്മചര്യം പാലിക്കാൻ സാധിക്കുമെന്നുള്ള ബോദ്ധ്യം പുരോഹിതന്മാർക്കും, ബ്രഹ്മചാരികളായ പുരോഹിതന്മാരാണ് സഭയ്ക്കു കൂടുതൽ നല്ലതെന്ന ബോദ്ധ്യം ജനങ്ങൾക്കും വർദ്ധിച്ചുവന്നതിൻെറ ഫലമാണത്. എവുസേബിയസിൻെറ (260_340) രേഖകളിലും (Dem. Evang 1, 9), ജറുസലേമിലെ വി. സിറിലിൻെറ (315_386) ലേഖനങ്ങളിലും (Cat. XII. 25), വി. ജറോമിൻെറ (340_420) ലിഖിതങ്ങളിലും (Ad Vig ii), വി. എപ്പിഫാനിയസിൻെറ (315_493) കൃതികളിലും (Adv. Haer. IX. 4) അനവധി പുരോഹിതന്മാർ പൌരസ്ത്യനാടുകളിലും, ഈജിപ്റ്റിലും, റോമിലും അവിവാഹിതജീവിതം നയിച്ചിരുന്നുവെന്നു കാണുന്നു.

ആദ്യനൂററാണ്ടുകളിൽ വിവാഹിതരായ പുരോഹിതന്മാരും ഉണ്ടായിരുന്നു. പ്രഥമമാർപ്പാപ്പയായ വി. പത്രോസുതന്നെ വിവാഹിതനായിരുന്നു. നമ്മുടെ കർത്താവിൻെറ പ്രത്യേക കാരുണ്യത്താലാണല്ലോ പത്രോസിൻെറ അമ്മായമ്മയുടെ പനി മാറിയത്. വിവാഹിതരായ പുരോഹിതന്മാരെപ്പററി അലക്സാണ്ഡ്റിയായിലെ ക്ലെമൻറ് (150_216) പ്രസ്താവിക്കുന്നുണ്ട് (Strom. iii. 12). സോക്രാറെറസ് എന്ന ചരിത്രകാരൻ (440) പൌരസ്ത്യസഭയിൽ വിവാഹിതരായ മെത്രാന്മാർപോലും ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് (Hist. Eccles. V. 22). എന്നാൽ തെസ്സലി, മാസിഡോണിയ, ഗ്രീസ് എന്നീ സ്ഥലങ്ങളിൽ പൌരോഹിത്യസ്വീകരണത്തിനുശേഷം ഭാര്യമാരൊന്നിച്ച് ജീവിച്ചുവെന്നറിയപ്പെട്ടവരെ, അവരുടെ സഭാസ്ഥാനങ്ങളിൽനിന്നു നീക്കംചെയ്തിരുന്നതായി ഈ ചരിത്രകാരൻതന്നെ എഴുതിയിട്ടുണ്ട്.

തിരുസ്സഭയിലെ പൌരസ്ത്യവിഭാഗത്തിൽ, ഇക്കാര്യത്തിൽ അല്പം അയഞ്ഞ നിയമമാണ് പ്രാബല്യത്തിലിരുന്നത്. 314_ൽ ഗാലാസിയായിൽ കൂടിയ പ്രാദേശികസൂനഹദോസിൽ (Council of Ancyra) ഡീക്കൻമാർക്ക് വിവാഹം കഴിക്കുന്നതിനു അനുവാദം നൽകി (Canon 10). കപ്പഡോസിയയിലെ സൂ

നഹദോസിൽ (315) പൌരോഹിത്യത്തിനുശേഷം വിവാഹം കഴിക്കുവാൻ പാടില്ലെന്നു് നിശ്ചയിച്ചു. (Council of Neo-Caesarea in Cappadocia· Canon 7) എ. ഡി. 400_ൽ പ്രഖ്യാപിക്കപ്പെട്ട Apostolic Constitutions മെത്രാന്മാരും, പുരോഹിതന്മാരും, ഡീക്കന്മാരും, പട്ടത്തിനുശേഷം വിവാഹം ചെയ്യരുതെന്നു് കല്പിച്ചു; എന്നാൽ പട്ടത്തിനു മുമ്പു് അവർ വിവാഹം ചെയ്തിട്ടുണ്ടെങ്കിൽ, ഭാര്യയുടെ മരണം വരെ വിവാഹജീവിതം നയിക്കുന്നതിനു് അനുവദിച്ചിരുന്നു. ഈ നിയമമാണു് നെസ്തോറിയൻകാർ ഒഴികെ ബാക്കിയുള്ള എല്ലാ പൌരസ്ത്യസഭകളും ഇന്നും പാലിച്ചുപോരുന്നതു്.

വിവാഹത്തിനു ശേഷം സ്വീകരിക്കുന്ന പട്ടവും, പട്ടത്തിനു മുമ്പ് സ്വീകരിക്കുന്ന വിവാഹവും സാധുവാണെന്നു തിരുസ്സഭ നിശ്ചയിച്ചിട്ടുണ്ടു്. അതുകൊണ്ടു് യാക്കോബായ മുതലായ സഭകളിൽനിന്നു കത്തോലിക്കാസഭയിലേയ്ക്കു പുനരൈക്യപ്പെടുന്ന പുരോഹിതന്മാൎക്കു് ഭാര്യയെ ഉപേക്ഷിക്കാതെതന്നെ സഭയിൽ പുരോഹിതനായി തുടരാവുന്നതാണു്; അവർ പട്ടത്തിനു മുമ്പാണു് വിവാഹം കഴിച്ചിട്ടുള്ളതെങ്കിൽ. എന്നാൽ പട്ടത്തിനുശേഷം കഴിക്കുന്ന വിവാഹം അസാധുവായിട്ടാണു് തിരുസ്സഭ കരുതുന്നതു്. അതുകൊണ്ടു് പട്ടത്തിനു ശേഷം വിവാഹം കഴിച്ചിട്ടുള്ള നെസ്തോറിയൻ പുരോഹിതന്മാർ, തിരുസ്സഭയുമായി പുനരൈക്യപ്പെടുന്നുവെങ്കിൽ, വിവാഹജീവിതം തുടരുവാൻ അവൎക്കു സാദ്ധ്യമല്ല. അതുകൊണ്ടാണു് നെസ്തോറിയൻ പുരോഹിതന്മാരുടെ (തൽഫലമായി അവരുടെ അനുയായികളുടേയും) പുനരൈക്യം കൂടുതൽ പ്രയാസകരമായിത്തീൎന്നിരിക്കുന്നതു്.

അവിവാഹിതരായ പുരോഹിതന്മാരിൽനിന്നുമാത്രം മെത്രാന്മാരെ തെരഞ്ഞെടുക്കുന്ന പതിവു്, പൌരസ്ത്യസഭയിൽ ആറാം നൂറാണ്ടിന്റെ മദ്ധ്യത്തോടുകൂടിയാണു് ആരംഭിച്ചതു്.

പൌരസ്ത്യസഭകളിലെ സീറോമലബാർ സഭയിൽ ലത്തീൻ സഭയിലെ നിയമമാണു് ഇപ്പോൾ പ്രാബല്യത്തിലിരിക്കുന്നതു്.

ബ്രഹ്മചര്യത്തിൽ വിശ്വസ്തത പാലിക്കുന്ന പുരോഹിതന്മാർ തിരുസ്സഭയുടെ അലങ്കാരമാണു്. ജനങ്ങൾ അവരെ മാനിക്കുകയും അവരിൽ അഗാധമായ വിശ്വാസം അൎപ്പിക്കുകയും ചെയ്യുന്നു. എന്നാൽ അവിശ്വസ്തരായ ചുരുക്കം ചില പുരോഹിതന്മാർ ഇടൎച്ചയ്ക്കും സഭയുടെ അപമാനത്തിനും കാരണം നല്കുന്നു. അതുകൊണ്ടു് വൈദികന്മാൎക്കുവേണ്ടി മരിയസഖ്യാംഗങ്ങൾ പ്രത്യേകം പ്രാൎത്ഥിക്കണം, അവർ നിൎമ്മലമായ ജീവിതം നയിക്കുവാൻ.

●

*പുസ്തകാഭിപ്രായം*

## കാൽവരിയുടെ താഴ്‌വരയിൽ *(നാടകം)*

(ഗ്രന്ഥകർത്താവു്: ടി. എൽ. കിഴ്ളർ. പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ നോൎത്തു്. ക. 1_50)

നോവൽ കഴിഞ്ഞാൽ കേരളത്തിൽ ഏററവും കൂടുതലായി വിററഴിയുന്നതു് നാടകകൃതികളാണു്. സാമൂഹ്യജീവിതത്തിന്റെ അപ്പപ്പോഴുള്ള ചെറുതും വലുതുമായ പ്രശ്നങ്ങളെ സമൎത്ഥമായി കൈകാൎയ്യം ചെയ്യുവാൻ നാടകകൃത്തുക്കൾക്കാണു് അനായാസമായി കഴിയുന്നതു്. എന്നുതന്നെയുമല്ല ഒരു നാടകവുമായി കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും നിഷ്പ്രയാസം എത്തുകയും ചെയ്യാം. അപ്പോൾ ഏററവും വലിയ പ്രചരണായുധമായി നാടകത്തെത്തന്നെ കരുതാം. ഇവിടെ പുരോഗമനസാഹിത്യകാരന്മാരും പുരോഗമനപരമായ പ്രമേയം കൈകാൎയ്യംചെയ്തു് നാടകകൃത്തുക്കളും 'തകര'കൾപോലെ കിളിൎത്തുപൊന്തിയിട്ടുണ്ടുതാനും. എന്നിട്ടും അടുത്തായി മിക്ക നാടകകൃത്തുക്കളും പഴയകാലസംഭവങ്ങളിൽ കൂടുതൽ ശ്രദ്ധ കാണിക്കുന്നതെന്തിനാണാവോ?

ഒരൎത്ഥത്തിൽ ഈ പോക്കു് നല്ലതാണു്. പുരോഗതിയെന്നു് പറയുന്നതുതന്നെ ഒരു ഗുലുമാലിൽനിന്നു് മറെറാരു ഗുലുമാലിലേയ്ക്കുള്ള ചാട്ടമാണല്ലോ. അത്തരം പുരോഗതിയ്ക്കു കൂട്ടുനില്ക്കാതെ പഴയ കാലസംഭവങ്ങളെ യുക്തിയുടെ വെളിച്ചത്തിൽ പരിശോധിച്ചു് അവിടെനിന്നും പ്രമേയങ്ങൾ സ്വീകരിച്ചു് നോവലും നാടകവും കഥയും എഴുതുന്നതു് നന്നു്.

ഈ പശ്ചാത്തലത്തിൽ വേണം ശ്രീമാൻ ടി. എൽ. കിഴ്ളരിന്റെ ഈ നാടകത്തേയും കാണുവാനും വ്യാഖ്യാനിക്കുവാനും വിലയിരുത്തുവാനും.

സംഘട്ടനം വരച്ചു കാണിക്കുന്നതിലാണല്ലോ നാടകത്തിന്റെ വിജയം കുടികൊള്ളുന്നതു്. പടക്കംപൊട്ടുന്നതുപോലുള്ള വാക്യങ്ങൾ ഈ നാടകത്തിലുടനീളം കാണാം. ചീളുകൾപ്പോലെ വാക്യങ്ങൾ ചീറിപ്പാഞ്ഞു് ചിതറി വീഴുന്ന കാഴ്ച, മനോഹരംതന്നെ.

ബത്ലേമിൽ ജനിച്ചു്, നസ്രസിൽ വളൎന്നു്, പാലസ്തീനയിൽ പ്രവൎത്തിച്ചു്, കാൽവരിയിൽ മരണമടഞ്ഞ ക്രിസ്തുവിന്റെ ജീവിതകഥയാണിതിലെ മുഖ്യപ്രമേയം. അപ്പോൾ നാടകത്തിനു് ആ സ്ഥലങ്ങളുടേതായ അന്തരീക്ഷം കൂടിയേകഴിയൂ. അതു് അത്ര ഫലപ്രദമായി സൃഷ്ടിക്കുവാൻ നാടകകൃത്തിനു് സാധിച്ചിട്ടുണ്ടോ? ഭാഷാപ്രയോഗങ്ങളിൽ കേരളീയത മുഴച്ചുനില്ക്കുന്നതാണീയപകടത്തിനു് ഒരു പ്രധാനകാരണം. കയാഫസ്, യൂദാസ്, പീലാത്തോസ് എന്നിവരുടെ ചിത്രീകരണം നന്നായി. ഈ ചരിത്രപുരുഷന്മാരെ അവരുടെ തനിനിറത്തിൽ അവതരിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടു്. കയാഫസിന്റേയും യൂദാസിന്റേയും അകവും പുറവും ഒരുപോലെ വ്യക്തമാകത്തക്കവിധത്തി

# പുതിയ കോൺഗ്രസ്സും പുതിയ മനുഷ്യനും

— ജി. പാനികുളം —

II

## അടുത്ത ദിവ്യകാരുണ്യകോൺഗ്രസ്സ് — പ്രതീക്ഷകളുടെ കേന്ദ്രം

1937-നു ശേഷം വീണ്ടും ഭാരതം ഒരു പുതിയ കോൺഗ്രസ്സിന് അണിഞ്ഞൊരുങ്ങുകയാണിന്ന്. ഈ നൂററാണ്ടിൽ ഭാരതസഭ ദർശിക്കുന്ന ഏററവും വലിയ സംഭവമായിരിക്കും ഇതെന്നതിനു സംശയമില്ല. ഭാരതത്തെസ്സംബന്ധിച്ചിടത്തോളം പണ്ടത്തെക്കാളേറെ അർത്ഥവും വ്യാപ്തിയുമുണ്ട് ഈ കോൺഗ്രസ്സിന്. കാരണം, അന്തർദ്ദേശീയാടിസ്ഥാനത്തിൽ നടത്തുന്ന 38-ാമതു ദിവ്യകാരുണ്യ കോൺഗ്രസ്സാണ് ഇത് എന്നതുതന്നെ. 1960-ൽ മ്യൂനിച്ച് കോൺഗ്രസ്സിൻെറ ലക്ഷ്യങ്ങളെ പ്രാവർത്തികമാക്കുക, അതോടൊപ്പം ക്രിയാത്മകമായ പുതിയ പരിപാടികൾ സ്വീകരിക്കുക, അങ്ങനെ ബൃഹത്തായ പ്രവർത്തനപരിപാടികളാണ് പുതിയ കോൺഗ്രസ്സിൻേറതു്. മ്യൂനിച്ചു കോൺഗ്രസ്സിനു ശേഷം പുതിയൊരു കോൺഗ്രസ്സു കൂടാൻ പോകുന്നു എന്ന വാർത്ത ആഹ്ളാദത്തോടെയാണ് ലോകജനത സ്വാഗതം ചെയ്തതു്. ആ ആഹ്ളാദത്തിനു മാററു കൂട്ടി, പുതിയ കോൺഗ്രസ്സിൽ ചർച്ചചെയ്യപ്പെടാൻ പോകുന്ന വിഷയത്തെപ്പററി കേട്ടപ്പോൾ. "ദിവ്യകാരുണ്യവും പുതിയ മനുഷ്യനും" — അതാണാ വിഷയം. തികച്ചും ആനുകാലികമായ ഈ വിഷയത്തിനു് ആസ്പദം വി. പൗലോസ് ശ്ലീഹായുടെ വാക്കുകളാണെന്നു തോന്നുന്നു: "നിങ്ങൾ അങ്ങയെപ്പററി കേട്ടിട്ടുണ്ടെന്നു മാത്രമല്ല, സത്യം അങ്ങിൽ ആയിരിക്കകൊണ്ടു് അങ്ങിൽനിന്നു് അതു പഠിച്ചിട്ടുമുണ്ടല്ലോ? അതിനാൽ നിങ്ങളുടെ പൂർവ്വജീവിതമാകുന്ന പഴയ മനുഷ്യനെ ഉരിമാററുക. അതു വഞ്ചനാപരമായ ദുരാസക്തികളാൽ ദുഷിച്ചതാണ്. പ്രത്യുത, നിങ്ങളുടെ മാനസികചൈതന്യത്തെ നവീകരിച്ചു് നീതിയിലും സത്യത്തിൻെറ പവിത്രതയിലും ദൈവത്തിന്നനുയോജ്യമായി പുനഃസൃഷ്ടിക്കപ്പെട്ടിരിക്കുന്ന പുതിയ മനുഷ്യനെ ധരിക്കുക" (എഫേ. 4, 21_24). ചർച്ചാവിഷയം മാത്രമല്ല, പുതിയ കോൺഗ്രസ്സിൻെറ മുദ്രാവാക്യങ്ങൾതന്നെ ഈ പുതിയ മനുഷ്യനെ ഉന്നംവച്ചുകൊണ്ടുള്ളവയാണ്: "അവൻ എന്നിൽ ജീവിക്കും" (യോഹ. 6, 58); "സ്നേഹത്തിൽ നിങ്ങളുടെ ജീവിതം ക്രമപ്പെടുത്തുക" (എഫേ. 5, 2).

## മനുഷ്യനെന്ന പ്രതിഭാസം കത്തോലിക്കാവീക്ഷണത്തിൽ

ചിന്തയുടെ ഏതു തലത്തിലും മനുഷ്യൻ ഒരു പ്രശ്നമാണ്. പ്രപഞ്ചവസ്തുക്കൾക്കെല്ലാം വിശദീകരണം നല്കുന്ന ചിന്തകർ തങ്ങളിലേയ്ക്കുതന്നെ തിരിഞ്ഞപ്പോൾ നിരാശരായിട്ടുള്ള അവസരങ്ങൾ ചിന്താചരിത്രത്തിൽ ചില്ലറയല്ല. ഗ്രീക്കചിന്തകനായ സോക്രട്ടീസ് തന്നോടുതന്നെ പറയാറുണ്ടായിരുന്നു: "മനുഷ്യാ, നീ, നിന്നെത്തന്നെ അറിയുക" എന്ന്. ഏതാണ്ടിതേ ആശയംതന്നെയാണ് "ദൈവമേ, ഞാൻ എന്നെത്തന്നെ അറിയട്ടെ, എന്നിട്ട് എന്നെത്തന്നെ നിന്ദിക്കട്ടെ" എന്ന അഗസ്റ്റിൻെറ വാക്കുകളിലും പ്രതിഫലിക്കുന്നതു്. മനുഷ്യനെന്ന പ്രതിഭാസം ചിന്തകക്കെന്നും തലക്കുത്തുണ്ടാക്കിയിട്ടുണ്ട്. മനുഷ്യമഹത്വത്തെ ഉയർത്തിക്കാട്ടാൻ വെമ്പിയ ചിന്തകർതന്നെ എന്തെന്തു നിർവ്വചനങ്ങൾ നല്കി, ഇതിനകം മനുഷ്യന്? പക്ഷേ, അവയെല്ലാം ഒന്നുകിൽ മനുഷ്യനെ മാലാഖയാക്കി, അല്ലെങ്കിൽ അവനെ മൃഗമാക്കി എന്നതാണു വാസ്തവം. എന്നാൽ ഇതിൽനിന്നെല്ലാം വ്യത്യസ്ഥമായ കാഴ്ചപ്പാടിലൂടെയാണു കത്തോലിക്കാസഭ മനുഷ്യനെ വീക്ഷിക്കുക. ദൈവത്തിൻെറ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട, സമുദായത്തിൻെറ അടിത്തറയായ ഒരു ബുദ്ധിജീവിയായാണ് സഭ മനുഷ്യനെ കാണുക. ഒരു പടികൂടി കടത്തിപ്പറ

---

ലാണ് ചിത്രീകരണം; അസ്സൽ. ക്രിസ്തുനാഥൻ നാടകത്തിൻെറ കേന്ദ്രബിന്ദുവാണ്. എങ്കിലും ഒരു നിഴൽ പോലെയേ തോന്നൂ. സാരമില്ല. എന്നാൽ അദ്ദേഹം നാടകത്തിൻെറ ഭാഷയിൽ ചിലപ്പോഴൊക്കെ സംസാരിക്കുന്നുണ്ട്. അതു ക്ഷമിക്കത്തക്കതല്ല. ക്രിസ്തുവിൻെറ വാക്യങ്ങൾ ക്രിസ്തുവിൻെറ വാക്യങ്ങൾതന്നെയായിരിക്കണം.

ഇങ്ങനെയൊക്കെയാണെങ്കിലും അഭിനയപ്രധാനമായ ഈ നാടകം ഏതു സംഘടനക്കാർക്കും ഒരിക്കൽ ഉപയോഗിക്കാവുന്നതാണ്. സ്റ്റേജിൽ ഈ നാടകം ഇരമ്പുമെന്നതു തീർച്ച. ഭക്തസംഘടനകളുടെ വാർഷികത്തിനും സ്കൂൾ ആനിവേഴ്സറികൾക്കും പററിയ നാടകമാണിതു്.

നല്ല അച്ചടി, നല്ല കവർ. ആർക്കും വില കൊടുത്തു വാങ്ങുവാൻ തോന്നും. സംഭാഷണരചനയുടെ മെച്ചംകൊണ്ടു് ഏതു വായനക്കാരനും സുഖംതോന്നുമെന്നതു തീർച്ച

— ടോം ജോസ് ബി. എ.

ഞാൽ കത്തോലിക്കാസഭ മനുഷ്യന് ന്യായമായ അസ്തിത്വം അനുവദിച്ചുതരുന്നു. ആ അസ്തിത്വത്തെയവൾ മാനിക്കുന്നു. വ്യക്തിത്വവും പുരുഷത്വവും നല്കി അതിനെയവൾ ദൈവികമാക്കുന്നു. അതുകൊണ്ടാണ് പരിശുദ്ധ പിതാവ് XII-ാം പീയൂസ് പറഞ്ഞത് "സഭയുടെ മടിയിൽ ശയിക്കുന്ന മനുഷ്യനും മനുഷ്യഹൃദയങ്ങളിൽ വസിക്കുന്ന സഭയും തമ്മിൽ കഴിവിന്റെ പരമാവധി ഐക്യമുണ്ട്" എന്ന്.

## ദിവ്യകാരുണ്യത്തിലൂടെ നവീകരണം; നവീകരണത്തിലൂടെ പുതിയ മനുഷ്യൻ

ജീവിതത്തിന്റെ എല്ലാ തുറകളിലും നവീകരണമാവശ്യപ്പെടുന്ന ആധുനികമനുഷ്യന്റെ മുമ്പിലേയ്ക്കു് ഒരു യഥാർത്ഥ നവീകരണത്തിന്റെ പുത്തനാശയവുമായി കടന്നുവരികയാണ് കത്തോലിക്കാസഭയിന്ന്. ഈ നവീകരണം സാധിക്കാനാണു രണ്ടാം വത്തിക്കാൻ സൂനഹദോസു വിളിച്ചുകൂട്ടപ്പെട്ടത്. ആദ്യസമ്മേളനത്തിൽവച്ചുതന്നെ കൗൺസിൽപിതാക്കന്മാർ ഈ വസ്തുത വ്യക്തമാക്കി: "ഞങ്ങളുടെ ചിന്തകളും കഴിവുകളും നവീകരണത്തിനായി ഞങ്ങൾ ഉഴിഞ്ഞുവയ്ക്കുന്നു. അങ്ങനെ ക്രിസ്തുവിന്റെ സ്നേഹാർദ്രമായ വദനം അതിന്റെ തനിനിറത്തിൽ ലോകജനത ദർശിക്കട്ടെ." സൂനഹദോസു വിളിച്ചുകൂട്ടിയ നമ്മുടെ പാപ്പയായ ജോൺ XXIII-ാമന് ഏററവും പ്രിയപ്പെട്ട "അജിയോന്നമെന്തോ" (നവീകരണമെന്നാണ് ഈ പദത്തിനർത്ഥം) ഇതിനകം ലോകത്തിന്റെ നാനാഭാഗങ്ങളിലുമുളവാക്കിയ ചലനങ്ങൾ വളരെയാണ്. "സുമ്മി പൊന്തിഫിക്കാത്തൂസ്" എന്ന ചാക്രികലേഖനത്തിൽ ഈ നവീകരണത്തിന്റെ ആവശ്യകതയെ വ്യക്തമായി ചിത്രീകരിക്കുന്നുണ്ട്, പരിശുദ്ധ പിതാവ് XII-ാം പീയൂസും. "കാലത്തിന്റെ ചലനങ്ങൾക്കൊത്ത ഒരു പരിവർത്തനം മനുഷ്യമനസ്സുകളിൽ വരുത്തുക മാതാവായ സഭയുടെ കടമയാണ്." അവിടുന്നു തുടർന്നു പറയുന്നു: "ആ ദിവ്യകാരുണ്യകോൺഗ്രസ്സുകൾ.... അവ അനുഗ്രഹങ്ങളുടേയും ശക്തിയുടേയും ഉറവകളായിരുന്നു." ആ നിലയ്ക്കു് നവീകരണം സഭയുടെ ഇന്നത്തെ ഒരാവശ്യമാണ്. ഒരേയൊരു വിധത്തിലേ ആ നവീകരണം സാധിക്കൂ എന്നു സഭയ്ക്കു വ്യക്തമായറിയാം—ആത്മബലിയിലൂടെ, ലോകത്തിലെങ്ങും തീയിടാൻ വന്ന ക്രിസ്തുവിലൂടെ മാത്രം. ക്രിസ്തുവുമായി മനുഷ്യമനസ്സുകളെ ഒന്നിപ്പിക്കുക—അതാണു സഭയുടെ പരിപാടി. ഇന്നത്തെ സാഹചര്യത്തിൽ ജീവിക്കുന്ന ക്രിസ്തുവുമായി ലോകത്തെ ഒന്നിപ്പിക്കുക എന്നുവച്ചാൽ ദിവ്യകാരുണ്യവുമായി ഒന്നിപ്പിക്കുക എന്നാണർത്ഥം. കാരണം, ദിവ്യകാരുണ്യത്തിലൂടെ, നിത്യം അർപ്പിക്കപ്പെടുന്ന ദിവ്യബലിയിലൂടെ, ക്രിസ്തു ഇന്നും ജീവിക്കുന്നു എന്നതുതന്നെ. ദിവ്യകാരുണ്യംതന്നെയാണ് സഭയിലെ എല്ലാ അനുഗ്രഹങ്ങളുടേയും നവീകരണങ്ങളുടേയും ഉറവിടവും. പ്രശ്നങ്ങളുടെ ഈ ഊഷരഭൂമിയിൽ എത്രയെത്ര ജീവിതങ്ങൾ ആ ദിവ്യ ഉറവയിൽ ആനന്ദം കണ്ടെത്തി. കാർഡിനൽ ന്യൂമന്റെ വാക്കുകൾ സ്മർത്തവ്യങ്ങളാണ്: "ദിവ്യപൂജയെപ്പോലെ ആശ്വാസപ്രദവും ഹൃദയസ്പർക്കവും വികാരോദ്ദീപകവും വിസ്മയനീയവുമായി മററൊന്നില്ല. എന്നും എന്നേയ്ക്കും കർബ്ബാനയിൽ സംബന്ധിക്കുന്നതിൽ എനിക്കു ക്ഷീണമില്ല. ഈ ലോകത്തിൽ ഉണ്ടാകാവുന്നതിൽവച്ച് ഏററവും വലിയ കൃത്യമാണ് ദിവ്യപൂജ." സ്നേഹത്തിന്റെ ആ ദിവ്യ ഉറവയുമായി മനുഷ്യഹൃദയങ്ങളെ ഒന്നിപ്പിക്കുക—അപ്പോൾ ആ ഐക്യത്തിൽനിന്നും പുതിയ ജീവൻ ഉൾക്കൊണ്ട ഒരു പുതിയ മനുഷ്യൻ പുറത്തു വരും. ആ പുതിയ മനുഷ്യൻ ആരായിരിക്കണമെന്നു വ്യക്തമാക്കുന്നുണ്ട്, XII-ാം പീയൂസ് പാപ്പാ. "സാഹചര്യവുമായി ഒട്ടിച്ചേർന്ന് ദൈവത്തിന്റെ പ്രതിഛായകളായ മനുഷ്യർ. സ്വന്തം മഹത്വത്തിലും സ്വാതന്ത്ര്യത്തിലും അഭിമാനംകൊള്ളുന്ന മനുഷ്യർ, സഹജീവികളിൽ സമത്വം ദർശിക്കുന്ന മനുഷ്യർ, സ്വന്തം നാടിനേയും അതിന്റെ പാരമ്പര്യത്തേയും മാനിക്കുന്ന മനുഷ്യർ—ഈ നാലു ഗുണങ്ങളുമുള്ള മനുഷ്യരാണ് സമുദായത്തിന്റെ അടിത്തറ. അതിലെ സുരക്ഷിതത്വത്തിനും നിലന

We are happy to announce to Our Patrons, Our opening of a Dyeing Section for restoring Original Look to worn-out portions of your garments like Pants, Shirts, Sarees and Blouses Etc.

SNOW WHITE

DRY CLEANERS & DYERS

NEAR NADUVILAL - TRICHUR.

ല്ലിനും സമത്വത്തിനും പുരോഗതിക്കും കാരണക്കാർ അവർതന്നെ."

## നവീകരണവും അൽമായപ്രേഷിതനും

സഭ ഉന്നം വയ്ക്കുന്ന നവീകരണത്തിനു രണ്ടു വശങ്ങളുണ്ടു — വ്യക്തിപരവും സാമുദായികവും. മറിച്ചു പറഞ്ഞാൽ, വിശ്വാസത്തിലും സാമുദായികജീവിതത്തിലും ഉള്ള നവീകരണമാണ് സഭയുടെ ലക്ഷ്യം. ഇവിടെയാണ് അൽമായപ്രേഷിതന്റെ പ്രവർത്തനമണ്ഡലത്തിന്റെ അതിരു നിശ്ചയിക്കപ്പെടുക. സഭ ലക്ഷ്യംവയ്ക്കുന്ന നവീകരണത്തിൽ രണ്ടു വിധത്തിൽ പങ്കു പറ്റേണ്ടതുണ്ടു് അൽമായപ്രേഷിതൻ. ഒന്നാമതു്, തന്നെത്തന്നെ നവീകരിച്ചുകൊണ്ടു്. പൗലോസ് ശ്ലീഹായുടെ ഭാഷയിൽ പറഞ്ഞാൽ "പുതിയ മനുഷ്യനെ ധരിച്ചുകൊണ്ടു്." രണ്ടാമതു്, ഇരുളടഞ്ഞ സാമുദായികജീവിതത്തിലെ കുരുങ്ങിക്കൂടിയ നൂലാമാലകൾക്കു 'സത്യദീപ'മാകുന്ന ക്രിസ്തുവിന്റെ പ്രകാശത്തിൽ പരിഹാരം നിർദ്ദേശിച്ചുകൊണ്ടു്. കെട്ടടങ്ങിയ മതബോധത്തെ സാമുദായികജീവിതത്തിൽ പുനഃപ്രതിഷ്ഠിച്ചുകൊണ്ടുവേണം അൽമായപ്രേഷിതൻ സാമുദായികനവീകരണത്തിൽ മുന്നേറുക. കാരണം, XII-ാം പീയൂസ് പാപ്പാ പറയുന്നതുപോലെ "വ്യക്തികളുടേയും സമുദായത്തിന്റേയും, മതബോധത്തെയും ധാർമ്മികതയേയും വേർപെടുത്തിക്കൊണ്ടു് സാമുദായികപുരോഗതി സാധിക്കുക തികച്ചും അസാദ്ധ്യമാണ്." എന്തുകൊണ്ടു് അല്മായപ്രേഷിതൻ ഈ രംഗത്തേയ്ക്കിറങ്ങിവരണം? അതിനും ഉത്തരം നൽകുന്നുണ്ടു് പരിശുദ്ധപിതാവ്: "കാലത്തിന്റെ സ്പന്ദനങ്ങൾ ആവശ്യപ്പെടുന്ന ഏതു പ്രവർത്തനവും ഏറ്റെടുക്കുവാൻ ധൈര്യപൂർവ്വം വിശ്വാസികൾ മുന്നോട്ടുവരണം. സ്വന്തം ആത്മരക്ഷയ്ക്കുവേണ്ടി മാത്രമല്ല, അതാണ് പരമമായും പ്രധാനമായും അവർ ചെയ്യേണ്ടതെന്നിരുന്നാലും, സ്വർഗ്ഗരാജ്യം വിസ്തൃതമാക്കാൻ കഴിവുള്ളതെല്ലാം ചെയ്യുവാൻകൂടി അവർ കടപ്പെട്ടവരാണ്. അദ്ദേഹം തുടർന്നു പറയുന്നു: "സ്വർഗ്ഗരാജ്യത്തിന്റെ അതിരുകൾ വലുതാക്കുക എന്നതു് മാമ്മോദീസാക്കല്ലിൽ വച്ചു് ആ രാജ്യത്തിന്റെ അംഗങ്ങളായിത്തീർന്ന എല്ലാവരുടേയും കടമയാണ്. സ്വർഗ്ഗരാജ്യത്തിന്റെ പങ്കാളികൾ ആവുക എന്നു വച്ചാൽ നമ്മുടെ ജീവിതങ്ങളെ അതിന്റെ പ്രമാണങ്ങളുമായി ഐക്യരൂപപ്പെടുത്തുക എന്നു മാത്രമല്ല, ആ രാജ്യത്തിന്റെ വിസ്തൃതിക്കായി കഴിവുള്ളതു ചെയ്യുക എന്നുകൂടി അർത്ഥമാക്കേണ്ടതുണ്ടു്." ആ നിലയ്ക്കു് ഒരു വസ്തുത വ്യക്തമാകുന്നുണ്ടു്: പുതിയ കോൺഗ്രസ്സ് ഉന്നം വെയ്ക്കുന്ന നവീകരണത്തിൽ അൽമായർക്കൊരു നല്ല പങ്കു വഹിക്കാനുണ്ടു്. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളെന്ന നിലയ്ക്കു് അതിനവർ ബാധ്യസ്ഥരുമാണ്. അങ്ങനെ ബുഡാപ്പെസ്റ്റ് കോൺഗ്രസ്സിൽവച്ചു് കാർഡിനൽ പച്ചെല്ലി പറഞ്ഞതുപോലെ "വിശ്വാസം അടിക്കടി ക്ഷയിച്ചുവരുന്ന ഒരു ലോകത്തിൽ, വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവിലെന്നപോലെ ദിവ്യകാരുണ്യത്തിൽ ഒന്നിപ്പിക്കപ്പെട്ടിരിക്കുന്ന രക്ഷണീയകർമ്മത്തിന്റെ വിശിഷ്ടാനുഗ്രഹങ്ങളിൽ ദൃഢമൂലമായിരിക്കുന്ന നമ്മുടെ വിശ്വാസപ്രമാണത്തെ ഏറ്റുപറയുവാൻ — ദൈവികനിയമങ്ങളെയെല്ലാം പുച്ഛിച്ചു തള്ളുന്ന ഒരു ലോകത്തിന്റെ മുമ്പിൽ, വിശ്വാസവും പ്രവർത്തനവും തമ്മിൽ ബന്ധം വേണമെന്ന, വിശുദ്ധിയുടെ കളരിയായ ദിവ്യകാരുണ്യത്തിന്റെ നിയമത്തെ പരിപൂർണ്ണമായും അനുസരിക്കാൻ — തെറ്റിദ്ധാരണകളാലും എതിർപ്പുകളാലും വഴി തെറ്റിയ ഒരു ലോകത്തിൽ എല്ലാ ദൈവമക്കളേയും സഹോദരസ്നേഹത്തിലേയ്ക്കു കൊണ്ടുവരാനും എല്ലാവരേയും സ്നേഹത്തിന്റെ ബന്ധനമായ ദിവ്യകാരുണ്യത്തിൽനിന്നുറവുപൊട്ടുന്ന നമ്മുടെ ആത്മബലികളിൽ ഒന്നിപ്പിക്കാനും" നമുക്കു ശ്രമിക്കാം.

സഭാപിതാവായ വി. സിപ്രിയാന്റെ വാക്കുകൾ ഇക്കാര്യത്തിൽ നമുക്കു് മാർഗ്ഗദർശകങ്ങളാവട്ടെ. "ക്രിസ്തുവിനോടുകൂടെയാണ് നാം ചരിക്കുന്നതു്, അവിടത്തെ കാലടികളെയാണ് നാം അനുധാവനംചെയ്യുന്നതു്. അവിടുന്നാണ് നമ്മുടെ നായകൻ; നമ്മുടെ വഴിത്താരയെ പ്രകാശിപ്പിക്കുന്ന ദീപനാളവും നമ്മുടെ രക്ഷയുടെ മുന്നോടിയും അവിടുന്നുതന്നെ. വിശ്വസ്തരായവർക്കു വിജയം പറഞ്ഞൊത്തുകൊണ്ടു് അവിടുന്നാണ് നമ്മെ സ്വർഗ്ഗത്തിലേയ്ക്കു്, പിതാവിന്റെ പക്കലേയ്ക്കു്, അടുപ്പിക്കുന്നതു്. അവിടത്തെ മാതൃകയെ അനുകരിച്ചുകൊണ്ടു് യഥാർത്ഥക്രിസ്ത്യാനികളായി, വേറൊരു ക്രിസ്തുവായി നാം ജീവിക്കുന്നെങ്കിൽ, അവിടുന്നു് ഇന്നു മഹത്വത്തിൽ എന്തായിരിക്കുന്നുവോ അതു നമുക്കും ആയിത്തീരാം."

---

## 'മേരിവിജയം' — ബാലരംഗം

### (അപേക്ഷാഫോറം)

അപേക്ഷക(യുടെ)ന്റെ പേരു് ..............................

..............................

വീട്ടുപേരു് ..............................

വയസ്സ് ..............................

ഇടവക ..............................

സൊഡാലിറ്റിയിൽ അംഗമാണോ? ..............................

പഠിക്കുന്ന ക്ലാസ്സ് or പഠനയോഗ്യത } ..............................

ദേശം ..............................

പോസ്റ്റ് ..............................

ജില്ല ..............................

(മറുപുറം)

# നിങ്ങളുടെ സംശയങ്ങൾ

**ഫാദർ ആൻറണി അന്തിക്കാട്ട്,**
എൽ. പിഎഫ്., എൽ. ഡി.
**കരിയച്ചിറ, തൃശ്ശൂർ-6**

44. ഒരു കുടുംബനാഥൻ ദാരിദ്ര്യവും കഷ്ടപ്പാടും കൊണ്ടുണ്ടായ ജീവിതനൈരാശ്യംമൂലം ആശ്രമത്തിൽ ചേർന്നാൽ അതു് ദൈവതിരുമുമ്പിൽ വലിയ അപരാധമാകുമോ? (സി. പി. വർഗ്ഗീസ്, വല്ലക്കുന്നു്)

ജീവിതനൈരാശ്യംമൂലം വരുന്ന ഒരു കുടുംബനാഥനെ ആശ്രമത്തിൽ സ്വീകരിക്കുകയില്ല. ഒരു കുടുംബം സംരക്ഷിക്കുവാൻ ചുമതലപ്പെട്ട ആൾ, സ്വകർത്തവ്യം ചെയ്യാതെ, ആശ്രമത്തിൽ ചേരുന്നതു് തെററാണ്. കുടുംബനാഥനു സ്വഭാര്യയോടും (അവൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ), മക്കളോടും ചില ചുമതലകൾ ഉണ്ടു്. മക്കൾക്കു് ജീവിക്കാനുള്ള മാർഗ്ഗം ഉണ്ടാക്കിക്കൊടുത്തതിനുശേഷം, ഭാര്യ മരിച്ചിട്ടില്ലെങ്കിൽ അവളുടെ സമ്മതത്തോടുകൂടി, കൂടുതൽ പുണ്യം ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ ആശ്രമത്തിൽ ചേരുന്നതിൽ തെററില്ല.

45. സ്വന്തമനസ്സാലെ ഒരാൾ വെള്ളത്തിൽ ചാടി മരിച്ചാൽ അയാളുടെ ആത്മാവു് രക്ഷപ്പെടുമോ? (കെ. കെ. ഏല്യ, താഴെക്കാട്ട്)

സ്വന്തമനസ്സാലെ, മരിക്കണമെന്ന ഉദ്ദേശ്യത്തോടെ, വെള്ളത്തിൽ ചാടി മരിക്കുന്നതു് ആത്മഹത്യയാണ്; ചാവുദോഷമാണ്. ചാവുദോഷത്തോടെ മരിക്കുന്ന ഒരാൾ നരകത്തിൽ പോകും. വെള്ളത്തിൽ ചാടിയതിനുശേഷം മരിക്കുന്നതിനു മുമ്പായി കുമ്പസാരിക്കണമെന്ന ആഗ്രഹമുണ്ടാകയും ചെയ്ത തെററിനെപ്പററി ഉത്തമമനസ്താപമുണ്ടാകയും ചെയ്താൽ, ആ ആത്മാവു് രക്ഷ പ്രാപിക്കും. പക്ഷെ, ആ അല്പ സമയത്തിനുള്ളിൽ ഉത്തമമനസ്താപമുണ്ടാകുക സാധാരണഗതിയിൽ സംഭവ്യമല്ല.

46. ഒരു ചാവുദോഷമെങ്കിലും ചെയ്യാത്ത വിശുദ്ധന്മാരോ വിശുദ്ധകളോ ലോകത്തിൽ ഇന്നേവരെ ഉണ്ടായിട്ടുണ്ടോ? (സി. പി. വർഗ്ഗീസ്, വല്ലക്കുന്നു്)

വിശുദ്ധരെന്നു് നാമകരണം ചെയ്യപ്പെട്ടവരിലും, നാമകരണം ചെയ്യപ്പെട്ടിട്ടില്ലാത്തവരിലും, ധാരാളം ആളുകൾ ചാവുദോഷം ചെയ്യാതെ ജീവിച്ചിട്ടുണ്ടു്. പരിശുദ്ധ കന്യകാമറിയം, വി. യൗസേപ്പ്, വി. യോഹന്നാൻ മാംദാന, വി. കൊച്ചുത്രേസ്യാ, വി. അലോഷ്യസ്, വി. സ്റ്റനിസ്ലാവൂസ്, വി. ദോമിനിക്ക് സാവ്യോ, വി. മരിയാ ഗൊരേററി എന്നിവർ ചാവുദോഷം ചെയ്യാതെ ജീവിച്ചവരിൽ ചിലർ മാത്രമാണ്. മാമോദീസായിൽ കിട്ടിയ വരപ്രസാദം നഷ്ടമാക്കാതെ, ഒരൊററ ചാവുദോഷംപോലും ചെയ്യാതെ, ജീവിക്കുന്ന അനേകം ആളുകളെ, ഓരോ ആദ്ധ്യാത്മികപിതാവിനും അറിയാം.

47. തിരിച്ചറിവു് വന്നതിനു മുമ്പു് ചാരിത്ര്യത്തിനു് ഭംഗം വന്നിട്ടുണ്ടെങ്കിൽ, പിന്നീടു് കന്യാസ്ത്രീയാകാമോ? (കെ. എഫ്. അന്നമ്മ, തൃശ്ശൂർ)

കന്യാസ്ത്രീയാകാം. തിരിച്ചറിവു് വന്നതിനു മുമ്പു ചെയ്തിട്ടുള്ളതു് പാപമല്ല.

48. 40 മണിക്കൂർ ആരാധനദിവസം, പിച്ചക്കാരെ പള്ളി അതിർത്തിയിൽനിന്നു് (100 കോൽ?) പുറത്തു നിർത്തുന്നതെന്തുകൊണ്ടാണ്? "ഈ ചെറിയ സഹോദരന്മാരിൽ ഒരുവനു ചെയ്തപ്പോളെല്ലാം എനിക്കാണു് ചെയ്തതു്" എന്നു പറഞ്ഞുകൊണ്ടല്ലേ കർത്താവു് പൊതുവിധി നടത്തുക? അങ്ങനെയെങ്കിൽ ഈ പാവപ്പെട്ടവരെ പുറത്തു നിർത്തുന്നതു് കടുത്ത അനീതിയല്ലേ? (സെബാസ്റ്റ്യൻ പാല്യേക്കര, പുലക്കാട്ടുകര)

ചോദ്യകർത്താവിൻെറ യുക്തി ശരിയാണെങ്കിൽ, പിച്ചക്കാരെ പള്ളിയുടെ പുറത്തു നിർത്താൻ പാടില്ല; പള്ളിയകത്തു് കയറി പിച്ച ചോദിക്കാൻ അനുവദിക്കണം; പോരാ, സക്രാരിയുടെ മുകളിൽ കയററിയിരുത്തണം. 40 മണിക്കൂർ ആരാധനദിവസം പള്ളിയിലെ നിശ്ശബ്ദാന്തരീക്ഷത്തിനു് തടസ്സം നേരിടാതിരിക്കാനാണു്, പിച്ചക്കാരെ പുറത്താക്കുന്നതു് എന്നു് ആർക്കും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണു്. ധ്യാനിക്കുന്ന

---

[ബാലരംഗത്തിൽ ചേരണമെന്നാഗ്രഹിക്കുന്നവർ ഈ ഫാറം കത്രിച്ചെടുത്തു് മറുവശത്തു് പേരും വിലാസവും മററും വൃത്തിയായി പൂരിപ്പിച്ചു് 15 ന പ. സ്റ്റാമ്പുസഹിതം ഒരു കവറിലിട്ടു് കൊച്ചേട്ടനയച്ചുതരിക.]

*To*

*കൊച്ചേട്ടൻ 'മേരിവിജയം'*
*അരിമ്പൂർ P. O.*
*തൃശ്ശൂർ -4.*

പ്രിയ കൊച്ചേട്ടാ,

മേരിവിജയം ബാലരംഗത്തിൽ ഞാൻ ഒരംഗമായി ചേരുവാൻ ആഗ്രഹിക്കുന്നു. പ്രവേശനഫീസായ 15 ന.പ. യുടെ സ്റ്റാമ്പു് ഇതൊന്നിച്ചയയ്ക്കുന്നു. എൻെറ പേർ റജിസ്ററിൽ ചേർക്കുവാൻ അപേക്ഷ.

മേരിവിജയത്തിൻെറ പ്രചരണത്തിനും ബാലരംഗത്തിൻെറ വികസനത്തിനും കഴിവതുപോലെ പരിശ്രമിച്ചുകൊള്ളാം.

സ്വന്തം കൊച്ചനുജ(ത്തി)ൻ
(ഒപ്പ്)

# ദൈവസേവനം അനുഷ്ഠിക്കുക!

★

**അതൊരു ലക്ഷ്യമാണ്.**

**അതിനൊരു മാര്ഗ്ഗം കൂടിയേ കഴിയൂ.**

**സുരക്ഷിതമായൊരു മാർഗ്ഗം ഞാൻ തെരഞ്ഞെടുക്കണം. വി. ബർണ്ണാർദ് പറയുന്നു: "മറിയത്തിൽ ദൃഷ്ടി പതിക്കുക; അപകടങ്ങളിലും, പ്രയാസങ്ങളിലും, സംശയങ്ങളിലും മറിയത്തെ സ്മരിക്കുക; മരിയസഹായം അഭ്യർത്ഥിക്കുക; അവൾ നിങ്ങളുടെ അധരങ്ങളിൽനിന്നും അകലരുത്; ഹൃദയത്തിൽനിന്നും മാറരുത്.................അവളുടെ സംരക്ഷണയിൽ നീ ലക്ഷ്യത്തിൽ എത്തിച്ചേരുകയും ചെയ്യും."**

**കർമ്മലീത്തർ മറിയത്തിൻെറ സ്വന്തമാണ്. അവരെ തൻെറ സഹോദരർ എന്നവൾ വിളിക്കുന്നു.**

**കേരള കർമ്മെലയുടെ ദേവമാതാ പ്രവിശ്യ.**

**അതവളുടെ നാമസംവാഹിയാണ്; അവൾക്കായി പ്രതിഷ്ഠിക്കപ്പെട്ടതാണ്. അവളുടെ സംരക്ഷണയിൽ പ്രവിശ്യാംഗങ്ങൾ പ്രാർത്ഥിക്കുന്നു, പ്രവർത്തിക്കുന്നു.**

*ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പീയൂസ് കേരള കർമ്മലീത്താസഭയുടെ ജൂബിലിയവസരത്തിൽ സഭാംഗങ്ങൾക്കു നല്കിയ സന്ദേശത്തിൽ പറയുന്നു: "ദിവ്യസുതനോടുള്ള അവളുടെ പ്രാർത്ഥനമൂലം സ്വർഗ്ഗീയവരം നിങ്ങളെ താങ്ങുമ്പോൾ, വിജയപര്യവസാനത്തിൽ എത്തിക്കുവാൻ നിങ്ങൾക്കു കഴിയാത്ത യാതൊന്നും ഇല്ലെന്ന് നിങ്ങൾ അനുഭവിച്ചറിയും."*

**പ്രവിശ്യയിൽ സേവനരംഗങ്ങൾ നിരവധി. ചണ്ഡാ, വാൽ, അഡിലാബാദ്, അംബികാപൂർ മുതലായ ഉത്തരേന്ത്യൻ മിഷനുകൾ. കേരളത്തിൽ തന്നെ സാമൂഹ്യവും സാംസ്കാരികവുമായ പ്രവർത്തനരംഗങ്ങൾ.**

*വൈദികനായോ, ബ്രദറായോ ദൈവതിരുമനസ്സ് നിറവേററുവാൻ ആഗ്രഹിക്കുന്ന യുവാക്കൾ ഉടൻ എഴുതുക: —*

**Very Rev. Fr. PROVINCIAL C. M. I.**
**DEVAMATHA PROVINCIAL HOUSE.**
**TRICHUR - 1.**

തിനും, പ്രാർത്ഥിക്കുന്നതിനും, ആരാധിക്കുന്നതിനും നിശ്ശബ്ദമായ അന്തരീക്ഷം ആവശ്യമുണ്ട്. ദേവാലയത്തിൽ ബഹളമുണ്ടാക്കിയിരുന്നവരെ കർത്താവ് ചാട്ട കൊണ്ട് അടിച്ചു പുറത്താക്കിയതു് സ്മരിക്കുക.

49. "കുമ്പസാരക്കാരൻെറ അനുമതി കൂടാതെ ചിലർ മിഷനിലേയ്ക്കു പോകുന്നു" എന്ന് ബ. അച്ചൻ മാർച്ചുലക്കത്തിൽ എഴുതിയതു് കുമ്പസാരരഹസ്യം അറിയാവുന്നതുകൊണ്ടല്ലേ?

(ആൻറണി സി. പള്ളിക്കുന്നത്തു്)

**അല്ല;** മിഷനിലേയ്ക്കു പോയി തിരിച്ചുവന്ന ചിലർ കുമ്പസാരക്കാരൻെറ അനുവാദം കൂടാതെ പോയതു് വിവേകശൂന്യമായി എന്ന് കുമ്പസാരത്തിനു പുറമെ പറഞ്ഞു കേട്ടിട്ടുള്ളതുകൊണ്ടാണ്.

## ഉപകാരസ്മരണ

*വി. കൊച്ചുത്രേസ്യയുടേയും വി. മാർട്ടിൻ ഡി. പോറസ്സിൻേറയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.*

— മിസ്സിസ് പി. ഡി. ആൻറണി.

## ബാലരംഗം

★

ചില പ്രത്യേക അസൗകര്യങ്ങളാൽ "ബാലരംഗം" അടുത്ത ലക്കത്തിലേയ്ക്കു മാററിവച്ചിരിക്കുന്നു.

— കൊച്ചേട്ടൻ

## ചില പ്രശ്നങ്ങൾ

*(100-ാംപേജിൽ നിന്നു തുടർച്ച)*

ശയിച്ചുപോകുവാൻ വഴിയുണ്ടു്. ഇക്കാര്യവും എറണാകുളം സമ്മേളനം ചർച്ചചെയ്യുമല്ലൊ.

### സ്ഥിതിവിവരക്കണക്കുകൾ

കേരളത്തിൽ എത്ര സഖ്യങ്ങൾ ഉണ്ടു്? ആകെ എത്ര അംഗങ്ങളുണ്ടു്? അവയിൽ പ്രീമ പ്രിമാരിയയോടു സംഘടിക്കപ്പെട്ടിട്ടുള്ളവ ഏവ? രൂപതാ ഫെഡറേഷനോടും, നാഷണൽ ഫെഡറേഷനോടും സംഘടിക്കപ്പെട്ടിരിക്കുന്നവ ഏവ? കേരളത്തിൽ എവിടെയെല്ലാം രൂപതാഫെഡറേഷൻ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടു്? എന്നിങ്ങനെയുള്ള വിവിധ വിവരങ്ങൾ ശേഖരിച്ചു പ്രസിദ്ധീകരിക്കുവാനും പ്രൊമോട്ടർമാരുടെ സമ്മേളനം പരിശ്രമിക്കുമല്ലൊ. ആ വിവരങ്ങൾ ശേഖരിച്ചു് "മേരിവിജയ"ത്തിനു് അയച്ചുകൊടുത്താൽ തീർച്ചയായും അവർ അതു പ്രസിദ്ധീകരിക്കാതിരിക്കയില്ല.

അങ്ങനെ, എറണാകുളത്തെ ചർച്ചകളും, പ്രകടനങ്ങളും, സമ്മേളനങ്ങളും വഴിയായി കേരളത്തിലെ മരിയാസഖ്യങ്ങൾക്കു് ഉയിരും ഉന്മേഷവും ഉത്തേജനവും ലഭിക്കുവാൻ ഇടവരട്ടെ.

•

## സൊഡാലിററി ഇന്നത്തെ ലോകത്തിൽ

*(111_ാം പേജിൽനിന്നു തുടച്ച)*

നമ്മുടെ ആളുകൾ വായനയിൽ കൂടുതൽക്കൂടുതൽ താല്പര്യംകാണിക്കുന്ന ഇക്കാലത്തു് അവർക്കു ഉചിതമായ, പ്രയോജനപ്രദമായ പുസ്തകങ്ങൾ നല്കാൻ നമുക്കു സാധിക്കാതെവന്നാൽ, കമ്മ്യൂണിസ്റ്റ്കാരുടെ പ്രചരണഗ്രന്ഥങ്ങളും, വായനക്കാരുടെ അധമവികാരങ്ങളെ ചൂഷണംചെയ്തു പണമുണ്ടാക്കുന്ന ക്ഷുദ്രകൃതികളും മാത്രമായിരിക്കും നമ്മുടെ വായനശാലകളിൽ കയറിപ്പററുക.

വിശ്വാസദീപ്തി വ്യാപിപ്പിക്കുവാൻ മാതൃകാപരമായ ജീവിതംപോലെ മറെറാന്നുംതന്നെയില്ല. ഗാന്ധിജി ക്രിസ്തുവിൻെറ ആദർശങ്ങളെ എത്രയോ പുകഴ്ത്തി പറഞ്ഞിരിക്കുന്നു. എന്നാൽ ഗാന്ധിജി ഒരു ക്രിസ്ത്യാനിയാകാൻ സന്നദ്ധനായില്ല. എന്തുകൊണ്ടു്? ബഹുഭൂരിപക്ഷം ക്രിസ്ത്യാനികളുടെ ജീവിതം അവരുടെ തത്വബോധനങ്ങൾക്കനുസരിച്ചു് അനുകരണീയമായി അദ്ദേഹത്തിനു തോന്നിയില്ല എന്നതാണു് ഒരു കാരണം.

ഇവിടെ നാം വിവരിച്ച പ്രവത്തനങ്ങളെല്ലാം ഏറെറടുക്കുന്നതിനു് എല്ലാ സൊഡാലിററികൾക്കും സാധിച്ചില്ലെന്നു വന്നേക്കാം. എന്നാൽ ഓരോരുത്തരും അവരവരുടെ ജീവിതാന്തസ്സിനനുസരിച്ചു് പാടുള്ളതു ചെയ്താൽ സൊഡാലിററിയുടെ പ്രവത്തകർ ക്രിസ്തീയജീവിതത്തിൻെറ ഉത്തമമാതൃകകളും കന്യകാമറിയത്തിൻെറ വത്സലമക്കളും ആയിത്തീരാതിരിക്കുകയില്ല.


## വില്പനയ്ക്കുള്ള

## സൊഡാലിററി പ്രസിദ്ധീകരണങ്ങൾ

★

| | |
|---|---|
| സൊഡാലിററിയുടെ ഏബിസി | 0–35 |
| The Director | 0–70 |
| സൊഡാലിററി മാനുവൽ | 0–35 |
| A Sodality Plan | 0–30 |
| മരിയാസഖ്യചരിത്രം | 0–30 |
| മരിയാസഖ്യപ്രവേശനത്തിനു മുമ്പു് | 0–10 |
| സഖ്യാംഗധ്യാനസഖി | 0–06 |
| അമലോത്ഭവമാതാവിൻെറ ഒപ്പീസു് | 0–05 |
| മരിയാസഖ്യങ്ങളുടെ ആദർശങ്ങളും മാതൃകകളും | 0–12 |
| ജൂനിയർ സൊഡാലിററി ഗൈഡു് | 0–35 |
| സൊഡാലിററി ഒപ്പീസിൻെറ ഒരു വിശദീകരണം | 0–45 |
| Notes on Sodality Training | 1–00 |

10ക. യിൽ മീതെയുള്ള ഓർഡറുകൾക്കു് 15% കമ്മീഷൻ. തപാൽച്ചെലവു് പുറമെ കടമിടപാടില്ല.

*ആവശ്യപ്പെടുക:—*

*The Manager,*

**UNION PRESS**

**Mariapuram, Trichur-5.**





*"For Favours received"*

A. I. Thresima




# മഞ്ഞിലാസിന്റെ ആട്മാക്ക്

## ശീലക്കുടകൾ

ഉപയോഗിക്കുക.

ആട്ടമാക്ക് കുടകൾ എല്ലാ കച്ചവട
ക്കാരിൽനിന്നും ലഭിക്കുന്നു.

*മിതമായ വിലയ്ക്കു മികച്ച സേവനം*

**മഞ്ഞിലാസ് അമ്പ്രല്ലാ മാർട്ട്**
**പോസ്റ്റഓഫീസ് റോഡ് തൃശ്ശൂർ-1**

---

## ഏതു കാലാവസ്ഥയ്ക്കും യോജിച്ച തുണിത്തരങ്ങൾക്ക്

Estd: 1934 സന്ദർശിക്കുക: PHONE: 841

# ★ കുററിച്ചാക്കു ★

## ലോന അന്തോണി സൺസ്

തുണിച്ചരക്കു കച്ചവടം, ബസ്സ്റ്റാൻറിനു സമീപം, തൃശ്ശൂർ.

---

## സ്റ്റെയിൻലസ്സ് സ്റ്റീൽ ചോററുപാത്രങ്ങൾക്ക്

PHONE: 789

# ★ *Wares* ★

റൗണ്ടു് സൗത്തു്, :: തൃശ്ശൂർ.



*PERMISSU SUPERIORUM*

Edited & Published by Fr. J. Chemmanoor B. A., Printed at the
Union Press, Mariapuram, Trichur - 5.



FASHIONABLE DRESSES

for

ALL FESTIVE OCCASIONS!

VISIT ↓

FASHION FABRICS

TRICHUR.

സ്ഥാപിതം: 1950 ഫോൺ: 603 തൃശ്ശൂർ

# മേരിവിജയം

## അഖിലകേരള സൊഡാലിററി മാസിക

കഴമ്പുള്ള ലേഖനങ്ങൾ, കൊഴുപ്പുള്ള ചെറുകഥകൾ, നോവൽ, ചോദ്യോത്തരപംക്തി, ഭക്തഗാനങ്ങൾ, സൊഡാലിററി വാർത്തകൾ — വായിച്ചു രസിക്കാനും, ചിന്തിച്ചു പ്രവർത്തിക്കുവാനും വക നല്കുന്നതൊക്കെ ഇതിലുണ്ട്. മേരിവിജയം — ചെറുപ്പക്കാരുടെ പ്രിയപ്പെട്ട മാസിക!

**പത്രാധിപർ: റവ. ഫാദർ ജെ. ചെമ്മണ്ണൂർ ബി. ഏ.**

**വരിസംഖ്യ**

ആണ്ടിൽ രണ്ടു രൂപാ മുൻകൂർ. ഏജൻസി കമ്മീഷൻ നിരക്ക്: 5 മുതൽ 24 കൂടി കോപ്പികൾക്കു് 20%;—25 മുതൽ 49 കൂടി....25%;—50-നു മേൽ....30%.

**പരസ്യനിരക്ക്**

| | | |
|---|---|---|
| കവർപേജ് | .. .. | 75-00 |
| ഇന്നർ കവർ | .. .. | 60-00 |
| മുഴുവൻ പേജ് | .. .. | 50-00 |
| അര പേജ് | .. .. | 30-00 |
| കാൽ പേജ് | .. .. | 15-00 |

ദീർഘകാലപരസ്യങ്ങൾക്കും ഉപകാരസ്മരണകൾക്കും പ്രത്യേകം കുറഞ്ഞ നിരക്കുകൾ.

ഏജൻസി അപേക്ഷകളും മററു ബിസിനസ്സ് കത്തിടപാടുകളും അയയ്ക്കേണ്ട വിലാസം:

**മാനേജർ മേരിവിജയം,**
**മരിയാപുരം, തൃശ്ശൂർ-5.**